# നേർവീഥി

നിത്യതയ്ക്കൊരു വഴികാട്ടി

Volume - 11 Issue - 05 May 2022





പേജ് 11

വില 20 രൂപ

# പ്രോത്സാഹനത്തിന്റെ വില

**പ്രോ**ത്സാഹനം നമ്മെ ഉണർത്തുന്നതും സാഹചര്യ സമ്മർദ്ദത്തിന്റെ കുരുക്കുകൾ അഴിച്ച് പരിമിതികളെ മറികടക്കാനുള്ള സാധ്യതകളെ കാണുവാൻ നമ്മുടെ കണ്ണുകളെ പ്രകാശിപ്പിക്കുന്നതും ആണ്. നിരുത്സാഹപ്പെടുത്തുന്ന അനുഭവങ്ങൾ എല്ലാവർക്കും അഭിമുഖീകരിക്കേണ്ടി വരുമെന്നതിനാൽ, തൽസമയം ലഭിക്കുന്ന പ്രോത്സാഹനം എല്ലാവർക്കും വിലയേറിയതാണ്. മനസ്സ് തളർന്നു തകർന്നു പോകാമായിരുന്ന സാഹചര്യങ്ങളെ മറികടക്കുവാൻ തൽസമയത്ത് ചിലരിൽ നിന്നും ലഭിച്ച പ്രോത്സാഹനം എത്രമാത്രം പ്രയോജനപ്പെട്ടു എന്ന് നമ്മിൽ പലർക്കും ഓർക്കുവാൻ കഴിയുന്നില്ലേ?

മറ്റുള്ളവർക്ക് പ്രോത്സാഹനം നൽകുവാൻ നമുക്ക് ആവശ്യമുള്ളത് നല്ല ഒരു മനസ്സാണ്. മറ്റുള്ളവരുടെ വളർച്ചയിലും ക്ഷേമത്തിലും സന്തോഷിക്കുന്ന ഒരു മനസ്സ്! അതുള്ളവർ എല്ലാവർക്കും ഒരു അനുഗ്രഹമായിരിക്കും. തളർന്നിരിക്കുന്നവരെ വാക്കുകൊണ്ട് താങ്ങുവാൻ അറിയേണ്ടതിന് യഹോവയായ കർത്താവ് എനിക്ക് ശിഷ്യന്മാരുടെ നാവ് തന്നിരിക്കുന്നു (യെശയ്യാവ് 50:4) എന്ന തിരുവചനം നമ്മുടെ അനുഭവം ആയിരിക്കട്ടെ.

ഭൗതികജീവിതത്തിലും ആത്മീയജീവിതത്തിലും നമുക്ക് പ്രോത്സാഹനം കൂടിയേ തീരു എന്നതിനാൽ നമ്മുടെ ശ്രദ്ധ മനുഷ്യരിൽ മാത്രം കേന്ദ്രീകരിക്കരുത്. ചില സാഹചര്യങ്ങളിൽ നമ്മെ മനസ്സിലാക്കുവാനോ പ്രോത്സാഹിപ്പിക്കുവാനോ ആരുമില്ലാത്ത സ്ഥിതി ഉണ്ടാകാം. അതുകൊണ്ട് പ്രോത്സാഹനത്തിനായി നാം ദൈവത്തിങ്കലേക്ക് തന്നെയാണ് നോക്കേണ്ടത്. നിരാശനായ ഏലീയാവിനെ പ്രോത്സാഹിപ്പിക്കുന്ന ദൈവത്തിന്റെ ഇടപെടലാണ് ഈ ലക്കത്തിലെ സന്ദേശത്തിന്റെ ഉള്ളടക്കം. തന്റെ ഭക്തന്മാർ നിരാശരാകുമ്പോൾ അവരുടെ ജീവിത സാഹചര്യത്തിൽ വളരെ വാത്സല്യത്തോടെ ഇടപെടുന്ന ദൈവത്തെയാണ് വിശുദ്ധ ബൈബിളിൽ നാം കാണുന്നത്. ഇത് നമുക്ക് ഏറ്റവും ആശ്വാസകരവും സന്തോഷം നൽകുന്നതുമായ വാർത്തയാണ്.

നാമോരോരുത്തരും ഏറ്റവും സ്നേഹത്തോടെ അളവില്ലാതെ അന്യോന്യം ആദരിക്കുക. ആത്മവിശ്വാസം നഷ്ടപ്പെട്ടവരെ പ്രോത്സാഹിപ്പിക്കുക, ബലഹീനരെ സഹായിക്കുക, മറ്റുള്ളവർക്കു എപ്പോഴും നന്മ മാത്രം ചെയ്യുക. ഇങ്ങനെ നാം ചെയ്യുന്ന പക്ഷം നമ്മെയോ നമ്മോടൊപ്പമുള്ള ആരെയെങ്കിലുമോ നിരാശ ബാധിക്കുകയില്ല. ഫ്ളോറൻസ് നൈറ്റിംഗെയിൽ കടുത്ത നിരാശയിൽ മുപ്പതാം വയസ്സിൽ മരണം കൊതിച്ച വ്യക്തിയാണ്. മനുഷ്യന്റെ കഷ്ടത പരിഹരിക്കുന്നതിന് വേണ്ടി അത്യധ്വാനം ചെയ്ത്, ആതുര ശുശ്രൂഷയുടെ ജനയിതാവ് എന്ന വ്യക്തിമുദ്ര ലോകചരിത്രത്തിൽ പതിപ്പിച്ചിട്ടു തികഞ്ഞ സംതൃപ്തിയോടെയാണ് തൊണ്ണൂറാം വയസിൽ മരിച്ചത്. മറ്റുള്ളവരുടെ കഷ്ടത പരിഹരിക്കുവാൻ ഉത്സാഹിച്ചപ്പോൾ തന്റെയും മറ്റുള്ളവരുടെയും വേദനകൾ ദൂരീകരിക്കുവാൻ കഴിഞ്ഞു എന്ന ചാരിതാർഥ്യം ആ മഹതി നേടിയെടുത്തു. കഷ്ടങ്ങളിൽ നിരാശപ്പെടാതെ അസാധ്യമൊന്നുമില്ലാത്ത ദൈവത്തിങ്കലേക്കു നോക്കുകയും മറ്റുള്ളവരെ അതിനായി ഉത്സാഹിപ്പിക്കുകയും ചെയ്യുക എന്നതായിരിക്കട്ടെ നമ്മുടെ പരിമിതികളെയും മറികടക്കാനുള്ള മാർഗം. അതിനായി ദൈവം നമ്മെ സഹായിക്കട്ടെ.

എല്ലാ വായനക്കാരുടെയും പ്രാർത്ഥനയും സഹകരണവും അപേക്ഷിച്ചു കൊണ്ട് മെയ് ലക്കം മാസിക സമർപ്പിച്ചു കൊള്ളുന്നു.

പുസ്തകം 11 ലക്കം 5
മെയ് 2022

# ഈ ലക്കത്തിൽ

**നിരാശയുടെ ചുഴിയിൽ കൈവിടാത്ത ദൈവം** 4
ജോയ് എം. തോമസ്

**യേശുവിന്റെ മരണത്തിലും ജീവനിലും...** 7
സാജു മാത്യു

**ഭക്തിയും ആദരവും... ആരാധനയിൽ** 10
ഡോക്ടർ: സി റ്റി ലൂയിസ് കുട്ടി

**പിഴുതെറിയേണ്ട ചില പാപസ്വഭാവങ്ങൾ** 12
ജോർജ് മാത്യു, പുതുപ്പള്ളി

**ആത്മിക അധികാരം** 14
ഡോ. സിനി ജോയ്സ് മാത്യു

**കൗൺസലിംഗ് വീഥി** 16
ഡോ. സജികുമാർ കെ. പി.

**മൂന്ന് വ്യത്യസ്ത തുടക്കങ്ങൾ** 18
വാച്ച്മാൻ നീ

**ദൈവത്തിന്റെ പക്കൽ അനീതി ഉണ്ടോ?** 20
ചെയ്സ് ജോസഫ്

**വനിതാ വീഥി** 22
ജെസ്സി സാജു

**കേരളത്തിലെത്തിക്കുന്ന വഴിത്തിരിവ്** 24
ബെഞ്ചമിൻ വർഗീസ്

**വേദ അധ്യയനം** 26
ജോയ് എം. തോമസ്

**വാർത്താ വീഥി** 30

**ക്രിസ്തുവിന്റെ ഉയർത്തെഴുന്നേല്പിന്റെ ...** 31
എംസി

മാനേജിങ് എഡിറ്റർ
**ജോയ് എം. തോമസ്**
എഡിറ്റർ
**പി.വി വർഗീസ്**
സബ് എഡിറ്റർ
**അനി ചാക്കോ**
കൺസൾട്ടന്റ് എഡിറ്റർ
**എം.സി. കുര്യൻ**
പ്രിന്റർ & പബ്ലീഷർ
**എം.റ്റി. ജയിംസ്**
മാനേജർ
**ഷാജി ഉമ്മൻ**
അഡ്വൈസറി ബോർഡ്
**സുവി. പി.ഐ. എബ്രഹാം**
**പാസ്റ്റർ ബാബു ചെറിയാൻ**
**പാസ്റ്റർ കെ.ജെ. മാത്യു**
**ഡോ. മാത്യു ഫിന്നി**
**ഡോ. സി.റ്റി. ലൂയിസ്കുട്ടി**
ഗ്രാഫിക്സ്
**ഷൈൻ കെ. സാമുവൽ**

Address :

**Righteous Path Publication Trust**
Mackal Building,Oravakal,
Amayannoor P.O, Kottayam,
Kerala - 686019.

**Office : 9495 435 336**
**Editor : 9495 213 269**
E-mail: editornerveedhi@gmail.com

**www.nerveedhi.com**

Printed by M.T James and Published by M.T James on behalf of The Righteous Path Publication Trust and printed at Penta Offset Press, Kottayam, Kerala - 686002 and published at Mackal Building, Amayannoor P.O, Kottayam,Kerala -686019. Editor P.V Varghese.

Annual Subscription Rs200.00



ജോയ് എം. തോമസ്

# നിരാശയുടെ ചുഴിയിൽ കൈവിടാത്ത ദൈവം

ആശയും നിരാശയും ജീവിതത്തിന്റെ ഭാഗങ്ങളാണ്. ആശാഭംഗത്തിലാണ് നിരാശയുടെ ആരംഭം. ജീവിതത്തിൽ മുന്നോട്ട് കുതിക്കുവാനുള്ള പ്രേരണാശക്തി ആണ് ആശ എങ്കിൽ, പിന്നോട്ട് തള്ളുന്ന എതിർശക്തിയാണ് നിരാശ എന്നത്. നാം പ്രതീക്ഷിക്കുന്നതുപോലെ കാര്യങ്ങൾ നടക്കാതെ വരുമ്പോൾ നിരാശ ഉത്ഭവിക്കുവാൻ ഉള്ളിൽ ഇടം ഉണ്ടാകുന്നു. നിരാശയെ താലോലിക്കാതെ അതിന്മേൽ പൊരുതി ജയം എടുക്കുകയാണ് വാസ്തവത്തിൽ നാം ചെയ്യേണ്ടത്.

ഇന്നത്തെ സന്ദേശത്തിന് ആധാരമായ വേദഭാഗത്തേക്ക് നിങ്ങളുടെ ശ്രദ്ധയെ ക്ഷണിക്കുന്നു. 'ഏലീയാവ് ചെയ്തതൊക്കെയും അവൻ സകല പ്രവാചകന്മാരെയും വാൾകൊണ്ടു കൊന്ന വിവരമൊക്കെയും ആഹാബ് ഈസെബെലിനോടു പറഞ്ഞു. ഈസെബെൽ ഏലീയാവിന്റെ അടുക്കൽ ഒരു ദൂതനെ അയച്ചു: നാളെ ഈ നേരത്തു ഞാൻ നിന്റെ ജീവനെ അവരിൽ ഒരുത്തന്റെ ജീവനെപ്പോലെ ആക്കുന്നില്ല എങ്കിൽ ദേവന്മാർ എന്നോടു തക്കവണ്ണവും അധികവും ചെയ്യുമാറാകട്ടെ എന്നു പറയിച്ചു. അവൻ ഭയപ്പെട്ട് എഴുന്നേറ്റു ജീവരക്ഷയ്ക്കായി പുറപ്പെട്ടു യെഹൂദായ്ക്കുൾപ്പെട്ട ബേർശേബയിൽ ചെന്ന് അവിടെ തന്റെ ബാല്യക്കാരനെ താമസിപ്പിച്ചു. താനോ മരുഭൂമിയിൽ ഒരു ദിവസത്തെ വഴി ചെന്ന് ഒരു ചൂരച്ചെടിയുടെ തണലിൽ ഇരുന്നു മരിപ്പാൻ ഇച്ഛിച്ചു; ഇപ്പോൾ മതി, യഹോവേ, എന്റെ പ്രാണനെ എടുത്തുകൊള്ളേണമേ; ഞാൻ എന്റെ പിതാക്കന്മാരെക്കാൾ നല്ലവനല്ലല്ലോ എന്നു പറഞ്ഞു. അങ്ങനെ അവൻ ചൂരച്ചെടിയുടെ തണലിൽ കിടന്നുറങ്ങുമ്പോൾ പെട്ടെന്ന് ഒരു ദൂതൻ അവനെ തട്ടി അവനോട്: എഴുന്നേറ്റു തിന്നുക എന്നു പറഞ്ഞു. അവൻ ഉണർന്നു നോക്കിയപ്പോൾ കനലിന്മേൽ ചുട്ട ഒരു അടയും ഒരു തുരുത്തി വെള്ളവും തലയ്ക്കൽ ഇരിക്കുന്നതു കണ്ടു; അവൻ തിന്നു കുടിച്ചു പിന്നെയും കിടന്നുറങ്ങി. യഹോവയുടെ ദൂതൻ രണ്ടാം പ്രാവശ്യം വന്ന് അവനെ തട്ടി: എഴുന്നേറ്റു തിന്നുക; നിനക്കു ദൂരയാത്ര ചെയ്വാനുണ്ടല്ലോ എന്നു പറഞ്ഞു. അവൻ എഴുന്നേറ്റ് തിന്നു കുടിച്ചു; ആ ആഹാരത്തിന്റെ ബലംകൊണ്ട് നാല്പതു പകലും നാല്പതു രാവും ദൈവത്തിന്റെ പർവതമായ ഹോറേബോളം നടന്നു'(1 രാജാക്കന്മാർ 19: 1 - 8 ).

ധീരനും വിശ്വാസവീരനും പ്രാർത്ഥനായോദ്ധാവുമായ ശക്തനായ ഒരു

**നമ്മെപ്പോലെ ക്ഷീണിക്കുന്ന, നിരാശപ്പെടുന്ന, ഭയപ്പെടുന്ന ഒരു പച്ച മനുഷ്യൻ തന്നെയായിരുന്നു ഏലിയാവ്. എന്നാൽ ദൈവത്തെ തന്റെ പൂർണ ആശ്രയം ആക്കുവാൻ ഏലിയാവ് തീരുമാനിച്ചു. ദൈവം തന്നോട് അറിയിച്ച അരുളപ്പാടുകൾ ആരോടും അറിയിക്കുന്നതിന് ഏലിയാവ് ധീരനായിരുന്നു.**

പ്രവാചകനായാണ് നാം ഏലിയാവിനെ അറിയുന്നത്. എന്നാൽ മേലുദ്ധരിച്ച വേദഭാഗത്ത് അദ്ദേഹം കടന്നുപോയ വ്യത്യസ്തമായ ഒരു അനുഭവമാണ് പ്രതിപാദിച്ചിരിക്കുന്നത്. ഭീരുവും നിരാശനും ആയി താൻ അടിപതറിപ്പോയോ എന്ന് നമുക്കിവിടെ തോന്നിപ്പോകും. ഏലിയാവിനു വാസ്തവത്തിൽ എന്താണ് സംഭവിച്ചത്? രാജാവായ ആഹാബിന്റെ മുഖത്തുനോക്കി ഇസ്രയേലിനെ കഷ്ടപ്പെടുത്തുന്നത് ഞാനല്ല നീയും നിന്റെ പിതൃഭവനവും അത്രേ എന്ന് ധീരതയോടെ പ്രതിവചിച്ച ശക്തനായ പ്രവാചകൻ, രാജ്ഞിയായ ഈസെബെലിനെ ഭയപ്പെടുന്നുവോ? (1 രാജാക്കന്മാർ 18: 18). ജീവിതത്തിലെ ആശ നഷ്ടപ്പെട്ടവൻ ആയി അദ്ദേഹമിപ്പോൾ മരണം കൊതിച്ചു കൊണ്ട് നിരാശാചുഴിയിൽ താഴുകയാണോ?

ഏലിയാവ് നമുക്ക് സമസ്വഭാവമുള്ള മനുഷ്യനായിരുന്നു (യാക്കോബ് 5 :17) എന്ന് യാക്കോബ് പറയുന്നതിന്റെ പ്രസക്തി ഈ സംഭവത്തിൽ നിന്നും നമുക്ക് നന്നായി മനസ്സിലാകും. ഏലിയാവിന്റെ ജീവിതം, മറവുകൾ അഥവാ കപടം ഇല്ലാത്ത സത്യസന്ധമായ ജീവിതമായിരുന്നു. ദൈവഹിതം നിവർത്തിക്കുവാൻ പൂർണ്ണമായും സമർപ്പിച്ച ജീവിതമായിരുന്നു അത്. എന്നാൽ തന്റെ ജീവിതം ഒരു പരാജയമായിത്തീർന്നുവോ എന്ന് ചിന്തിച്ച സന്ദർഭത്തെ ഏലിയാവ് അഭിമുഖീകരിക്കുന്നത് ആയിരുന്നു മുകളിൽ വിവരിച്ച വേദഭാഗത്തെ സംഭവം. ഏലിയാവിൽ നാം കാണുന്ന ധീരത തന്റെ സ്വയത്തിൽ നിന്ന് ഉള്ളത് ആയിരുന്നില്ല. പ്രത്യുത തന്നോടു കൂടെ ഉണ്ടായിരുന്ന ദൈവസാന്നിധ്യത്തിന്റെ പ്രതിഫലനമായിരുന്നു. നമ്മെപ്പോലെ ക്ഷീണിക്കുന്ന, നിരാശപ്പെടുന്ന, ഭയപ്പെടുന്ന ഒരു പച്ച മനുഷ്യൻ തന്നെ ആയിരുന്നു ഏലിയാവ്. എന്നാൽ ദൈവത്തെ തന്റെ പൂർണ ആശ്രയം ആക്കുവാൻ ഏലിയാവ് തീരുമാനിച്ചു. ദൈവം തന്നോട് അറിയിച്ച അരുളപ്പാടുകൾ ആരോടും അറിയിക്കുന്നതിന് ഏലിയാവ് ധീരനായിരുന്നു. കാരണം താൻ അറിയിക്കുന്നത് ദൈവത്തിന്റെ അരുളപ്പാട് ആണെന്ന ഉത്തമബോധ്യം തനിക്കുണ്ടായിരുന്നു. കർമേൽ പർവ്വതത്തിൽ ഏലിയാവ് കാണിച്ച ധീരമായ പ്രവർത്തിയും ദൈവത്തിന്റെ കല്പന പ്രകാരമാണ് താൻ പ്രവർത്തിക്കുന്നതെന്നുള്ള ഉറപ്പും, തന്നോട് കൂടിയുള്ള ദൈവസാന്നിധ്യം അതിന്റെ ഉറപ്പും ആയിരുന്നു.

ഇസ്രായേൽജനത്തിന്റെ പിന്മാറ്റത്തിൽ മനംനൊന്ത് പ്രാർത്ഥിച്ച ഏലിയാവ് മഴ പെയ്യാതെവണ്ണം ആകാശം അടയ്ക്കുന്നതിന് ദൈവത്തോട് അപേക്ഷിച്ചു. ദൈവം ഏലീയാവിന്റെ പ്രാർത്ഥന കേട്ട് മൂന്നരവർഷം ദേശത്ത് മഴ പെയ്യിച്ചില്ല. വരൾച്ചമൂലമുണ്ടായ ക്ഷാമത്താൽ കഷ്ടത്തിലായ ജനങ്ങളെയും രാജാവിനെയും ദൈവത്തിന്റെ കല്പനയാൽ ഏലിയാവ് കർമേൽ പർവ്വതത്തിൽ കൂട്ടി വരുത്തി. ബാലിന്റെയും അശേരപ്രവാചകന്മാരെയും കാർമ്മേലിൽ കൂട്ടി വരുത്തി. തീ കൊണ്ട് ഉത്തരം അരുളുന്ന ദൈവം ജീവനുള്ള ദൈവം എന്ന് ഏലിയാവ് നിർദേശിച്ചപ്പോൾ രാജാവ് ഉൾപ്പെടെ സർവ്വ ജനവും അതിനു സമ്മതിച്ചു. അങ്ങനെ ഏലിയാവ് ബാലിന്റെ പ്രവാചകന്മാർക്ക് ആദ്യം അവസരം കൊടുക്കുകയും അവരുടെ യാഗത്തിന്മേൽ സ്വർഗ്ഗത്തിൽ നിന്നും തീ ഇറക്കുവാൻ ബാലിന് അവസരം കൊടുക്കുകയും ചെയ്തു. പക്ഷേ ബാലിന് ഉത്തരം അരുളുവാൻ കഴിഞ്ഞില്ല, ആ പ്രവാചകന്മാർ ലജ്ജിതർ ആയി തീർന്നു.

ഏലിയാവ് യാഗം അർപ്പിച്ച് പ്രാർത്ഥിക്കുമ്പോൾ സ്വർഗ്ഗത്തിൽനിന്നും തീ ഇറങ്ങി അതിനെ ദഹിപ്പിച്ചു. യഹോവ തന്നെ ജീവനുള്ള ദൈവം എന്നു രാജാവിനും സകല ജനത്തിനും ബോധ്യം വന്നു. അതിനാൽ ഏലിയാവിന്റെ കല്പനപ്രകാരം ബാലിന്റെ പ്രവാചകന്മാരെ ജനം പിടികൂടി കൊന്നുകളഞ്ഞു. തുടർന്ന് ഏലിയാവ് മഴ പെയ്യേണ്ടതിന് ദൈവത്തോട് പ്രാർത്ഥിക്കുകയും, ദൈവം പ്രാർത്ഥന കേട്ട് വലിയ മഴ പെയ്യിക്കുകയും ചെയ്തു. ഇതെല്ലാം സ്വന്തം കണ്ണുകൾ കൊണ്ട് നോക്കി കണ്ട് ബോധ്യം വന്നിട്ടും ആഹാബിന്, തന്നെ വഴിതെറ്റിക്കുന്ന ഈസബേലിന്റെ ഉപദേശത്തിൽ നിന്നും സ്വാതന്ത്ര്യം പ്രാപിച്ച് ഏകസത്യദൈവമായ യഹോവയെ മാത്രം സേവിക്കുന്നതിന് സമർപ്പിക്കുവാൻ കഴിഞ്ഞില്ല എന്നതാണ് ഏലിയാവിന്റെ നിരാശയ്ക്ക് കാരണം. തന്റെ പ്രാർത്ഥനയ്ക്കും ദൈവ

കല്പനപ്രകാരം ധീരതയോടെ താൻ ചെയ്ത പ്രവൃത്തികൾക്കും യാതൊരു ഫലവുമുണ്ടായില്ല എന്ന ചിന്തയാണ് ഏലീയാവിന്റെ പ്രാർത്ഥനാവാക്കുകളിൽ നിന്നും നമുക്ക് വായിക്കാൻ കഴിയുന്നത്. ഞാൻ എന്റെ പിതാക്കന്മാരെക്കാൾ നല്ലവനല്ലല്ലോ എന്ന വാചകം ശ്രദ്ധിക്കുക. രാജാവിന് ഒരു മാനസാന്തരം ഉണ്ടായാൽ മാത്രമേ ജനങ്ങൾക്കുണ്ടായ മാനസാന്തരത്തിൽ അവർക്ക് നിലനിൽക്കുവാൻ കഴിയുകയുള്ളൂ. അന്യജാതിക്കാരിയായ ഈസബെലിനെ നിയന്ത്രിക്കേണ്ടത് രാജാവാണ്. അന്യ ആരാധനകൾ നിർത്തലാക്കേണ്ടതും യഹോവയായ ദൈവത്തെ മാത്രം ആരാധിക്കാൻ ജനത്തെ ഉത്ബോധിപ്പിക്കേണ്ടതും രാജാവായ ആഹാബ് ആണ്. എന്നാൽ ആഹാബ് ഈസബെലിന്റെ ഇഷ്ടങ്ങൾക്ക് വഴങ്ങി കൊടുക്കുകയാണ്. ഏലിയാവ് നിരാശനായത് സ്വാഭാവികമല്ലേ?

ഇന്ന് ആത്മീയർ നിരാശപ്പെടുന്ന അവസ്ഥ അല്ലേ ആത്മീയ ഗോളത്തിൽ നിലനിൽക്കുന്നത്. ഒരു യഥാർത്ഥ ഉണർവിനായി ആഗ്രഹിക്കുകയും പ്രാർത്ഥിക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്നവരെ നിരാശപ്പെടുത്തുന്ന നിലയിൽ എല്ലാ സഭ വിഭാഗങ്ങളുടെയും നേതൃത്വം അനാത്മികരായിത്തീർന്നു കൊണ്ടിരിക്കുന്നു. മാതൃക ഉള്ള ജീവിതത്തിലൂടെ ദൈവജനങ്ങളെ കർത്താവിന്റെ മടങ്ങിവരവിനെ ലക്ഷ്യമാക്കി നയിക്കുവാനും, ഒരുക്കുവാനും ആത്മീക നേതൃത്വത്തിന് കഴിയാതെ വന്നാൽ എത്ര കഷ്ടം എന്ന് ചിന്തിക്കുക.

ദൈവം ഏലിയാവിനെ നിരാശയുടെ ചുഴിയിൽ താണു പോകുവാൻ അനുവദിച്ചില്ല എന്നത് നമ്മെ ഏറെ സന്തോഷിപ്പിക്കുന്ന വസ്തുതയാണ്. ചൂരച്ചെടിയുടെ തണലിൽ കിടന്ന് മരിക്കുവാൻ ആഗ്രഹിക്കുന്ന ഏലിയാവിനെ ആ പരാജയ ചിന്തയോടെ മരിക്കുവാൻ ദൈവം അനുവദിച്ചില്ല. ആഹാബിനോടും ഈസബെലിനോടും ദീർഘക്ഷമയോടെ ദൈവം ഇടപെട്ടിട്ടും, മാനസാന്തരപ്പെടാതെ ഹൃദയം കഠിനമാക്കിയതിനാൽ അവരെ ശിക്ഷാവിധിക്ക് ദൈവം ഏൽപ്പിച്ചുകൊടുത്തു. അതിനായി ഹസായെലിനെ അരാമിന് രാജാവ് ആയിട്ടും, നിംശിയുടെ മകനായ യേഹുവിനെ ഇസ്രായേലിന് രാജാവ് ആയിട്ടും അഭിഷേകം ചെയ്യുവാൻ ദൈവം ഏലിയാവിനെ നിയോഗിക്കുന്നു. മാത്രമല്ല ഏലീയാവിന്റെ പിൻഗാമിയായി എലിശയെയും! മരിക്കുവാനാഗ്രഹിച്ച സമയത്തു ഏലീയാവിന്റെ ശുശ്രൂഷ തീർന്നിരുന്നില്ല. തുടർന്ന് താൻ ചെയ്തുതികക്കേണ്ടിയിരുന്ന കാര്യങ്ങളാണ് മേലുദ്ധരിച്ചത്.

**ഒരു യഥാർത്ഥ ഉണർവിനായി ആഗ്രഹിക്കുകയും പ്രാർത്ഥിക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്നവരെ നിരാശപ്പെടുത്തുന്ന നിലയിൽ എല്ലാ സഭാവിഭാഗങ്ങളുടെയും നേതൃത്വം അനാത്മികരായി ക്കൊണ്ടിരിക്കുന്നു. മാതൃക ഉള്ള ജീവിതത്തിലൂടെദൈവജനങ്ങളെ കർത്താവിന്റെ മടങ്ങിവരവിനെ ലക്ഷ്യമാക്കി നയിക്കുവാനും, ഒരുക്കുവാനും ആത്മീക നേതൃത്വത്തിന് കഴിയാതെ വന്നാൽ എത്ര കഷ്ടം**

തുടർന്നുള്ള ഏലീയാവിന്റെ ചരിത്രം നമുക്കറിയാം. ദൈവം സ്വർഗത്തിൽ നിന്നും അഗ്നിരഥവും അഗ്നി അശ്വങ്ങളും അയച്ച് എല്ലാ ബഹുമതികളോടും കൂടെ എടുത്തുകൊണ്ടു. മരണം കാണാതെ സ്വർഗത്തിലേക്ക് എടുക്കപ്പെടുവാനുള്ള അത്യപൂർവ ഭാഗ്യം സിദ്ധിച്ച ഭക്തൻ! ഏലിയാവിന്റെ ജീവിതാന്ത്യം എത്ര സൗഭാഗ്യം നിറഞ്ഞതായിരുന്നു. ഏലിയാവിന്റെ ജീവിതം ഒരു പരാജയം അല്ലായിരുന്നു എന്ന് ദൈവം തെളിയിച്ചു. നിരാശയുടെ ചുഴിയിൽ കൈവിടാത്ത ദൈവം എത്ര നല്ലവൻ, എത്ര വിശ്വസ്തൻ!

ഏലിയാവിനു സംഭവിച്ചതുപോലെ നിരാശ വേട്ടയാടുന്ന ഒരു ഭക്തൻ ആണോ താങ്കൾ? ഏലിയാവിന്റെ ദൈവം താങ്കളുടെയും ദൈവമാകുന്നു. തന്റെ ദൂതനെ അയച്ച, ഏലിയാവിനെ പോഷിപ്പിച്ച, ശക്തികരിച്ച ദൈവം, താങ്കളെയും ശക്തികരിക്കും. ഏലിയാവ് തന്റെ നിരാശയിൽ മൗനമായിരുന്നില്ല. ദൈവത്തിൽ നിന്ന് പിന്മാറുകയും ചെയ്തില്ല. തന്റെ നിരാശ ഉള്ളുതുറന്ന് ദൈവത്തോട് ഏറ്റുപറഞ്ഞ് പ്രാർത്ഥിച്ചു. ദൈവം വായിലെ വാക്കുകളെ അല്ല പ്രത്യുത ഉള്ളിലെ ഭാഷയാണ് ശ്രദ്ധിച്ചത്. ഏലിയാവിന്റെ പ്രാർത്ഥന ദൈവം കേട്ടു. ഏലിയാവ് ചെയ്തതുപോലെ ഉള്ളുതുറന്ന് പ്രാർത്ഥിക്കുക. ദൈവം നമ്മുടെ പ്രാർത്ഥന കേട്ട് മറുപടി നൽകും എന്നുള്ളത് സുനിശ്ചിതമാണ്! ■



സാജു മാത്യു

# യേശുവിന്റെ മരണത്തിലും ജീവനിലും പങ്കാളികൾ

***അങ്ങനെ നാം അവന്റെ മരണത്തിൽ പങ്കാളികളായിത്തീർന്ന സ്നാനത്താൽ അവനോടു കൂടെ കുഴിച്ചിടപ്പെട്ടു; ക്രിസ്തു മരിച്ചിട്ട് പിതാവിന്റെ മഹിമയാൽ ജീവിച്ചെഴുന്നേറ്റതുപോലെ നാമും ജീവന്റെ പുതുക്കത്തിൽ നടക്കേണ്ടതിനു തന്നെ (റോമർ 6: 4).***

**പു**തുജനനത്തിന്റെ മർമങ്ങളാണു കഴിഞ്ഞ അധ്യായത്തിൽ നാം പഠിച്ചതെങ്കിൽ, ഇന്നു നമ്മുടെ വേദഭാഗത്തു കാണുന്നത് *പുതിയ ജീവിതത്തിന്റെ മർമങ്ങളാണ്.*

റോമർ ആറാം അധ്യായം-പ്രത്യേകിച്ച് അതിന്റെ ആദ്യവാക്യങ്ങൾ- എപ്പോഴും നാം ഉപയോഗിക്കുന്നതു സ്നാനത്തെപ്പറ്റി പഠിക്കാനാണ്. തീർച്ചയായും ഈ വേദഭാഗത്ത് സ്നാനത്തെപ്പറ്റി പരാമർശിക്കുന്നുണ്ട്. എന്നാൽ, 'വിശ്വസിക്കുന്നവർ സ്നാനമേൽക്കണം' എന്ന സിമ്പിൾ കൽപന പഠിക്കാനല്ല; പ്രത്യുത, ഒരു വിശ്വാസിയുടെ ജീവിതത്തിൽ യഥാർഥ ആത്മലോകത്തിൽ നടക്കുന്ന ചില അത്ഭുത യാഥാർഥ്യങ്ങളെ സ്നാനം എപ്രകാരം അടയാളമായിരിക്കുന്നു (symbolize) എന്നു പഠിപ്പിക്കാനാണു പൗലൊസ് ഈ വേദഭാഗം ഉപയോഗിക്കുന്നത്. ക്രിസ്തുവിനോടുള്ള ഒരു വിശ്വാസിയുടെ ഏകീഭാവം (identifying) ആണ് ഈ വേദഭാഗത്തിന്റെ കാതലായ സന്ദേശം!

പൗലൊസിന്റെ മറ്റു ലേഖനങ്ങളിൽ നിന്നു റോമാലേഖനം വ്യത്യസ്തമാണ്. മറ്റു ലേഖനങ്ങളിൽ അദ്ദേഹം സ്ഥാപിച്ച സഭകളിലെ ജനങ്ങളോടുള്ള ഹൃദയ അടുപ്പംകൊണ്ടു പൗലൊസ് തന്റെ ഹൃദയം കുറെക്കൂടെ വിശാലമായി തുറക്കുന്നു.'ലേഖനങ്ങൾ' എന്നതിനേക്കാൾ അവ കത്തുകളാണ്. സ്നേഹവും പരാതികളും ആശീർവാദവുമൊക്കെ ചേർത്തുള്ളതാണ് അവയുടെ രചനാശൈലി. എന്നാൽ, റോമാലേഖനത്തിൽ 'ഹൃദയ' ത്തോടൊപ്പം മനസ്സും ചിന്തയും ശക്തമാണ്. ദൈവിക സത്യങ്ങളുടെ ക്രമാനുഗതമായ ചർച്ചയും വിശകലനവുമാണു റോമാലേഖനത്തിൽ നാം കാണുന്നത്. അതിന്റെ ക്രമാനുഗത (progressiveness) കൊണ്ട് ഏതെങ്കിലും ഒരു അധ്യായം നാം ഒറ്റയ്ക്കെടുത്തു പഠിക്കുന്നത് അപകടമാണ്!

ആറാം അധ്യായം തുടങ്ങുന്നതുതന്നെ ഒരു ചോദ്യവും ഉത്തരവും പറഞ്ഞുകൊണ്ടാണ്.

"ആകയാൽ നാം എന്തു പറയേണ്ടു? കൃപ പെരുകേണ്ടതിനു പാപം ചെയ്തുകൊണ്ടിരിക്ക എന്നോ? ഒരു നാളും അരുത്. പാപസംബന്ധമായി മരിച്ചവരായ നാം ഇനി അതിൽ ജീവിക്കുന്നത് എങ്ങനെ?"(റോമർ 6:1, 2).

കൃപയും പാപവും ബന്ധപ്പെടുത്തിക്കൊണ്ടുള്ള ഈ ചോദ്യം- അതായതു കൃപയും പാപവും ചേർന്നു പോകുന്നുവെന്ന നിലയിലുള്ള പരാമർശം വാസ്തവത്തിൽ അസംബന്ധമാണു താനും. എന്നാൽ എന്തുകൊണ്ട് അങ്ങനെയൊരു ചോദ്യമുണ്ടായി? അവടെയാണു റോമാലേഖനത്തിലെ ആശയങ്ങൾ ക്രമാനുഗതമായി ഉരുത്തിരിഞ്ഞു വരുന്നതാണ് (progressive evolvement) എന്നു പറയാൻ കാരണം.

റോമാലേഖനം തുടങ്ങുന്നത്, ദൈവത്തെ 'അറിയാത്ത' ജാതികൾ എങ്ങനെ ദൈവത്തെ നിഷേധിച്ചുവെന്നു പറഞ്ഞാണ് (ഒന്നാമധ്യായം). പിന്നീടു പറയുന്നത് ദൈവത്തെ അറിഞ്ഞുവെന്നു

അവകാശപ്പെടുന്ന യെഹൂദർ, ജാതികൾക്കു തുല്യരായി പാപികളാണെന്നും (രണ്ടാമധ്യായം), തുടർന്നു മൂന്നാം അധ്യായത്തിൽ മനുഷ്യനെ വീണ്ടെടുക്കാൻ ന്യായപ്രമാണം അപര്യാപ്തമാണെന്നും, നാലാം അധ്യായത്തിൽ ന്യായപ്രമാണത്തിനു പകരം വിശ്വാസം മനുഷ്യനെ എങ്ങനെ നീതീകരിച്ചുവെന്നും വിശദമാക്കുന്നു. അഞ്ചാം അധ്യായത്തിൽ യേശുവിന്റെ കാൽവറിക്രൂശിലെ മരണം ദൈവത്തിന്റെ സ്നേഹവും കൃപയും എപ്രകാരം നമ്മിലേക്കു ഒഴുക്കിത്തന്നു എന്നു വിശദമാക്കുന്നു. ന്യായപ്രമാണം (മനുഷ്യന്റെ നീതി) പരാജയപ്പെട്ടിടത്തു ദൈവത്തിന്റെ നീതി മനുഷ്യന്റെ നീതിയാക്കിത്തീർത്തതു യേശു നമുക്കു വേണ്ടി മരിച്ചതുകൊണ്ടു മാത്രമല്ല; നാം യേശുവിനോടു ഏകീഭവിച്ചതുകൊണ്ടും കൂടെയാണ്! ജനനത്തിങ്കൽ നാം ആദാമിനോടു ഏകീഭവിക്കുന്നു; പുതുജനനത്തിങ്കൽ നാം യേശുവിനോടു ഏകീഭവിക്കുന്നു... ജനനത്തിങ്കൽ നാം ആദാമിനോടു ചേർന്നതുകൊണ്ടു ആദമിന്റെ വിധി (destiny) നമ്മുടേതായിത്തീരുന്നു; പുതുജനനത്തിങ്കൽ നാം ക്രിസ്തുവിനോടു ചേരുന്നതുകൊണ്ടു ക്രിസ്തുവിന്റെതെല്ലാം നമ്മുടേതായിത്തീരുന്നു (റോമർ 5: 12–21).

ഇതു വിവരിക്കുമ്പോൾ പൗലൊസ് ഒരു ശൈലി ഉപയോഗിച്ചു: “പാപം പെരുകിയിടത്തു കൃപ അത്യന്തം വർധിച്ചു!” (റോമർ 5:20). പാപം എത്രയും വർധിച്ചതിനാൽ, ആ പാപിയെ വീണ്ടെടുക്കാൻ ദൈവത്തിനു അത്രയേറെ കൃപയും ഒഴുക്കേണ്ടി വന്നു എന്നാണതിനർഥം. ദൈവത്തിന്റെ കൃപയുടെ വ്യാപ്തി വിവരിക്കേണ്ടതിനാണു പൗലൊസ് ഈ ശൈലി ഉപയോഗിച്ചിരിക്കുന്നത്. ദൈവത്തിന്റെ നീതി സ്വന്തമാക്കേണ്ടതിനു കൃപയിൽ ആശ്രയിക്കുന്നവർക്കു ഈ പ്രയോഗം ദൈവത്തെ സ്തുതിക്കുന്നതിനു കാരണമാണ്. എന്നാൽ, കൃപയിലാശ്രയിക്കുന്നതിനു പകരം ന്യായപ്രമാണത്തിന്റെ നീതി കൊതിക്കുന്ന സ്വയാശ്രയികൾ പൗലൊസിന്റെ പ്രസ്താവനെയ്ക്കു ഒരു മറുചോദ്യമെറിയുന്നു: “പാപം വർധിക്കുമ്പോൾ കൃപയും വർധിക്കുമെങ്കിൽ ദൈവകൃപ അനുഭവിക്കാനുള്ള ഏറ്റവും നല്ല മാർഗം കൂടുതൽ പാപം ചെയ്യുകയല്ലേ?

“യേശു പാപികളെ സ്നേഹിക്കുന്നു” എന്ന പ്രസ്താവന കേട്ട ഒരാൾ യേശു പാപികളെയാണു സ്നേഹിക്കുന്നതെങ്കിൽ ഞാൻ പാപിയായി തുടർന്നോളാം എന്നു പറഞ്ഞാൽ എങ്ങനെയിരിക്കും?

ഞങ്ങളുടെ ഇളയ കുഞ്ഞുങ്ങൾക്കു നാലും രണ്ടും വയസ്സു പ്രായമുള്ളപ്പോൾ ഭവനത്തിന്റെയും മിഷന്റെയും ഉത്തരവാദിത്തങ്ങളിൽ കുടുങ്ങി പലപ്പോഴും എന്റെ ഭാര്യയ്ക്കു, കുഞ്ഞുങ്ങൾക്കു വേണ്ടത്ര സമയം കൊടുക്കാൻ കഴിഞ്ഞില്ല. ഒരു ദിവസം അവരെ കുളിപ്പിക്കാൻ നേരം കിട്ടാഞ്ഞ് “ രണ്ടുപേരും കൂടെ ഷവറിന്റെ കീഴിൽ തനിയെ കുളിച്ചോളാൻ” പറഞ്ഞ് അമ്മ മറ്റ് ഉത്തരവാദിത്വങ്ങളിൽ വ്യാപൃതയായി. ഷവർ തുറന്ന് മൂത്തവൾ ഇളയവളോടു പറഞ്ഞു: നമുക്ക് ഈ ഷവറിന്റെ കീഴിൽ ഒത്തിരിനേരം നിന്നു കുളിക്കാം. അങ്ങനെ വെള്ളത്തിൽ ഒത്തിരിനേരം കുളിക്കുമ്പോൾ നമുക്കു പനിപിടിക്കും. പനിപിടിക്കുമ്പോൾ നമ്മുടെ അമ്മയ്ക്കു നമ്മളെ ലാളിക്കാൻ നേരം കിട്ടും!

പനി പിടിക്കുമ്പോൾ ലാളന കിട്ടുമെങ്കിലും അമ്മയുടെ ലാളന കിട്ടാൻവേണ്ടി പനിപിടിപ്പിക്കുന്നതു നല്ലകാര്യമാണെന്നു ചിന്തിക്കുന്നുണ്ടോ? പാപത്തിന്റെ പടുകുഴിയിൽ വീണുകിടന്ന നമ്മെ വീണ്ടെടുക്കാനായി ദൈവം വലിയ കരുണ കാണിച്ചു. അതിനർഥം ദൈവത്തിന്റെ കരുണ കിട്ടാൻ നാം വീണ്ടും വീണ്ടും കുഴിയിൽ ചാടണമെന്നോ?

വഴിതെറ്റിപ്പോയ ആടിനെ സ്നേഹിച്ച് ഇടയൻ രാത്രിയിൽ ജീവൻ പണയംവെച്ച് രക്ഷിക്കാനിറങ്ങി, അതിനെ വീണ്ടെടുത്ത് തോളിലേറ്റി ആലയിലേക്കു മടക്കിക്കൊണ്ടു വന്നു. ഇടയന്റെ സ്നേഹം തുടർന്നു ലഭിക്കാൻ ആട് പിറ്റേ ദിവസം തെറ്റായ വഴി തെരഞ്ഞെടുക്കണമെന്നോ?

“പാപസംബന്ധമായി മരിച്ചവരായ നാം ഇനി അതിൽ ജീവിക്കുന്നത് എങ്ങനെ?”(റോമർ 6: 2). ഇവിടെ പൗലൊസ് നേരത്തെയുള്ള നമ്മുടെ അവസ്ഥയും ഇപ്പോഴത്തെ അവസ്ഥയും തമ്മിലുള്ള വ്യത്യാസം ചൂണ്ടിക്കാണിക്കുന്നു.

നേരത്തെ നിങ്ങൾ പാപത്തിൽ ജീവിക്കുന്നവരായിരുന്നു; ഇപ്പോൾ നിങ്ങൾ പാപസംബന്ധമായി മരിച്ചവരാണ് (പാപത്തിനു നിങ്ങളിൽ സ്വാധീനമില്ല). കാരണമുണ്ട്: നാം “ യേശുക്രിസ്തുവിനോടു ചേർന്നിരിക്കുന്നു” (റോമർ 6: 3).

ജനനത്താൽ നേരത്തെ നിങ്ങൾ ആദമിനോടു ഏകീഭവിച്ചിരുന്നവരായിരുന്നു. അന്നു നിങ്ങൾ ആദമിനെപ്പോലെ ജീവിച്ചു. എന്നാലിപ്പോൾ നിങ്ങൾ ഏകീഭവിച്ചിരിക്കുന്നത് യേശുവിനോടാണ്. അതുകൊണ്ട് ഇനി നിങ്ങൾ ജീവിക്കേണ്ടതു യേശുവിനെപ്പോലെയാണ്! നിങ്ങളുടെ സ്ഥാനം (position) മാറി. നേരത്തെ നിങ്ങൾ ആദമിനോടുകൂടെ, ആദമിന്റെ കസേരയിലാണ് ഇരുന്നിരുന്നത്. പാപത്തിനു

ജീവിച്ച നിങ്ങൾ ഇരുന്ന ആ കസേര മരണത്തിന്റെ കസേരയായിരുന്നു(റോമർ 5:14,15). ശരിക്കും ഒരു ഇലക്ട്രിക് ചെയർ! എന്നാൽ, ഇപ്പോൾ നിങ്ങളുടെ സ്ഥാനം (position) മാറി. ഇപ്പോൾ നിങ്ങൾ മരണം വാഴുന്ന ആദമിന്റെ കസേരയിലല്ല, ജീവൻ വാഴുന്ന (റോമർ 5:17) ക്രിസ്തുവിന്റെ കസേരയിലാണ്. ജീവന്റെ കസേരയിലിരുന്ന് എങ്ങനെ മരണത്തിന്റെ പ്രവൃത്തിയായ പാപം ചെയ്യാനാവും?

പാപസംബന്ധമായി മരിച്ചവരായ നാം ഇനി അതിൽ ജീവിക്കുന്നതെങ്ങനെ? കൃപ പെരുകേണ്ട തിനു ഇനി നാം പാപം ചെയ്യേണ്ടതില്ല...കാരണം, ഇപ്പോൾ കൃപയിലാണു നാം. "നാം നിൽക്കുന്ന ഈ കൃപയിലേക്കു നമുക്കു അവൻമൂലം വിശ്വാസത്താൽ പ്രവേശനവും ലഭിച്ചിരിക്കുന്നു! (റോമർ 5:2). അമ്മയുടെ ലാളന കിട്ടാത്ത കുട്ടികളല്ല നമ്മൾ ഇപ്പോൾ... ക്രിസ്തുവിന്റെ ലാളനയുടെ ലോകത്താണു നാം ജീവിക്കുന്നത്. കൃപ വഴിഞ്ഞൊഴുകുന്നതു പാപികളുടെ മേൽ മാത്രമല്ല; ദൈവത്തിന്റെ കൃപാസനത്തിലേക്കു അടുത്തു ചെല്ലുന്ന എല്ലാ വിശുദ്ധന്മാരിലേക്കും അവിടുന്നു തന്റെ കൃപ പകർന്നു കൊടുക്കുന്നു (എബ്രായർ 4:16). "യേശുക്രിസ്തുവിനോടു ചേരുവാൻ സ്നാനമേറ്റവാരായ നാം"(റോമർ 6: 3) എന്ന പ്രയോഗം ശ്രദ്ധിക്കുക. ക്രിസ്തീയ സ്നാനത്തിന്റെ പ്രത്യേകതയാണത്. അക്കാലത്തു യെഹൂദന്മാർ ജാതികളെ പരിച്ഛേദനയേൽപ്പിച്ചു സ്നാനം കൊടുത്ത് തങ്ങളുടെ മതത്തിൽ ചേർത്തിരുന്നു. എസേന്യരും മറ്റു ചില സംഘടനകളും യെഹൂദന്മാരെത്തന്നെ സ്നാനം നൽകി തങ്ങളുടെ സംഘത്തിൽ ചേർത്തിരുന്നു. ഒരു മതത്തോടോ സംഘത്തോടോ ചേരുന്നതിനുള്ള ആചാരം എന്ന നിലയിലാണ്. ഇന്നും പലരും ചിന്തിക്കുന്നത് ഒരു സമുദായത്തിലോ സഭയിലോ ചേരുന്നതിനാണു സ്നാനം എന്നാണ്! എന്നാൽ, ക്രിസ്തീയസ്നാനം സഭയോടു ചേരാനുള്ളതല്ല, യേശുക്രിസ്തുവിനോടു ചേരാനുള്ളതാണ് (baptised into Christ Jesus).

സഭയോടോ സമുദായത്തോടോ ചേരുന്നവനു ദൈവത്തിന്റെ നീതി ലഭ്യമാകുന്നില്ല. അതിനു ക്രിസ്തുവിനോടു ചേരുകതന്നെ വേണം. എന്നാൽ, ക്രിസ്തുവിന്റെ ജീവിതത്തിന്റെ ഏതു ഭാഗം മുതലാണു നാം അവനോടു ചേരുന്നത്?

അനാദികാലം മുതൽ ദൈവത്തിന്റെ വലത്തുഭാഗത്തു മഹിമയിൽ വാണ നിത്യപുത്രന്റെ (pre-existent Christ) മനുഷ്യപൂർവ ജീവിതത്തോടല്ല നാം പങ്കാളികളാകുന്നത്. നമുക്കു അനുകരിക്കാനാവുമെങ്കിലും യേശുവിന്റെ പലസ്തീനിലെ ജീവിതത്തിന്റെ ഏതെങ്കിലും ഒരു ഇടവേളയിലുമല്ല നാം ക്രിസ്തുവിനോടു പങ്കുകൂടാൻ ചെല്ലുന്നത്; പ്രത്യുത, ക്രിസ്തുവിന്റെ മരണത്തിലാണ് നാം യേശുവിനോടുകൂടെ പങ്കാളിത്തത്തിലേക്കു പ്രവേശിക്കുന്നത്. അവിടെയേ നമുക്കു പങ്കാളിത്തം തുടങ്ങാനാവൂ... കാരണം, യേശുവിന്റെ മരണമാണ് നമ്മെ ദൈവത്തോടു അടുപ്പിച്ചത് (റോമർ 6:9).

വീണ്ടും ജനിക്കുന്നവന്റെ ലേബർ റൂം കാൽവറി ക്രൂശാണ്. അവിടെ എന്റെ കൈകളും കാലുകളും യേശുവിന്റെ കൈകളോടും കാലുകളോടും ചേർത്തു ആണിയടിക്കപ്പെടുന്നു. ഞാൻ യേശുവിന്റെ മരണത്തിൽ പങ്കാളിയായിത്തീരുന്നു. അവിടെമുതൽ അങ്ങോട്ട് ഞാനും യേശുവും തമ്മിൽ വേർപിരിയുന്നതേയില്ല. ഞാൻ ക്രിസ്തുവിനോടു ബന്ധപ്പെട്ടിരിക്കുന്നു! ഇനി യേശു ഏത് അവസ്ഥയിലൂടെ കടന്നുപോയാലും ആ അവസ്ഥയിലൂടെയെല്ലാം ഞാനും കടന്നുപോകും.

യേശു മരിച്ചതുകൊണ്ട്, വിശ്വാസത്താൽ ഞാനും യേശുവിനോടുകൂടെ മരിച്ചു. യേശുവിന്റെ മരണം എന്റെ മരണമായിത്തീർന്നു എന്ന് ഞാൻ വിശ്വസിക്കുന്നു. അതുകൊണ്ട് ഇനി പാപത്തിന്റെ ശിക്ഷയായ മരണം എനിക്കില്ല. വിശ്വാസത്താൽ ഞാൻ പാപത്തിനു മരിച്ചല്ലോ (റോമർ 6: 2).

ക്രിസ്തുവിന്റെ മരണത്തിൽ പങ്കാളികളായിത്തീർന്നതു കൊണ്ടു രണ്ടു കാര്യങ്ങൾ അവസാനിക്കുന്നില്ല. (1) യേശുവിന്റെ മരണത്തിൽ പങ്കാളികളായിത്തീർന്ന സ്നാനത്താൽ യേശുവിനോടുകൂടെ കുഴിച്ചിടപ്പെട്ടു. (2) ക്രിസ്തു മരിച്ചിട്ടു പിതാവിന്റെ മഹിമയാൽ ജീവിച്ചെഴുന്നേറ്റതുപോലെ നാമും ജീവന്റെ പുതുക്കത്തിൽ നടക്കേണ്ടതിനു തന്നെ (റോമർ 6: 4).ക്രൂശിൽവെച്ച് ക്രിസ്തുവുമായി ഞാൻ ബന്ധപ്പെട്ടിരിക്കുന്നു. ഞാൻ കിസ്തുവിലും കിസ്തു എന്നിലുമായി. ഇനി ഞങ്ങൾക്കു പിരിയാൻ കഴികയില്ല. കിസ്തുവിനോടു കൂടെ മരിച്ചതിനാൽ കിസ്തുവിനോടുകൂടെ അടക്കപ്പെടണം. അതേ, എന്നിലെ ആദാമിനെ- പഴയ മനുഷ്യനെ- ഞാൻ ക്രൂശിച്ചു; അടക്കി (റോമർ 6: 6). ഇനി പഴയ മനുഷ്യനു എന്റെമേൽ സ്വാധീനമില്ല.

ക്രിസ്തു മരിച്ചു; ക്രിസ്തു അടക്കപ്പെട്ടു; പിതാവിന്റെ മഹിമയിൽ ക്രിസ്തു ജീവിച്ചെഴുന്നേറ്റു (റോമർ 6:4).

ശേഷം പേജ് 29 ▶



ഡോക്ടർ: സി റ്റി ലൂയിസ് കുട്ടി

# ഭക്തിയും ആദരവും... ആരാധനയിൽ

**ഓ**രോ മതവിഭാഗത്തിനും അവരവരുടേതായ ആരാധനാരീതി ഉണ്ട്. ക്രിസ്തീയ സമൂഹത്തിലും ആരാധനയെപ്പറ്റി വിവിധ ധാരണകളുണ്ട്. ദൈവത്തോടുള്ള ഭക്തിയും ആദരവും പ്രകടിപ്പിക്കുന്നതാണ് ആരാധന എന്നാണ് പൊതുവേ അംഗീകരിക്കപ്പെട്ടിട്ടുള്ള ചിന്ത. ആരാധന വെളിപ്പെടുത്തുന്നതിന്റെ മാധ്യമങ്ങളും രീതികളും വൈവിധ്യമാർന്നതാണ്. അതുമൂലം ഒരു കൂട്ടരുടെ ആരാധന മറ്റുള്ളവരുടേതിൽ നിന്ന് വ്യത്യസ്തമായി കാണുന്നു.

ആരാധനയെ കുറിക്കുന്ന എബ്രായ പദം ബൈബിളിൽ ആദ്യമായി കാണുന്നത് അബ്രഹാം തന്റെ വാഗ്ദത്തസന്തതിയായ യിസഹാക്കിനെ യാഗം കഴിക്കുവാനായി മോറിയാമലയിലേക്ക് കൂട്ടിക്കൊണ്ടുപോകുന്ന സന്ദർഭത്തിലാണ് (ഉല്പത്തി 22 :5 ). അതുവരെ തന്നോടു കൂടെ ഉണ്ടായിരുന്ന ദാസന്മാരോ മൃഗങ്ങളോ മറ്റ് അകമ്പടികളോ ഒന്നുമില്ലാതെ, യാഗത്തിന് ആവശ്യമായ വിറകും, തീയും, യാഗാർപ്പണത്തിനായി കൊണ്ടുപോയ സ്വന്തം മകനും, യാഗം അർപ്പിക്കുന്ന അബ്രഹാമും മാത്രമാണ് യാഗസ്ഥലത്ത് ഉള്ളത്. പിന്നെ യാഗത്തിനായി ദൈവം ഒരുക്കി നൽകിയ ആടും. പൗലോസ് അപ്പോസ്തലന്റെ വാക്കുകളിൽ നമുക്ക് ഏറ്റവും പ്രിയവും വിലപിടിപ്പുള്ളതും ആയതു (ശരീരങ്ങളെ അതായത് നമ്മെത്തന്നെ) ജീവനും വിശുദ്ധിയും ദൈവത്തിന് പ്രസാദവും ഉള്ള യാഗമായി സമർപ്പിക്കുന്നതാണ് 'ബുദ്ധിയുള്ള ആരാധന'. ക്രിസ്തീയ സഭയുടെ ജീവനാണ് ആരാധന. ശരീരമാകുന്ന സഭയുടെ അവയവങ്ങളായ ദൈവമക്കളുടെ ജീവിതം തന്നെ.

നമ്മുടെ കൂടിവരവുകളിലെ കാര്യപരിപാടികളെയാണ് അനേകരും ആരാധനയായി കണക്കാക്കുന്നത്. കുറേനേരം സംഗീത ഉപകരണങ്ങളുടെ അകമ്പടിയോടുകൂടി പാടുന്നതിന് പ്രയ്സ് ആൻഡ് വർഷിപ്പ് എന്ന് വിളിക്കുന്നു. അത് ഉച്ചത്തിലുള്ള കയ്യടിയോടെ കൂടെയും നൃത്തം ചവിട്ടിയും ആണെങ്കിൽ ആരാധനയുടെ കൊഴുപ്പ് കൂടുന്നു. ആരാധന അവസാനിച്ചശേഷം പ്രാർത്ഥിക്കുന്നു, പ്രസംഗിക്കുന്നു. പിന്നെ പ്രസംഗകൻ ആവശ്യപ്പെടുന്നതിനനുസരിച്ച് ഉച്ചത്തിൽ കൈ കൊട്ടുകയും സ്തോത്രം പറയുകയും ചെയ്യുന്നുവെങ്കിൽ വീണ്ടും അൽപ സമയത്തേക്കു കൂടി ആരാധന നടക്കുന്നു. പ്രസംഗം എന്തായിരുന്നാലും, ഒടുവിൽ പ്രത്യാശയുടെ ഒരു പാട്ടിന്റെ പല്ലവികൾ ആവർത്തിച്ചു പാടുമ്പോൾ ആരാധന വീണ്ടും വെളിപ്പെടുന്നു. ആരാധന ആകർഷകമാക്കുവാൻ ഉള്ള പല

**വീണ്ടെടുപ്പ് പ്രാപിച്ചവർ ചീന്തപ്പെട്ട തിരശ്ശീലയ്ക്കുള്ളിലേക്ക് പ്രവേശിക്കുന്നു. അത്യുന്നതനായ ദൈവമുമ്പാകെ ഭക്തിയോടും ആദരവോടും സമർപ്പണത്തോടും കൂടെ നിൽക്കുന്നു. അവരുടെ ഉള്ളിലെ ഏകചിന്ത ദൈവഹിതം നിറവേറ്റുക എന്നതാണ്. ഇതാണ് പുതിയനിയമ സഭയുടെ ആരാധന.**

ശ്രമങ്ങളും നയിക്കുന്നവരിൽ നിന്ന് കാണാം. അത് ആർപ്പുവിളി ആകാം, ആരാധിക്കുന്നവർക്ക് ലഭിക്കുന്ന വിടുതലുകളുടെ വാഗ്ദാനം ആയിരിക്കാം, അല്ലാത്തവർക്ക് ഭവിക്കാൻ പോകുന്ന ശാപത്തിന്റെ മുന്നറിയിപ്പ് ആയിരിക്കാം. എങ്ങനെയെങ്കിലും ജനം ആരാധിക്കണം എന്നുമാത്രം!

യഹൂദന്മാരുടെ ചട്ടമായിരുന്നു പ്രത്യേക ഉത്സവസമയത്തു ദൈവാലയ പരിസരത്ത് വന്നുകൂടി ആഘോഷിക്കുക എന്നത്. ഇത്തരം ആഘോഷങ്ങൾക്കുള്ള ആഹ്വാനങ്ങൾ സങ്കീർത്തനങ്ങളിൽ ഉടനീളം കാണുന്നു. അവരെ സംബന്ധിച്ചിടത്തോളം ഇവയൊക്കെ മതാചാരങ്ങൾ മാത്രം ആയിരുന്നു. യേശുക്രിസ്തുവിലുള്ള വിശ്വാസത്താൽ രക്ഷിക്കപ്പെട്ടവരും കർത്താവിന്റെ രക്തത്താൽ മുദ്രയിടപ്പെട്ടവരുമായ നാം മതാചാരങ്ങളിൽ തൃപ്തിപ്പെട്ടിരിക്കുന്നവർ അല്ല; അതിനുമപ്പുറമായി ദൈവികസാന്നിധ്യത്തിനായും ദൈവവുമായി സമ്പർക്കം പുലർത്തുന്നതിനായും വാഞ്ചിക്കുന്നവരാണ്. പഴയനിയമത്തിൽ മറ്റുള്ളവരുടെ നിർബന്ധത്തിനു വഴങ്ങി മതാചാരപ്രകാരം നടത്തുന്ന സ്തുതിയും ആരാധനയും ആത്മാർത്ഥതയോടു കൂടി ആയിരിക്കണമെന്നില്ല. മതത്തിന്റെ നിഷ്കർഷ പാലിക്കുമ്പോൾ എല്ലാവരും തൃപ്തരാകുന്നു. ഇങ്ങനെ പുറമേ കാണിക്കുന്ന ഭക്തിയെ യേശുകർത്താവ് നിശിതമായി വിമർശിച്ചു. ഇതിൽ നിന്നും വ്യത്യസ്തമായി ദൈവസാന്നിധ്യത്തിനായി കൊതിക്കുന്നത് സങ്കീർത്തനങ്ങൾ 27: 4, 34: 1,2, 42 :1,2, 63: 1,84: 2 മുതലായ ഭാഗങ്ങളിൽ കാണുന്നു. ഇവിടെയാണ് യഥാർത്ഥ ആരാധന നടക്കുന്നത്.

മോറിയ മലയുടെ മുകളിൽ പരിവാരങ്ങളുടെ അകമ്പടി ഒന്നുമില്ലാതെ പൂർണ സമർപ്പണത്തോടുകൂടെ വന്ന അബ്രഹാം ദൈവശബ്ദം കേട്ടു, ദൈവിക അത്ഭുതം കണ്ടു.

ദൈവം നൽകിയ ദർശനത്തിൽ സാറഫുകളുടെ മുഴങ്ങുന്ന ശബ്ദത്തിൽ ആകർഷിക്കപ്പെട്ടുപോകാതെ, ഉയർന്നും പൊങ്ങിയുമുള്ള സിംഹാസനത്തിൽ ഇരിക്കുന്ന കർത്താവിന്റെ പരിശുദ്ധിയുടെ സാക്ഷ്യം വഹിച്ചപ്പോൾ, തന്റെ അധരത്തിന്റെ അശുദ്ധി ഏറ്റു പറഞ്ഞുകൊണ്ട് പൂർണ ശുദ്ധീകരണത്തിനായി യെശയ്യാവ് സ്വയമായി ഏല്പിച്ചുകൊടുത്തു. മാത്രമല്ല, ദൈവം നൽകുന്ന ആഹ്വാനം വ്യക്തിപരമായി തന്നോട് ആണെന്ന് മനസ്സിലാക്കി അത് അനുസരിക്കുവാൻ തയ്യാറായി. അതിനേക്കാൾ ശ്രേഷ്ഠമായ ആരാധന അനുഭവം ഉണ്ടോ?

ദൈവാലയത്തിന് പുറത്ത് യാഗമൃഗങ്ങളുടെ കരച്ചിലും, കച്ചവടക്കാരുടെ ആക്രോശങ്ങളും, പ്രാകാരങ്ങളിൽ പാട്ടിന്റെയും ആഘോഷങ്ങളുടെയും ആരവവും, ദൈവാലയത്തിനുള്ളിൽ മതാനുഷ്ഠാനങ്ങളും! ഇവയൊക്കെ നടക്കുമ്പോൾ യേശുക്രിസ്തുവിന്റെ പ്രമാണപ്രകാരം വീണ്ടെടുപ്പ് പ്രാപിച്ചവർ ചീന്തപ്പെട്ട തിരശ്ശീലയ്ക്കുള്ളിലേക്ക് പ്രവേശിക്കുന്നു. അത്യുന്നതനായദൈവമുമ്പാകെ ഭക്തിയോടും ആദരവോടും സമർപ്പണത്തോടുംകൂടെ നിൽക്കുന്നു. അവരുടെ ഉള്ളിലെ ഏകചിന്ത ദൈവഹിതം നിറവേറ്റുക എന്നതാണ്. ഇതാണ് പുതിയനിയമ സഭയുടെ ആരാധന.

സിംഹാസനത്തിൽ ഇരിക്കുന്ന തേജോമയനായ ദൈവത്തെ കണ്ടപ്പോൾ 24 മൂപ്പന്മാർ തങ്ങളുടെ ഇരിപ്പിടങ്ങളിൽ നിന്നെഴുന്നേറ്റ് തലയിൽ വച്ചിരുന്ന കിരീടങ്ങൾ താഴെക്കിട്ടിട്ട് നിലത്തുവീണ് സാഷ്ടാംഗപ്രണാമം ചെയ്തു. സ്രഷ്ടാവിന്റെ ഇഷ്ടം നിറവേറ്റപ്പെടുവാൻ സൃഷ്ടി തങ്ങളെ സമർപ്പിച്ചു. *അവർക്ക് ആകെ പറയാനുണ്ടായിരുന്നത്, കർത്താവേ നീ സർവ്വവും സൃഷ്ടിച്ചവനും, എല്ലാം നിന്റെ ഇഷ്ടം ഹേതുവാൽ ഉണ്ടായതും സൃഷ്ടിക്കപ്പെട്ടതും ആകയാൽ മഹത്വവും ബഹുമാനവും ശക്തിയും കൈക്കൊള്ളുവാൻ യോഗ്യൻ എന്നാണ്. ആ തിരിച്ചറിവ് ഉണ്ടാകുമ്പോൾ യഥാർത്ഥ ആരാധന സംഭവിക്കുന്നു.* എഫെസ്യ ലേഖനം ഒന്നാം അധ്യായത്തിൽ മൂന്നുപ്രാവശ്യം ആവർത്തിക്കപ്പെടുന്ന ഒരു പ്രസ്താവനയുണ്ട്.

**1. യേശുക്രിസ്തു മുഖാന്തരം നമ്മെ ദത്തെടുത്തിരിക്കുന്നു. എന്തിന്?**

അവിടുന്ന് സൗജന്യമായി നൽകിയ കൃപാമഹത്വത്തിന്റെ (മഹത്വകരമായ കൃപയുടെ) പുകഴ്ച്ചക്ക് ആകേണ്ടതിനു (എഫെസ്യർ 1 :5,6 )

ശേഷം പേജ് 29 ▶



ജോർജ് മാത്യു, പുതുപ്പള്ളി

# പിഴുതെറിയേണ്ട ചില പാപസ്വഭാവങ്ങൾ

നീതിമാന്മാരെന്ന് സ്വയം കരുതുകയും തങ്ങൾ ചെയ്യുന്നതും പറയുന്നതുമെല്ലാം നീതിയാണെന്ന് അഭിമാനിക്കുകയും ചെയ്യുന്ന പ്രകൃതക്കാരാണ് സ്വയനീതിക്കാർ. അവരുടെ പ്രവൃത്തി ശരിയാണോ എന്ന് ആരെങ്കിലും ചോദിക്കുന്നത് അവർക്കു സഹിക്കുകയില്ല. മറ്റുള്ളവർ തങ്ങളോടു നീതി പുലർത്തുന്നില്ലെന്ന് അവർ എപ്പോഴും പരാതിപ്പെടും. സൃഷ്ടിപരമായ ഒരു വിമർശനവും അവർ ചെവിക്കൊള്ളുന്നില്ല. തങ്ങളുടെ പാപസ്വഭാവത്തിൽ നിന്നു രക്ഷ നേടാൻ അവർ ആഗ്രഹിക്കുന്നില്ല. പുറമെ ഭക്തരായി തോന്നിക്കുന്ന ഇവർ പാപത്തിന് അടിമപ്പെട്ടാണ് ജീവിക്കുക.

സ്വയനീതിക്കാരെ ദൈവം കഠിനമായി വെറുക്കുന്നു. സ്വയനീതിക്കാർ നിഗളികളാണ്. തങ്ങൾക്കു തെറ്റ് സംഭവിക്കാൻ സാദ്ധ്യതയില്ലെന്ന് അവർ കരുതുന്നു. താഴ്മയുള്ളവർക്കേ തങ്ങളുടെ തെറ്റ് സമ്മതിക്കുവാൻ കഴിയുകയുള്ളൂ. സ്വയനീതിക്കാർ കപടഭക്തിക്കാരാണ്. പരീശന്മാർ അക്കൂട്ടത്തിൽ ഉള്ളവരായിരുന്നു. കർത്താവ് അവരോടു ചോദിക്കുന്നതു ശ്രദ്ധിക്കുക: നിങ്ങൾ നരകവിധി എങ്ങനെ ഒഴിഞ്ഞുപോകും? (മത്തായി 23: 33). ഞങ്ങൾ കാണുന്നു എന്ന് നിങ്ങൾ പറയുന്നതുകൊണ്ട് നിങ്ങളുടെ പാപം നിൽക്കുന്നു എന്നത്രെ യേശു സ്വയനീതിക്കാരോടു പറയുന്നത്.

സ്വയനീതിക്കാർ ആത്മികാന്ധരായതിനാൽ അവരുടെ പാപങ്ങൾ കാണാൻ അവർക്കു സാധിക്കുന്നില്ല. ശിക്ഷണാർത്ഥമുള്ള കഷ്ടതകൾ സ്വയനീതിക്കാരെ താഴ്മയുള്ളവരാകാൻ സഹായിക്കും. നമ്മെക്കുറിച്ചുള്ള സത്യം ഗ്രഹിക്കുവാനും തെറ്റുകളെക്കുറിച്ച് അനുതപിക്കുവാനും കഷ്ടത നമ്മെ സഹായിക്കും. രോഗങ്ങൾ, അടിയ്ക്കടി ജീവിതത്തിൽ സംഭവിക്കുന്ന പരാജയം, അപമാനം തുടങ്ങിയ വിവിധ ശിക്ഷണങ്ങളിലൂടെ സ്വയനീതിയിൽ നിന്നു പുറത്തുവരുവാൻ നമുക്കു സാധിക്കും. സ്വയാനുകമ്പയാണ് സ്വയനീതിയുടെ ശത്രു. നമ്മോടു തന്നെ നാം എപ്പോഴും അനുകമ്പ പുലർത്തുന്നവരാണെങ്കിൽ സ്വയനീതിയിൽ നിന്നു രക്ഷപ്പെടുക പ്രയാസമായിരിക്കും. യഥാർത്ഥ താഴ്മയുള്ളവരാണെങ്കിൽ, നാം താഴ്ത്തപ്പെടുമ്പോൾ നിഗളവും സ്വയനീതിയും നമ്മിൽനിന്ന് അപ്രത്യക്ഷമാകും. താഴ്മ പ്രായോഗിക ജീവിതത്തിൽ വെളിപ്പെടുവാൻ യേശുവിന്റെ സഹായം അത്യന്താപേക്ഷിതമാണ്. അന്യായമായി ആളുകൾ തന്നെ കുറ്റപ്പെടുത്തിയപ്പോൾ നിശബ്ദനായി സഹിച്ച യേശുവിന്റെ സഹായം നാം തേടിയേ പറ്റൂ. വാക്കുകൾ കൊണ്ടും ചിന്തകൾ കൊണ്ടും ഒരു കാരണവശാലും നാം നമ്മെ നീതികരിക്കാൻ ശ്രമിക്കരുത്. അവന്റെ അടിപ്പിണരുകളാൽ നമുക്കു സൗഖ്യം വന്നുമിരിക്കുന്നു (യെശയ്യാവ് 53 : 5) എന്നു തിരുവചനത്തിൽ രേഖപ്പെടുത്തിയിരിക്കുന്നു

സ്വയനീതിക്കാരുടെ കൂടപ്പിറപ്പാണ് തന്നിഷ്ടം. സ്രഷ്ടാവായ ദൈവത്തിന്റെ ഇച്ഛയ്ക്കു മേലായി തന്റെ ഇച്ഛ നടക്കണമെന്നാണ് തന്നിഷ്ടക്കാരന്റെ ആഗ്രഹം. തന്റെ ഇച്ഛയും ആഗ്രഹവും തീരുമാനവും വീക്ഷണവും വാസനയും മറ്റുള്ളവരുടേതിനെക്കാൾ മികച്ചതാണെന്നു തന്നിഷ്ടക്കാരൻ കരുതുന്നു. സ്വേച്ഛ, തികഞ്ഞ അഹങ്കാരത്തിന്റെ ബാഹ്യാവിഷ്ക്കാരമാണ്. സ്വയനീതിയെന്ന പാപം

നമ്മിൽ ഇല്ലെന്നു ചിന്തിക്കുന്നതാണ് ഏറ്റവും ഹീനമായ കാര്യം.


ഒരു സൗഖ്യമാക്കൽ പ്രക്രിയയിലൂടെ യേശു നമ്മെ സഹായിക്കും. നമ്മുടെ ഭാഗത്തുനിന്നും അതിനുള്ള സഹകരണം അനിവാര്യമാണ്. നാം സ്വയനീതിയുള്ളവരാണെന്നു തിരിച്ചറിയുക എന്നതാണ് ആദ്യപടി. അങ്ങനെ സാധിക്കുന്നതുതന്നെ പുരോഗതിയുടെ പ്രധാന ലക്ഷണമാണ്. ഞാൻ സ്വയനീതിയും നിഗളവുമുള്ള മനുഷ്യൻ എന്നു പറയുവാൻ നമുക്കു കഴിയണം. നമ്മുടെ പാപങ്ങൾ ഏറ്റു പറഞ്ഞ് നാം അനുതപിക്കുമെങ്കിൽ സകല അനീതിയും പോക്കി നമ്മെ ശുദ്ധീകരിക്കുവാൻ യേശു ശക്തനാണ് (1 യോഹന്നാൻ 1 :9). യേശുവിനു നമ്മെ പൂർണ്ണമായി സമർപ്പിക്കുന്ന പക്ഷം സ്വയനീതിയുടെ എല്ലാ ചിന്തകളുടെയും ശക്തി നമ്മിൽ ഇല്ലാതെയാകുന്നു.

ദിവസേന നമ്മുടെ ഇച്ഛയെ നാം ദൈവത്തിനു സമർപ്പിക്കണം. നമ്മുടെ ഇഷ്ടത്തിനു വിപരീതമായ കാര്യങ്ങൾ സംഭവിക്കുമെന്ന പ്രതീക്ഷയോടെ ഓരോ ദിവസവും ആരംഭിക്കണം. നമ്മുടെ മന:സാക്ഷിക്കു വിപരീതമായ കാര്യങ്ങളിൽ മറ്റുള്ളവരുടെ ഇച്ഛക്കു നാം വഴങ്ങേണ്ടതില്ല. തന്നിഷ്ടത്തെ തകർക്കാൻ ലഭിക്കുന്ന അവസരങ്ങളിൽ കൃപയ്ക്കായി നാം പ്രാർത്ഥിക്കണം. മത്സരചിന്തയും പിടിവാശിയും നാം ഉപേക്ഷിക്കണം. നമ്മുടെ തന്നിഷ്ടത്തെപ്പറ്റിയും നിഗളസ്വഭാവത്തെപ്പറ്റിയും ദൈവമുമ്പാകെ ഏറ്റുപറയണം. ഗതസമന തോട്ടത്തിൽ സ്വന്തയിഷ്ടം പിതാവിന്റെ ഇഷ്ടത്തിനു കീഴ്പ്പെടുത്തി മാതൃക കാട്ടിയ യേശുകർത്താവ് സ്വയേച്ഛയിൽ നിന്നും സ്വയനീതിയിൽ നിന്നും നമ്മെ പൂർണ്ണമായും മോചിതരാക്കട്ടെ.

തന്നിഷ്ടക്കാർക്കൊപ്പം ജീവിക്കുക വളരെ പ്രയാസമാണ്. അവർ സാമൂഹ്യജീവിതത്തെ താറുമാറാക്കുന്നു. സ്വന്തം ഇച്ഛ നടപ്പാക്കുവാൻ അവർ ശാഠ്യം കാണിക്കുന്നു. ദൈവേഷ്ടത്തോട് അവർ മത്സരിക്കുന്നു. അങ്ങനെ അവർ ആഭിചാരദോഷത്തിന് ഇരയാകുന്നു. എന്തെന്നാൽ മത്സരം ആഭിചാരദോഷം പോലെയാകുന്നു (1 ശമുവേൽ 15: 23). സ്വയേച്ഛയെന്ന പാപം ഗുരുതരമായ ഒന്നാണ്. നമ്മുടെ ഇഷ്ടം തന്നെ നടക്കണമെന്ന കടുംപിടുത്തം മൂലം മറ്റുള്ളവരെ നാം വേദനിപ്പിക്കുന്നു. ദൈവേഷ്ടം മിക്കപ്പോഴും നമുക്കു വെളിപ്പെടുന്നത് മറ്റുള്ളവരിലൂടെയാണെന്ന് നാം മനസിലാക്കണം. ധാർഷ്ട്യമുള്ള തന്നിഷ്ടക്കാരെ ശപിക്കപ്പെട്ടവരുടെ ഗണത്തിലാണ് ദൈവവചനം ഉൾപ്പെടുത്തുന്നത് (2 പത്രൊസ് 2: 11). പിതാവേ, എന്റെ ഇഷ്ടമല്ല, അങ്ങയുടെ ഇഷ്ടം പോലെതന്നെ നടക്കട്ടെ എന്നു പറഞ്ഞുകൊണ്ട് യേശുകർത്താവ് ദൈവത്തിന്റെ ഇഷ്ടത്തിന് ഏല്പിച്ചുകൊടുത്തു. പിതാവിന്റെ ഇച്ഛക്ക് ഒരു കുഞ്ഞാടിനെപ്പോലെ വഴങ്ങിയ നമ്മുടെ കർത്താവിന്റെ അനുപമ സൗന്ദര്യം നമ്മുടെ ഹൃദയത്തെ വശീകരിക്കട്ടെ. ആ ശക്തി വിശ്വാസത്താൽ നാമും അവകാശമാക്കണം. നമ്മുടെ തന്നിഷ്ടത്തിന്റെ ബന്ധനത്തിൽ നിന്ന് നമ്മെ സ്വതന്ത്രരാക്കുവാൻ യേശുകർത്താവ് കഴിവുള്ളവനാണ്. ദൈവത്തിന്റെ വാഗ്ദത്തങ്ങൾ പ്രാർത്ഥനയിൽ നാം അവകാശപ്പെട്ടാൽ മതി. അവൻ താമ്രക്കതകുകളെ തകർത്ത് ഇരുമ്പോടാമ്പലുകളെ മുറിച്ചു കളഞ്ഞിരിക്കുന്നു (സങ്കീർത്തനം 107: 16) എന്നത്രെ ദൈവവചനം പറയുന്നത്. ഇരുമ്പു പോലെ കഠിനമായ നമ്മുടെ തന്നിഷ്ടത്തിന്റെ ചങ്ങലകളെ യേശു തകർത്തുകളയും.

അസത്യത്തിലാണ് അവർ ജീവിതം പടുത്തുയർത്തിയിരിക്കുന്നത്. സാക്ഷാൽ സത്യമായ യേശുവിനെയാണ് അവർ ഇതിലൂടെ തിരസ്ക്കരിക്കുന്നത്. ദൈവത്തിന്റെ ശബ്ദം സ്വീകരിക്കുവാൻ തയ്യാറാകാത്തവർക്ക് ലഭിക്കുന്ന ശിക്ഷാവിധി കഠിനമായിരിക്കും. സ്വയനീതി ഗുരുതരമായ ഒരു പാപമാണ്. മറ്റു പല പാപങ്ങളുടെയും വേരാണത്. എല്ലാ പാപപ്രകൃതങ്ങളിലും സ്വയനീതി അതിന്റേതായ സ്വാധീനം ചെലുത്തുന്നു. യേശുവിനെ ക്രൂശിൽ തറയ്ക്കുന്നതിനു കാരണമായിത്തീർന്ന പ്രധാന പാപങ്ങളിൽ ഒന്നാണ് സ്വയനീതി. സ്വയനീതി ഒരുവനെ സാത്താനടിമയും നരകത്തിന്റെ അവകാശിയുമാക്കിത്തീർക്കുന്നു. സ്വയം നീതിമാന്മാരെന്നു കരുതുന്നവരോട് യേശുകർത്താവിനു പറയുവാനുള്ളത് ഇങ്ങനെയായിരിക്കും: നിങ്ങൾ നിങ്ങളെത്തന്നെ മനുഷ്യരുടെ മുമ്പാകെ നീതീകരിക്കുന്നവർ ആകുന്നു. ദൈവമോ, നിങ്ങളുടെ ഹൃദയം അറിയുന്നു. മനുഷ്യരുടെ മുമ്പിൽ ഉന്നതമായതു ദൈവത്തിന്റെ മുമ്പാകെ അറപ്പത്രെ (ലൂക്കൊസ് 16: 15).

മറ്റു പല പാപങ്ങളിലേക്കും നയിക്കുവാനിടയുള്ള സ്വന്തയിഷ്ടത്തെയും സ്വയനീതിയെയും വേരോടെ പിഴുതു അവയെ നമ്മുടെ ചിന്തയിൽ നിന്നും മനോഭാവത്തിൽ നിന്നും നിർമ്മൂലമാക്കുക എന്നത് വളരെ പ്രധാനപ്പെട്ട ഒരു കാര്യമാണ്. യേശുകർത്താവിന്റെ ജീവിതം മുഴുവനായി നാം ശ്രദ്ധിച്ചാൽ എല്ലാ സന്ദർഭങ്ങളിലും പിതാവിന്റെ ഇഷ്ടത്തിന് സമർപ്പിച്ചും പ്രാർത്ഥിച്ചും പ്രാവർത്തികമാക്കുന്നത് നാമും അനുകരിക്കേണ്ടതാകുന്നു. അതിനായി ദൈവം നമ്മെ ഓരോരുത്തരെയും സഹായിക്കുമാറാകട്ടെ. ●



ഡോ. സിനി ജോയ്സ് മാത്യു

# ആത്മിക അധികാരം

അധികാരം, അത് മനുഷ്യകുലത്തിന്റെ തുടക്കം മുതൽ തന്നെ മനുഷ്യനെ സ്വാധീനിച്ചിട്ടുള്ള ഒരു സാമൂഹിക ഘടകം ആണ്. ആജ്ഞാപിക്കുവാനും നിയന്ത്രിക്കുവാനുള്ള അവകാശമാണ്. പാമ്പുകളെയും തേളുകളെയും ശത്രുവിന്റെ സകല ബലത്തെയും ചവിട്ടുവാൻ ഞാൻ നിങ്ങൾക്ക് അധികാരം തരുന്നു (ലൂക്കോസ് 10: 19). നീ ഭൂമിയിൽ കെട്ടുന്നത് ഒക്കെയും സ്വർഗ്ഗത്തിൽ കെട്ടപ്പെട്ടിരിക്കും. നീ ഭൂമിയിൽ അഴിക്കുന്നത് ഒക്കെയും സ്വർഗ്ഗത്തിൽ അഴിഞ്ഞിരിക്കും (മത്തായി 16: 19). ഈ വാക്യങ്ങൾ കർത്താവ് തന്റെ ശിഷ്യന്മാർക്ക് കൈമാറിയ അധികാരത്തെ ആണ് കാണിക്കുന്നത്.

ഏദൻതോട്ടത്തിൽ മനുഷ്യന്റെ വീഴ്ചയ്ക്ക് കാരണം അധികാരം കയ്യാളുന്ന ദൈവത്തെപ്പോലെ ആകുവാനുള്ള ആഗ്രഹമായിരുന്നു. അധികാരത്തിനായുള്ള മോഹമായിരുന്നു. മനുഷ്യനിൽ അത് കുത്തിവെച്ചത് മേഘങ്ങൾക്ക് മീതെ കയറി തന്റെ സിംഹാസനം അത്യുന്നതന്റെ നക്ഷത്രങ്ങൾക്ക് മീതെ വച്ച്, സമാഗമ പർവ്വതത്തിൽ ഇരുന്നരുളുവാൻ മോഹിച്ച സാത്താന്റെ ഉപദേശമായിരുന്നു.

**അധികാരം കയ്യാളുന്ന ദൈവത്തെപ്പോലെ ആകുവാനുള്ള ആഗ്രഹമായിരുന്നു. അധികാരത്തിനായുള്ള മോഹമായിരുന്നു. മനുഷ്യനിൽ അത് കുത്തിവെച്ചത് മേഘങ്ങൾക്ക് മീതെ കയറി തന്റെ സിംഹാസനം അത്യുന്നതന്റെ നക്ഷത്രങ്ങൾക്ക് മീതെ വച്ച്, സമാഗമ പർവ്വതത്തിൽ ഇരുന്നരുളുവാൻ മോഹിച്ച സാത്താന്റെ ഉപദേശമായിരുന്നു.**

നയിക്കുവാനായി ആളുകൾ ഇല്ലെങ്കിൽ ഒരു സിസ്റ്റത്തിന് മുന്നോട്ടുപോകുവാൻ അസാധ്യമാണ്. എന്നാൽ അധികാരത്തിന്റെ സിംഹാസനത്തിന് കീഴിൽ അഹങ്കാരവും ഒളിഞ്ഞിരിപ്പുണ്ട്. അതുകൊണ്ടുതന്നെ അധികാരം എന്ന പദത്തിന് ലോകം കൊടുക്കുന്ന നിർവചനത്തിൽ നിന്ന് ഏറെ വിഭിന്നമാണ് ദൈവരാജ്യം നൽകുന്ന നിർവചനം. ലൗകികമായ അധികാരം സ്വയം നേടിയെടുക്കാവുന്ന ഒന്നാണ്. അവിടെ ആധിപത്യത്തിന്റെയും കീഴ്പ്പെടുത്തലിന്റെയും തന്ത്രങ്ങൾ മറഞ്ഞു കിടപ്പുണ്ട്. ധാർഷ്ട്യവും ഗർവ്വും ഞാനെന്ന ഭാവവും അലിഞ്ഞു ചേർന്നിട്ടുണ്ട്. ആത്മപ്രശംസയും സ്വസ്നേഹവും അതിൽ അന്തർലീനമാണ്.

ദൈവികമായ അധികാരങ്ങൾ ആകട്ടെ അത് നേടിയെടുക്കുന്നത് അല്ല, മറിച്ച് നൽകപ്പെടുന്നതാണ്. അതുകൊണ്ടുതന്നെ ഇലക്ഷൻ എന്ന പദം പോലും ക്രിസ്തു മാർഗ്ഗത്തിൽ അപ്രസക്തമാണ്. ദൈവസഭയിൽ ദൈവാധിപത്യത്തിനു മാത്രമാണ് സ്ഥാനം. ജനാധിപത്യവും ഏകാധിപത്യവും ഒന്നും അവിടെയില്ല. ആധിപത്യം നടത്തുവാൻ ആവില്ല, കീഴ്പ്പെടുത്തലുകളും ഇല്ല. ലോകത്തിന്റെ അധികാരികൾ ആധിപത്യം നടത്തുമ്പോൾ ദൈവരാ

ജ്യത്തിന്റെ അധികാരികൾ ശുശ്രൂഷകർ ആയി നിലകൊള്ളുകയാണ്. അങ്ങനെയൊക്കെ ആണോ ഇന്ന് നമുക്കിടയിൽ നടക്കുന്നത് എന്ന് ചോദിക്കരുത്. ക്രിസ്തുവിന്റെ സിംഹാസനത്തിന് ഇടതും വലതും ഇരിക്കുവാൻ ഒരു അമ്മ മക്കൾക്കുവേണ്ടി അവകാശം ചോദിക്കുമ്പോൾ; അത് വരുവാനുള്ള ലോകത്തിലേക്കുള്ള അപേക്ഷ ആയിരുന്നിട്ടു പോലും അനുവദിച്ചു കൊടുക്കാതിരുന്ന ക്രിസ്തുവിന്റെ ശിഷ്യരാണ് നാം എങ്കിൽ, അധികാര പീഠങ്ങൾക്കായി മോഹിക്കുമ്പോൾ നാം ഗുരുനാഥനിൽ നിന്നും അകലുകയല്ലേ?

നോക്കൂ, ജാതികളുടെ അധിപന്മാർ അവരിൽ കർത്തൃത്വം ചെയ്യുന്നു, അധികാരം നടത്തുന്നു. നിങ്ങളിൽ അങ്ങനെ അരുത്: നായകനാവാൻ ഇച്ഛിക്കുന്നവനെല്ലാം ശുശ്രൂഷക്കാരൻ ആകേണം (മത്തായി 20: 25, 26). അതാണ് ക്രിസ്തുവിന്റെ നിയമം. പ്രഥമ സ്ഥാനീയരാകുവാൻ ആഗ്രഹിക്കുന്നവരോ മറ്റുള്ളവർക്ക് അടിമയുമായിരിക്കണം എന്നാണ് തുടർന്നു യേശു പറയുന്നത്.

ദൈവതുല്യതയുടെ അധികാരപദവികൾ വേണ്ടെന്നു വച്ച് മനുഷ്യനായി താണു വന്ന്, ഒരു അടിമയെപ്പോലെ തുവർത്തും വെള്ളവുമായി' കടന്നുവരുന്ന യേശുവിനെയാണ് പിതാവ് ഉയർത്തി സകല നാമത്തിലും മേലായ നാമം നൽകിയത്. സ്വർലോകരുടെയും ഭൂലോകരുടെയും അധോലോകരുടെയും മുഴങ്കാൽ മടക്കുന്ന അധികാരം നൽകിയത്. അതിന് വിരുദ്ധമായി സ്വന്തം പേര് ഉയർത്തുവാൻ, സ്ഥാനമാനങ്ങൾ നേടുവാൻ ശ്രമിച്ച് ഇന്ന് ലോകത്തിന്റെ കുത്തൊഴുക്കിൽ നാം നഷ്ടമായി പോവുകയല്ലേ?

ലോകവ്യവസ്ഥയോട് ചേർന്നു പോകാത്ത ദിവ്യമായ അധികാര നിയമങ്ങളാണ് ക്രിസ്തു മാർഗ്ഗത്തിന്റേതെങ്കിൽ നാം നിൽക്കുന്ന ഈ ക്രൈസ്തവ സമൂഹത്തിന്റെ യാത്ര എങ്ങോട്ടാണെന്ന് ചിന്തിക്കുന്നത് നന്നായിരിക്കും. ദൈവത്താൽ നൽകപ്പെടുന്ന അധികാരം വിദ്യാഭ്യാസമോ സമ്പന്നതയോ സാമൂഹിക പശ്ചാത്തലമോ ഒന്നും അടിസ്ഥാനമാക്കി നൽകപ്പെടുന്നതല്ല. അത് ഒരു ജനാധിപത്യ രീതിയിലുള്ള ഇലക്ഷനിലെ വിജയത്തിലൂടെ നേടിയെടുക്കാവുന്നതും അല്ല.


ഇന്ന് നമ്മുടെ ഇടയിൽ കാണുന്ന അധികാരമോഹം ക്രിസ്തു മാർഗ്ഗത്തിൽ നിന്നുള്ള വ്യതിചലനമാണ്. ഏദനിലെ വീഴ്ചയുടെ ആവർത്തനവും അവിടെ സംഭവിക്കും. ആത്മീയ അധികാരം അപരന്റെ മേൽ ആധിപത്യത്തിനും നിയന്ത്രണങ്ങൾക്കും ആയുള്ള കടിഞ്ഞാൺ അല്ല. സ്വർഗ്ഗത്തിലും ഭൂമിയിലും അധോലോകത്തിലും നിയന്ത്രണാധികാരമുള്ള ദൈവികമായ അധികാരമാണ് അത്. പാതാള ഗോപുരങ്ങളെ വെല്ലുന്ന ബലം അതിനുണ്ട്. മനുഷ്യശരീരത്തിന്മേലും മനസ്സിന്റെ മേലും അതിന് സ്വാധീനമുണ്ട്. അതിനാൽ ക്രിസ്തുമനസ്സുള്ളവർ ആയി നമുക്ക് മാറാം. ക്രിസ്തുവിന്റെ പ്രതിനിധികളായി ആ മാതൃക പിന്തുടർന്ന് ആത്മീയ അധികാരം വഹിക്കാം. അതിനായി ദൈവം നമ്മെ പ്രാപ്തരാക്കട്ടെ. ●

## മാന്യ വരിക്കാരുടെ ശ്രദ്ധക്ക്

- അഡ്രസ് സ്ളിപ്പിന്റെ ഇടതുവശത്തു മുകൾ ഭാഗത്തു കൊടുത്തിരിക്കുന്ന ID നമ്പർ ഓഫീസുമായി ബന്ധപ്പെടുമ്പോൾ അറിയിക്കേണ്ടതാണ്.
- പലരുടെയും വരിസംഖ്യാകാലാവധി കഴിഞ്ഞിരിക്കുന്നതിനാൽ വരിസംഖ്യ അടയ്ക്കുന്നത് ഈ ശുശ്രൂഷയ്ക്ക് വലിയ സഹായമായിരിക്കും. പേജ് 31 ൽ കൊടുത്തിരിക്കുന്ന QR കോഡ് സ്കാൻ ചെയ്തു Google Pay / PhonePe ചെയ്യാവുന്നതാണ്. കുടിശിക എത്രയെന്നറിയുവാൻ ഓഫീസുമായി ബന്ധപ്പെടുക.
- വിലാസം അപൂർണ്ണമായതിനാൽ ചില മാസികകൾ മടങ്ങി വന്നിട്ടുണ്ട്. ഫോൺ നമ്പർ ഇല്ലാത്തതിനാൽ ബന്ധപ്പെടുവാനും കഴിയുന്നില്ല. മാസിക കിട്ടാത്തവർ ഓഫീസുമായി ബന്ധപ്പെടുക.
- മേൽവിലാസത്തിൽ മാറ്റം വരുന്നപക്ഷം പഴയ വിലാസവും, മാറിയ പുതിയ വിലാസവും ഫോൺനമ്പറും ഓഫീസിൽ അറിയിക്കുക. (Office : 9495 435 336, Editor : 9495 213 269 E-mail: editornerveedhi@gmail.com)
- കമ്പ്യൂട്ടർ കോപ്പി (PDF) ആവശ്യമുള്ളവർ E-mail ID അയച്ചു തരിക.
- നിങ്ങളുടെ സുഹൃത്തുക്കൾക്കും സഹപ്രവർത്തകർക്കും മാസിക പരിചയപ്പെടുത്തുന്നത് ഈ ശുശ്രൂഷയ്ക്ക് സഹായകരമാണ്.

എഡിറ്റർ





ഡോ. സജികുമാർ കെ. പി.

# ആത്മീയതയും ലൈംഗികതയും, മാറ്റിക്കൂടാത്ത അതിർവരമ്പുകൾ

മാധ്യമങ്ങളും ഡിജിറ്റൽ സ്വാധീനവും കൊടികുത്തിവാഴുന്ന ഇന്നത്തെ യുവമനസ്സുകളിൽ, നാം ഇന്നോളം ഉയർത്തിപ്പിടിച്ച മൂല്യങ്ങളും ധാർമികതയും വികലമായി കൊണ്ടിരിക്കുന്നു എന്ന് പറയാതെ വയ്യ. വിശുദ്ധ വേദപുസ്തകം മാറ്റിക്കൂടാത്തത് എന്ന് അടിവരയിട്ട് പറഞ്ഞിട്ടുള്ള പലതും പുനർവിചിന്തനം നടത്തപ്പെടുന്ന കാലഘട്ടമാണിത്. വളരെ ഞെട്ടലോടെയും ആശങ്കയോടെയും ആണ് ഒരിക്കലും പ്രതീക്ഷിക്കാത്ത വിധത്തിൽ ലൈംഗിക ധാർമികതയെ സംബന്ധിച്ച നിയമവ്യവസ്ഥയുടെ മാറ്റങ്ങൾ നാം അഭിമുഖീകരിക്കുന്നത്. ഒരു സ്ത്രീക്ക് മറ്റൊരു സ്ത്രീയെ വിവാഹം കഴിക്കാനും ഒരു പുരുഷന് മറ്റൊരു പുരുഷനെ വിവാഹം കഴിക്കാനും നിയമപരിരക്ഷ നൽകുന്ന വിധിയാണ് ഇന്ത്യൻ സുപ്രീം കോടതി പുറപ്പെടുവിച്ചിട്ടുള്ളത്. പരസ്പരസമ്മതത്തോടെ ഏതു പുരുഷനും സ്ത്രീയ്ക്കും എന്ത് അധർമ്മവും പ്രവർത്തിക്കുവാൻ പച്ചക്കൊടി കാണിക്കുന്ന നിയമവ്യവസ്ഥിതിയെ ഒരിക്കലും ദൈവവചനം പിന്താങ്ങുന്നില്ല. ലോകകോടതിക്ക് മുകളിൽ ഒരു ദൈവകോടതി ഉണ്ട് എന്നതിനാൽ ദൈവവചനം അനുശാസിക്കുന്ന ശരിതെറ്റുകൾ തീർച്ചയായും നാം അറിഞ്ഞിരിക്കണം.

സ്വവർഗ്ഗ വിവാഹങ്ങളിലെ തെറ്റുകൾ എന്ത്? അത് സംബന്ധിച്ച് ദൈവവചനം എന്ത് പഠിപ്പിക്കുന്നു? ഇതിനെ സംബന്ധിച്ച് പ്രധാനമായി ദൈവവചനം പറയുന്നത് എന്ത് എന്ന് നമുക്ക് പരിശോധിക്കാം.

ഒരു വ്യക്തിയുടെ ശാരീരിക വളർച്ചയോടൊപ്പം മാനസിക വളർച്ച സംഭവിക്കുന്നു എന്നതുപോലെ ലൈംഗിക സ്വഭാവവും വളർച്ച പ്രാപിക്കുന്നു. വളർന്ന് വരുന്ന പ്രായത്തിൽ അവർക്ക് കിട്ടുന്ന അറിവും ബന്ധങ്ങളും അവരുടെ ലൈംഗികസ്വഭാവത്തിലും വളർച്ചയിലും നിർണായക പങ്ക് വഹിക്കുന്നതാണ്. സ്വവർഗ്ഗ ലൈംഗിക സ്വഭാവം ഉള്ളവരോട് സ്ഥിരമായി സംസർഗ്ഗം കൂടുന്നവരിൽ ഈ സ്വഭാവം രൂപപ്പെടുവാൻ സാധ്യത കൂടുതലാണ്. സ്വവർഗ്ഗ ലൈംഗികപരമായ ശാരീരിക ഉപദ്രവങ്ങൾ തുടർച്ചയായി കുട്ടിക്കാലത്ത് നേരിടേണ്ടി വരുന്നവരിലും ഇത്തരം സ്വഭാവവൈകല്യം രൂപപ്പെട്ടുവന്നേക്കാം. അതുകൊണ്ട് ഇത്തരം സാഹചര്യങ്ങൾ ഒഴിവാക്കുകയും അത്തരം സാഹചര്യത്തിൽ അകപ്പെട്ടുപോയവരെ ഉപദേശ്വും മാനസിക പിന്തുണയും നൽകി രക്ഷിച്ചെടുക്കുകയും വേണം.അതിനുവേണ്ടി ആദ്യം നാം മനസ്സിലാക്കേണ്ടത് ഇതിലെ തെറ്റുകൾ എന്തെല്ലാമാണ് എന്നതാണ്.

**1. സ്വവർഗ്ഗ ലൈംഗികത ദൈവവചനത്തിന് എതിരാണ്.**

ലേവ്യപുസ്തകം 18: 22 ൽ പറയുന്നു: സ്ത്രീയോട് എന്നപോലെ പുരുഷനോടുകൂടെ ശയിക്കരുത്. അത് മ്ലേച്ഛത. ഇത്തരം മ്ലേച്ഛത ചെയ്യുന്നവരെ ഏറ്റവും വലിയ കുറ്റം ചെയ്തവർ എന്ന നിലയിൽ കാണുകയും അവർക്ക് മരണശിക്ഷ കൊടുക്കുകയും വേണം എന്ന് ലേവ്യാപുസ്തകം 20: 13 ൽ പറയുന്നു. സ്വയഭോഗികൾ, പുരുഷകാമികൾ എന്നിവർ ദൈവരാജ്യം അവകാശമാക്കുകയില്ല എന്ന് 1 കൊരിന്ത്യർ 6 :9,10 വാക്യങ്ങൾ പറയുന്നു. അതുകൊണ്ട് സ്വവർഗ്ഗഭോഗം ഏതൊക്കെ

നിയമവ്യവസ്ഥിതി അംഗീകരിച്ചാലും ഒരിക്കലും മാറ്റമില്ലാത്ത ദൈവവചനം ഇതിനെ അംഗീകരിക്കുകയില്ല. ഈ സ്വഭാവ വൈകൃതം ദൈവവചനത്തിന് എതിരാണ്.

**2. സ്വവർഗ്ഗ ലൈംഗികത, ദൈവം നിയമിച്ചിരിക്കുന്ന പ്രകൃതിനിയമത്തിന് എതിരാണ്.**

ഉല്പത്തി 1 :27 ൽ പറയുന്നത് ദൈവം തന്റെ സ്വരൂപത്തിൽ മനുഷ്യനെ സൃഷ്ടിച്ചു.... ആണും പെണ്ണുമായി അവരെ സൃഷ്ടിച്ചു എന്ന്.. ആണിന് ആണ് കൂട്ട് മതിയായിരുന്നു എങ്കിൽ ദൈവം ഇങ്ങനെ എഴുതുക ഇല്ലായിരുന്നു. ആണും പെണ്ണും ചേരുന്നതാണ് ദൈവീകമായ കുടുംബ വ്യവസ്ഥിതി. നിങ്ങൾ സന്താന പുഷ്ടിയുള്ളവരായി വർധിച്ചു പെരുകുവിൻ എന്ന ദൈവകൽപന സ്വവർഗ്ഗവിവാഹത്തിൽ അസംഭവ്യമാണല്ലോ. പുരുഷൻ ഏകനായിരിക്കുന്നത് നന്നല്ല എന്ന് ദൈവം കണ്ടപ്പോൾ ദൈവം ഒരു തക്ക തുണയായി സ്ത്രീയെയാണ് സൃഷ്ടിച്ചത് ( ഉല്പത്തി 2 :18). മറ്റൊരു പുരുഷനെ അല്ല ദൈവം സൃഷ്ടിച്ചത്. അതുകൊണ്ടു പുരുഷൻ അപ്പനെയും അമ്മയെയും വിട്ടുപിരിഞ്ഞു ഭാര്യയോടു പറ്റിച്ചേരും, അവർ ഏകദേഹമായിത്തീരും ( ഉല്പത്തി 2: 24 ) എന്നാണ് ദൈവീക വ്യവസ്ഥിതി. അല്ലാതെ ഒരു പുരുഷൻ മറ്റൊരു പുരുഷനോടും ഒരു സ്ത്രീ മറ്റൊരു സ്ത്രീയോടും അല്ല പറ്റി ചേരുന്നത്.

**3. സ്വവർഗ്ഗ ലൈംഗിക സ്വഭാവക്കാരെ ദൈവം ന്യായം വിധിക്കും.**

സോദോം, ഗോമോറ എന്നീ സ്ഥലങ്ങളാണ് ഈ സ്വഭാവ വൈകൃതത്തിന് ഏറ്റവും പേരുകേട്ടത്. ഉല്പത്തി 19: 5 ൽ ലോത്തിന്റെ അടുക്കൽ വന്ന പുരുഷന്മാരെ ലൈംഗികമായി ഉപയോഗിക്കേണ്ടതിന് ഏൽപ്പിച്ചു തരിക എന്നു പറഞ്ഞ സോദോം നിവാസികൾ, ലോത്തിന്റെ വീട് വളഞ്ഞതായി നാം വായിക്കുന്നു. ഇത്തരം അധർമ്മ പ്രവർത്തിയും ദുഷ്കാമം നിറഞ്ഞതു നിമിത്തവുമാണ് സോദോം,ഗോമോറ പട്ടണങ്ങളെ ദൈവം ഭസ്മീകരിച്ചുകൊണ്ട് ഉന്മൂലനാശം വരുത്തിയത് എന്ന് 2 പത്രോസ് 2 : 6, 7 ൽ പറയുന്നു. ദൈവത്തെ ഭയമില്ലാത്ത അനാത്മികർ പിശാചിനാൽ വഞ്ചിക്കപ്പെട്ട് നിത്യന്യായവിധിക്കു യോഗ്യരായിത്തീരുമ്പോളാണ് സ്ത്രീകൾ സ്വാഭാവികഭോഗത്തെ സ്വഭാവവിരുദ്ധം ആക്കിക്കളയുന്നത് എന്നും, അവ്വണ്ണം പുരുഷന്മാരും സ്വാഭാവിക സ്ത്രീഭോഗം വിട്ടു, അന്യോന്യം കാമം ജ്വലിച്ച് ആണോട് ആൺ അവലക്ഷണം ആയത് പ്രവർത്തിക്കുന്നത് എന്നും റോമർ 1: 26,27ൽ

**ലോകത്തിലെ നിയമ വ്യവസ്ഥിതിക്കു മേൽ ദൈവം പറയുന്ന ധാർമിക നിയമങ്ങൾ ആണ് നമുക്ക് ബാധകം. ഈ ലോകനിയമവ്യവസ്ഥിതി ദൈവത്തിനും വചനത്തിനും നിരക്കാതെ പോയാലും, ഒരിക്കലും മാറ്റമില്ലാത്ത ദൈവവചനം ആയിരിക്കണം നമ്മെ നയിക്കേണ്ടത്**

വായിക്കുന്നു. സുപ്രീംകോടതി പോലും ഇതൊന്നും അറിയാത്തവർ എന്ന പോലെ ഇത്തരം നിയമങ്ങൾക്കു അനുകൂല നിലപാടെടുക്കുന്നത് തികച്ചും വിരോധാഭാസമല്ലേ?

ആകയാൽ ലോകത്തിലെ നിയമ വ്യവസ്ഥിതിക്കു മേൽ ദൈവം പറയുന്ന ധാർമിക നിയമങ്ങൾ ആണ് നമുക്ക് ബാധകം. ഈ ലോക നിയമവ്യവസ്ഥിതി ദൈവത്തിനും വചനത്തിനും നിരക്കാതെ പോയാലും, ഒരിക്കലും മാറ്റമില്ലാത്ത ദൈവവചനം ആയിരിക്കണം നമ്മെ നയിക്കേണ്ടത്. അതിനായി താഴെ പറയുന്ന കാര്യങ്ങൾ ശ്രദ്ധിക്കാം .

**1.** ദൈവവചനം അനുശാസിക്കുന്ന ധാർമിക ആത്മീയ മൂല്യങ്ങൾ മറിച്ചുകളയുന്ന സുഹൃത്ത് ബന്ധങ്ങൾ ഒഴിവാക്കുക.

**2.** ദൈവവചനധ്യാനവും പ്രാർഥനയും നമ്മുടെ ശീലമാക്കുക. അപ്പോൾ ജഡത്തിന്റെ അധാർമികത മനസ്സിൽ കയറാതെ സ്വയം സൂക്ഷിക്കുവാൻ കഴിയും.

**3.** സ്വവർഗ്ഗ ലൈംഗിക ആകർഷണവും മറ്റ് അധാർമിക സ്വഭാവവും കാണിക്കുന്ന ആരെങ്കിലും നിങ്ങളുടെ പരിചയത്തിൽ ഉണ്ടെങ്കിൽ അവരെ വചനത്താൽ ഉപദേശിക്കുക.

**4.** ലൈംഗിക വൈകൃതങ്ങളും അസ്വാഭാവികവും അധാർമികവുമായ ലൈംഗികതകളും പ്രദർശിപ്പിക്കുന്ന സിനിമയോ വീഡിയോകളൊ അല്ലെങ്കിൽ അത്തരം അശ്ലീല വെബ്സൈറ്റുകളൊ കാണാതിരിക്കുക.

ദൈവികവ്യവസ്ഥയ്ക്ക് അനുസരിച്ച് സ്വയം സൂക്ഷിക്കുകയും, ലോകത്താലുള്ള മാലിന്യങ്ങൾ മനസ്സിൽ കയറാതെ സുരക്ഷിതരായിരിക്കുകയും ചെയ്യുന്നവർക്ക് മാത്രമേ ദൈവിക സഹായം ലഭ്യമാകൂ. ദൈവഹിതത്തിൽ നിലനിന്ന് ദൈവിക കരുതൽ അനുഭവിച്ച് ജീവിക്കുവാൻ നമുക്ക് നമ്മെത്തന്നെ സമർപ്പിക്കാം.

●



വാച്ച്മാൻ നീ

# മൂന്ന് വ്യത്യസ്ത തുടക്കങ്ങൾ

ദൈവിക പ്രവർത്തനങ്ങൾക്ക് രണ്ട് മഹത്തായ വശങ്ങൾ ഉണ്ട്. ശാശ്വതമായ ഉദ്ദേശ്യമനുസരിച്ചുള്ള ദൈവത്തിന്റെ നേരിട്ടുള്ള പ്രവൃത്തി, വീണ്ടെടുപ്പിനുള്ള ദൈവീകപ്രതിവിധി. ഇവ രണ്ടും ഒരു നാണയത്തിന്റെ 2 വശങ്ങൾ എന്ന പോലെ പരസ്പരം ബന്ധപ്പെട്ടിരിക്കുന്നു എന്ന് തിരുവെഴുത്തുകൾ വെളിപ്പെടുത്തുന്നു. അവ തമ്മിൽ നമുക്ക് വേർതിരിച്ചറിയാൻ കഴിയും, എങ്കിലും നമുക്ക് അവയെ വേർപെടുത്താൻ കഴിയില്ല. വീണ്ടെടുപ്പിന്റെ പ്രവൃത്തിയിൽ പാപത്തിനുള്ള പ്രതിവിധിയും മനുഷ്യനെ സംബന്ധിച്ച അവിടുത്തെ ശാശ്വതമായ ഉദ്ദേശ്യത്തിന്റെ ഉറപ്പാക്കലും അടങ്ങിയിരിക്കുന്നു.

നീതീകരണത്തിന്റെ ലക്ഷ്യം മുൻകൂട്ടി കണ്ടുകൊണ്ടാണ് ദൈവം ആദ്യ ചുവടുവെപ്പ് നടത്തിയത്. ഈ പ്രക്രിയ ദൈവം കൈകാര്യം ചെയ്യുന്നത് ദൈവം വിജാതീയരെ വിശ്വാസത്താൽ നീതീകരിക്കുമെന്ന് മുൻകൂട്ടി കണ്ടുകൊണ്ട്, നിന്നിൽ എല്ലാ ജനതകളും അനുഗ്രഹിക്കപ്പെടും' എന്ന് അബ്രഹാമിനോട് മുമ്പേ തന്നെ അറിയിച്ചു കൊണ്ടാണ് (ഗലാത്യർ 3. 8). ദൈവവിളി സ്വീകരിച്ച മനുഷ്യനാണ് അബ്രഹാം. ദൈവം അബ്രഹാമിനെ തിരഞ്ഞെടുത്തു, അതുകൊണ്ടു വിളിച്ചു. വിളി തിരഞ്ഞെടുപ്പിനെ സൂചിപ്പിക്കുന്നു. ഉല്പത്തി പുസ്തകത്തിൽ ദൈവം മൂന്ന് വ്യത്യസ്ത വ്യക്തികളിലൂടെ വ്യത്യസ്ത സമയത്തു മൂന്നു തുടക്കങ്ങൾ കുറിച്ചു. ദൈവത്തിന്റെ മുൻനിർണ്ണയപ്രകാരമുള്ള സമയത്ത് ഒന്നാമതു ആദമിലൂടെയും, രണ്ടാമത് നോഹയിലൂടെയും മൂന്നാമത് അബ്രഹാമിലൂടെയും.

ജലപ്രളയത്തിനു ശേഷം നോഹയുടെ സന്തതി പരമ്പരകൾ ഉൾക്കൊള്ളുന്ന പുതിയ സമൂഹത്തെ ഭരിക്കാൻ നോഹ നിയോഗിക്കപ്പെട്ടു. അവന്റെ തലമുറയിൽ മാനുഷിക നിയമത്തിൻ കീഴിലുള്ള സാമൂഹ്യജീവിതത്തിന്റെ തുടക്കം കുറിച്ചു. നോഹയിലൂടെയുള്ള ദൈവത്തിന്റെ നിയമനിർമ്മാണം ആ പുതിയ ലോകത്തിന് ഒരു ധാർമ്മിക സ്വഭാവം നൽകുന്നതിന് രൂപകൽപ്പന ചെയ്തതായിരുന്നു (ഉല്പത്തി 9:1 - 17). എങ്കിലും അത് ഫലം കണ്ടില്ല.

എന്നാൽ അബ്രഹാമിന്റെ ചുമതല വ്യത്യസ്തമായിരുന്നു. ഈ ലോകത്തിലെ രാജ്യങ്ങളുടെ ഭരണം നടത്താനോ നിയമനിർമ്മാണം നടത്താനോ അല്ല അവൻ വിളിക്കപ്പെട്ടത്. തീർച്ചയായും, അവൻ ലോകവ്യവസ്ഥയ്ക്കു പുറംതിരിഞ്ഞു നിൽക്കണമായിരുന്നു. വിളിക്കപ്പെടുമ്പോൾ തന്നെ അബ്രഹാം കൽദായ ദേശത്തിലെ ഒരു പൗരനായിരുന്നു. അവൻ ആ ദേശത്തെയും ബന്ധുജനങ്ങളെയും, പിതൃഭവനക്കാരെയും വിട്ട്, ദൈവം അവനു നൽകുവാനിരിക്കുന്ന ദേശത്തേക്കു പുറപ്പെടണം എന്നായിരുന്നു അബ്രഹാമിന്റെ വിളി. ലോകത്തെ പുനരുദ്ധരിക്കുവാനായിരുന്നില്ല അത്. കനാനിൽ എത്തിയിട്ടും മാർഗ്ഗമധ്യേ ദൈവത്തിൽ നിന്നും പ്രാപിച്ച വെളിപ്പാടുകളുടെ വെളിച്ചത്തിൽ, ദൈവം ശില്പിയും നിർമ്മാതാവുമായി അടിസ്ഥാനമിട്ട ഒരു നഗരത്തിനായി അബ്രഹാം കാത്തിരുന്നു (എബ്രായർ 11:10). കാരണം അവന് സ്വന്തമായ ഒരു നഗരമില്ലായിരുന്നു. അദ്ദേഹം ഒരു പരദേശിയായിരുന്നു.

നോഹയിൽ നിന്ന് വ്യത്യസ്തമായി, അവന് ഒന്നും സ്ഥാപിക്കാനും മെച്ചപ്പെടുത്താനും നിയോഗം ലഭിച്ചിരുന്നില്ല. നോഹയ്ക്ക് ഒരു ദൗത്യം ചെയ്യാനുണ്ടായിരുന്നു, അത് ലോകത്തിനു ഉൾക്കാഴ്ച നൽകാനും പെട്ടകത്തിലൂടെയുള്ള രക്ഷാദൗത്യം അറിയിക്കുവാനും അങ്ങനെ ലോകത്തിന് ദൈവികപ്രബോധനം നൽകാനും ആയിരുന്നു. എങ്കിലും അത് ഫലപ്രാപ്തിയിലെത്തിയില്ല. ഇതേത്തുടർന്നാണ് അബ്രഹാമിനെ ദൈവം വിളിച്ചു വേർതിരിച്ചത്. അവൻ ഒരു പരദേശിയായി കടന്നുപോകാൻ വിളിക്കപ്പെട്ടു. അവന്റെ ബന്ധങ്ങൾ പ്രധാനമായും ദൈവകേന്ദ്രീകൃതമായിരുന്നു.

വിശ്വാസത്താൽ അബ്രഹാം വിളിക്കപ്പെട്ടപ്പോൾ,

എവിടേക്കു പോകുന്നു എന്നറിയാതെ അവൻ പോയി'. തനിക്കു അവകാശമായി ലഭിക്കേണ്ട സ്ഥലത്തേക്കു പോകുവാൻ ദൈവത്തെ അനുസരിച്ചു (എബ്രായർ 11. 8). ഇന്നുള്ളതുപോലെ തന്നെലോകത്തിൽ അന്ന് സ്ഥാപിതമായിരുന്ന വ്യവസ്ഥിതി, അന്നത്തെ പുരോഗമന സംസ്കാരം, അതിലുള്ള അഭിമാനം എന്നിവയിൽ നിന്ന്, ദൈവത്തിന്റെ ഉദ്ദേശ്യം നിറവേറ്റുന്നതിനായി പുറത്തുവരാൻ അബ്രഹാം വിളിക്കപ്പെട്ടു. അതാണ് ദൈവികവിളി.

ലോകത്തെ ധർമ്മികമായി ഉദ്ധരിക്കുന്നതിനു നോഹയുടെ മാർഗ്ഗംപോലെ നേരിട്ട് ഇടപെടുന്നതിൽ തെറ്റൊന്നും ഉണ്ടായിരുന്നില്ല; നോഹയെ സംബന്ധിച്ചിടത്തോളം ദൈവം നിശ്ചയിച്ച വഴിയായിരുന്നു അത്. പക്ഷേ, അത് എങ്ങുമെത്താതെ വന്നപ്പോൾ, അതിനനുസരിച്ച് ദൈവം, തന്റെ ദീർഘകാല വീണ്ടെടുക്കൽ ദൗത്യം, മേൽപ്രസ്താവിച്ചതുപോലെ അബ്രഹാമിനെ വിളിച്ചുകൊണ്ട് ആരംഭിച്ചു. രാഷ്ട്രീയ, ഭരണകാര്യങ്ങളിൽ ഇടപെട്ടു ഇപ്പോൾ ലോകത്തെ മെച്ചപ്പെടുത്താനല്ല, മറിച്ചു ലോകത്തിന്റെ എല്ലാ വ്യവസ്ഥിതികളെയും പുറകിലെറിഞ്ഞുകൊണ്ടു, ലോകത്തിൽ നിന്ന് പുറത്തു വരാൻ ആണ് നമ്മെയും വിളിച്ചിരിക്കുന്നത്.

ഇന്ന്, ദൈവത്തിന്റെ പ്രവർത്തനതത്വം അബ്രഹാമിനോട് ആവശ്യപ്പെട്ടതുപോലെയാണ്, നോഹയുടെ നിയോഗം പോലെയല്ല. ഊരിൽനിന്നു അബ്രഹാമിനെ ദൈവം വിളിക്കുമ്പോൾ ദൈവം ലോകജനതയെ മറന്നു എന്നല്ല, മറിച്ച് അബ്രഹാമിലൂടെയാണ് ലോകത്തോട് ഇടപെടുവാൻ പോകുന്നത് എന്ന് വ്യക്തമാക്കുകയായിരുന്നു. ഈ ഒരു മനുഷ്യനിലൂടെ ദൈവം ലോകത്തെ മുഴുവൻ കൈകാര്യം ചെയ്യും. അബ്രഹാം മുഖേന എല്ലാ മനുഷ്യർക്കും അനുഗ്രഹത്തിന്റെ വാതിൽ തുറക്കാൻ വേണ്ടി, ദൈവത്തിന്റെ ജ്ഞാനവും ശക്തിയും കൃപയും നിക്ഷേപിക്കപ്പെട്ട പാത്രമായിരുന്നു അബ്രഹാം.

അങ്ങനെയെങ്കിൽ, ഇത്ര മഹത്തായ ഒരു ദൗത്യത്തിനായി ദൈവത്തിന്റെ പാത്രമായി തിരഞ്ഞെടുക്കപ്പെട്ട ഒരാളുടെ ദൈവത്തെ എങ്ങനെ മനസിലാക്കണം എന്ന് നമ്മിൽ ഒരു ചിന്ത ഉണ്ടായേക്കാം. എന്തെന്നാൽ, ഈ ഒരു വ്യക്തിയുടെ ഉത്തരവാദിത്തം വളരെ വലുതായിരുന്നു. മനുഷ്യന്റെ പരിമിതികൾക്കുള്ളിൽ നിന്നുകൊണ്ട് ബൃഹത്തും, അഗോചരവും, അപ്രമേയവുമായ ദൈവിക പദ്ധതിയും, ദൈവഹിതവും മനുഷ്യനുവേണ്ടിയുള്ള ഉദ്ദേശ്യവും മനസിലാക്കുവാൻ ബുദ്ധിമുട്ടാണ്. എങ്കിലും പരിമിതമായ കഴിവുകളുള്ള മനുഷ്യനെ അത് ബോധ്യപ്പെടുത്തേണ്ടതുമാണ്. അതിനു മനുഷ്യൻ ദൈവത്തിൽ നിന്ന് ജ്ഞാനവും ശക്തിയും കൃപയും പ്രാപിക്കേണ്ടതിനു ദൈവത്തിൽ ആശ്രയിക്കേണ്ടിയിരിക്കുന്നു. ബലഹീനനായ മനുഷ്യനെ ഉപയോഗിച്ച് ബലവാനായ ദൈവം ഈ ദൗത്യനിർവഹണത്തിനായി പ്രവർത്തിക്കുന്നു. അബ്രഹാമിന്റെ ദൈവത്തെ അറിയാനും , മനുഷ്യർക്ക് അബ്രഹാമിന്റെ ദൈവത്തെക്കുറിച്ചു സംസാരിക്കാനും, ദൈവത്തെ അബ്രഹാമിന്റെ ദൈവം എന്ന് വിളിക്കാനും കഴിയേണ്ടതിനാണ് അബ്രഹാം ഇത്രയധികം പരീക്ഷണങ്ങളിലൂടെയും ശോധനകളിലൂടെയും കടന്നുപോകേണ്ടിവന്നത്. അതിൽ നാം അതിശയിക്കേണ്ടതില്ല.

വിശ്വസിക്കുന്ന എല്ലാവരുടെയും പിതാവാണ് അബ്രഹാം എന്ന് നാം കണ്ടു. എല്ലാ ആത്മീയ ഉപദേശങ്ങളും ഗ്രഹിക്കുന്നതു ക്രിസ്തുവിൽ ഒരു പുതിയ സൃഷ്ടിയായി പരിണമിക്കുന്ന അനുഭവത്തെ അടിസ്ഥാനമാക്കിയുള്ളതാണ്. പ്രസംഗത്തിലൂടെ മാത്രം അല്ല എന്ന് വ്യക്തം. ഉപദേശങ്ങൾ ശ്രവിക്കുന്നതുകൊണ്ടോ, അറിവ് പകരുന്ന ഒരു പ്രബോധനത്തിലൂടെയോ മാത്രം രൂപാന്തരം സംഭവിക്കുന്നില്ല. പരിശുദ്ധാത്മ വ്യാപാരത്തിലൂടെ മാത്രമേ അത് സംഭവിക്കുന്നുള്ളു. ഉദാഹരണത്തിന് ഒരു പെൺകുട്ടിയുടെ മുമ്പിൽ ഭയന്നുപോയ പത്രോസ്, പരിശുദ്ധാത്മാവിൽ നിറഞ്ഞു, ദൈവാലയത്തിൽ വച്ച് യഹൂദപ്രമാണികൾക്കു നേരെ കൈചൂണ്ടിക്കൊണ്ട് യേശുവിനെക്കുറിച്ചു, നിങ്ങൾ ക്രൂശിച്ചവനും ദൈവം മരിച്ചവരിൽ നിന്നും ഉയിർപ്പിച്ചവനുമെന്നു പറവാനുള്ള ധൈര്യം ലഭിച്ച സംഭവം. അതുപോലെ തന്നെ വാഗ്ദത്തദേശമായ കനാനിൽ എത്തിയിട്ടും അവിടെ അവകാശം സ്ഥാപിക്കാൻ ശ്രമിക്കാതെ കൂടാരങ്ങളിൽ പാർത്തുകൊണ്ടു പ്രവാസിയെപ്പോലെ ജീവിച്ചു, ദൈവം ശില്പിയും നിർമ്മാതാവുമായി അടിസ്ഥാനമിട്ട ഒരു നഗരത്തിനായി കാത്തിരുന്നു. ദൈവം വാഗ്ദത്തം ചെയ്ത കനാനിൽ എത്തിയിട്ടും തന്റെ യഥാർത്ഥ വാഗ്ദത്തദേശം സ്വർഗ്ഗകനാൻ ആണെന്ന് തിരിച്ചറിഞ്ഞത് തന്നിൽ വ്യാപരിച്ച പരിശുദ്ധാത്മശക്തിയാലാണ്. ഈ നശ്വര ലോകത്തിൽ വെള്ളത്തിലെ കുമിളപോലെ വേഗം അവസാനിക്കുന്ന പദവികളുടെയും സമ്പാദ്യങ്ങളുടെയും (Positions and Possessions) പിന്നാലെ പോയി ലക്ഷ്യം തെറ്റി, ക്രിസ്തുവിനോടുള്ള ഏകാഗ്രതയിൽ നിന്നും നിർമ്മലതയിൽ നിന്നും അകന്നുപോകാതെ സൂക്ഷിക്കുവാൻ സഭയൊന്നടങ്കം ജാഗ്രത പുലർത്തണം എന്നുള്ളത് അതീവ ഗൗരവത്തോടെ കാണേണ്ട വസ്തുതയാണ്. അങ്ങനെ കാണുവാൻ ദൈവം നമ്മെ സഹായിക്കട്ടെ. ●



ചെയ്സ് ജോസഫ്

# ദൈവത്തിന്റെ പക്കൽ അനീതി ഉണ്ടോ?

***ആകയാൽ നാം എന്ത് പറയേണ്ടു? ദൈവത്തിന്റെ പക്കൽ അനീതിയുണ്ടോ? ഒരുനാളും ഇല്ല (റോമർ 9:14).***

**ദൈ**വത്തിന്റെ പക്കൽ അനീതി ഉണ്ടോ എന്ന വേദഭാഗത്തിലെ ഈ ചോദ്യം വളരെ നിർണായകമായി ഉയർത്തപ്പെടുന്ന ഒന്നാണ്. രക്ഷയുടെ പൂർണ കാരണം ദൈവം മാത്രമെന്നാണ് ദൈവത്തിന്റെ പരമാധികാരം എന്ന യാഥാർഥ്യം തെളിയിക്കുന്നത്. പരമാധികാരി എന്ന നിലയിൽ ആരോടും കരുണ തോന്നാൻ ദൈവത്തിനു അധികാരം ഉണ്ട്. എന്ത് കൊണ്ട് കരുണ തോന്നി? എന്താണ് അതിന്റെ അടിസ്ഥാനം? ദൈവം അത് പറയാൻ തയ്യാറാവുന്നില്ല. തീർച്ചയായും ഓരോ തെരഞ്ഞെടുപ്പിലും ദൈവത്തിനു കാരണങ്ങളും ഉദ്ദേശ്യങ്ങളും ഉണ്ട്. പക്ഷെ അതൊന്നും മനുഷ്യനേയോ അവന്റെ പ്രവൃത്തിയെയോ ആശ്രയിച്ചല്ല ഇരിക്കുന്നത്. അതെന്താണ് എന്ന് ദൈവം വെളിപ്പെടുത്താൻ ആഗ്രഹിക്കുന്നില്ല. അതിനു കാരണം, രക്ഷയുടെ മഹത്വം ദൈവം ആർക്കും വിട്ടു കൊടുക്കുന്നില്ല. അതായതു അത് ദൈവത്തിനു മാത്രമുള്ളതാണ്.

അതുകൊണ്ട് ദൈവത്തിന്റെ പ്രവൃത്തി മനുഷ്യനീതിക്കു നിരക്കുന്നതല്ലെങ്കിൽ അത് നാം ചോദ്യം ചെയ്യേണ്ട കാര്യം ഇല്ല എന്ന് പൗലോസ് പറയുന്നു. ദൈവത്തെ ചോദ്യം ചെയ്യുന്നതു വഴി നാം പലപ്പോഴും ദൈവത്തിന്റെ പരമാധികാരത്തെ ചോദ്യം ചെയ്യുകയാണ് ചെയ്യുന്നത്. തെരഞ്ഞെടുക്കാൻ ഉള്ള അധികാരം അവിടുത്തേക്ക് മാത്രം ഉള്ളതാണ് എന്ന് വ്യക്തമാക്കാൻ ദൈവം ആഗ്രഹിച്ചത്കൊണ്ടാണ്, കുട്ടികൾ ജനിക്കുകയോ നന്മയാകട്ടെ തിന്മയാകട്ടെ പ്രവർത്തിക്കുകയോ ചെയ്യുന്നതിന് മുൻപ് തന്നെ തിരഞ്ഞെടുപ്പിൻ പ്രകാരമുള്ള ദൈവനിർണ്ണയം പ്രവർത്തികൾ നിമിത്തമല്ല വിളിച്ചവന്റെ ഇഷ്ടം നിമിത്തം തന്നെ വരേണ്ടതിനു എന്ന് പൗലോസ് അഭിപ്രായപ്പെടുന്നു (റോമർ 9:11). കളിമൺ പാത്രങ്ങളെ എങ്ങനെ മെനയണം എന്ന് തീരുമാനിക്കുന്നത് കുശവൻ ആണ് എന്നും അതിന്മേൽ കളിമൺപാത്രങ്ങൾക്കു ഒരു അവകാശവും ഇല്ല എന്നും പൗലോസ് പറയുന്നു. ഈ പ്രസ്താവന വളരെ നിഷേധാത്മകമാണ് എന്നും നമ്മെ വ്യക്തിത്വമോ തീരുമാനമെടുക്കാൻ പ്രാപ്തിയോ ഇല്ലാത്ത പാത്രങ്ങളെ പോലെ പൗലോസ് കാണുന്നു എന്നും അനേകർ പറഞ്ഞിട്ടുണ്ട്. പക്ഷെ പൗലോസ് ഇത് അക്ഷരാർത്ഥത്തിൽ ആണോ പറയുന്നത്? ദൈവത്തിന്റെ തീരുമാനങ്ങളും അത് നടപ്പാക്കാൻ ഉള്ള ദൈവത്തിന്റെ അപരിമിതമായ ശക്തിയും ആലോചിച്ചാൽ നാം കളിമൺ പാത്രങ്ങളോളം പോലും അവകാശവാദങ്ങൾ ഉള്ളവരല്ല.

എന്നിരുന്നാലും ഞാൻ വിശ്വസിക്കുന്നത്, ഒരു അതിശയോക്തി എന്ന പോലെ പൗലോസ് ഇത് ഒരു ശൈലി ആയി പ്രയോഗിക്കുന്നു എന്നാണ്. അതായതു ഒരു കളിമൺ പാത്രം പോലെ കുശവന്റെ കൈയ്യിൽ ഏൽപ്പിച്ചു ദൈവത്തിന്റെ പണിക്കായി കാത്തിരുന്നു കൊണ്ട് ചോദ്യം ചെയ്യുന്നത് അവസാനിപ്പിക്കാൻ പൗലോസ് പറയുകയാണ്. ദൈവം തന്റെ പരമാധികാരത്തിൽ ചെയ്യുന്ന കാര്യങ്ങൾ നമ്മൾ ചികഞ്ഞെടുക്കേണ്ടതില്ല.

ശരിക്കും ദൈവത്തിന്റെ പക്കൽ അനീതി ഉണ്ടോ? എന്ന് ചോദിച്ചിട്ടു ഒരുനാളും ഇല്ല എന്ന് ഉത്തരം പറയുന്നു. ദൈവത്തിന്റെ ഇഷ്ടത്തോട് ആർ എതിർത്തുനിൽക്കും എന്ന ചോദ്യത്തിന് പൗലോസ് ഉത്തരം നൽകുന്നില്ല. ദൈവത്തിന്റെ ഇ

ഷ്ടത്തെ തടുക്കുവാൻ ആർക്കു കഴിയും. അയ്യോ മനുഷ്യാ, ദൈവത്തോട് പ്രത്യുത്തരം പറയുന്ന നീ ആർ, മനഞ്ഞിരിക്കുന്നതു മെനഞ്ഞവനോടു നീ എന്നെ ഇങ്ങനെ ചമച്ചതു എന്ത് എന്ന ഒരു മറുചോദ്യം അല്ലാതെ ഇതിനപ്പുറമായി പൗലോസ് മറ്റൊരു വിശദീകരണം പറയുന്നില്ല. ചോദ്യങ്ങൾ ഒഴിവാക്കാൻ ആവശ്യപ്പെടുകയാണ് ചെയ്യുന്നത്. ദൈവത്തെ ന്യായീകരിക്കാനും, നീതിമാനാക്കി കാണിക്കുവാനും മനുഷ്യൻ കഷ്ടപ്പെടേണ്ടതില്ല, കാരണം ഒരിക്കൽ ദൈവത്തിന്റെ നീതി നമ്മുടെ മുൻപിൽ വ്യക്തമാവുമ്പോൾ അത് ദൈവത്തെ സ്തുതിക്കുന്നതിന് നമുക്കു കാരണമായിത്തീരും.

ജഡീകമായ ക്രിസ്തീയതയുടെ, അല്ലെങ്കിൽ ശൈശവാവസ്ഥയിലുള്ള വിശ്വാസത്തിന്റെ ഒരു പ്രകടമായ അടയാളം ആണ് ബുദ്ധിപരമായ അന്വേഷണപരത. ദൈവത്തിന്റെ വാക്കുകളെ, വചനത്തെ നമ്മുടെ യുക്തി കൊണ്ട് വ്യാഖ്യാനിക്കാൻ സാധ്യമല്ല.

തുടർന്ന് താഴെ പറയുന്ന ഈ വാക്യങ്ങളെ ശ്രദ്ധിക്കുക:

റോമർ 9:19,20 ആകയാൽ അവൻ പിന്നെ കുറ്റം പറയുന്നതു എന്തു? ആർ അവന്റെ ഇഷ്ടത്തോടു എതിർത്തു നില്ക്കുന്നു എന്നു നീ എന്നോടു ചോദിക്കും. അയ്യോ, മനുഷ്യാ,ദൈവത്തൊടു പ്രത്യുത്തരം പറയുന്ന നീ ആർ? മനഞ്ഞിരിക്കുന്നതു മനഞ്ഞവനോടു: നീ എന്നെ ഇങ്ങനെ ചമെച്ചതു എന്തു എന്നു ചോദിക്കുമോ? അല്ല, കുശവന്നു അതേ പിണ്ഡത്തിൽനിന്നു ഒരു പാത്രം മാനത്തിന്നും മറ്റൊരു പാത്രം അപമാനത്തിന്നും ഉണ്ടാക്കുവാൻ മണ്ണിന്മേൽ അധികാരം ഇല്ലയോ?

ഒരു സ്വാഭാവികമായ ചോദ്യം ആണ്, ഒരു മനുഷ്യൻ രക്ഷപെട്ടില്ലെങ്കിൽ അവനെ കുറ്റം പറയാൻ കഴിയുമോ, ദൈവത്തിന്റെ തീരുമാനം അല്ലെ നടക്കുകയുള്ളൂ. ഇത്തിരി എങ്കിലും മാനവിക ബോധ്യമുള്ള ഒരു മനുഷ്യൻ സ്വാഭാവികമായും ആ ചോദ്യം ചോദിക്കും. പക്ഷെ പൗലോസ് പറയുന്നത് ആ ചോദ്യം തന്നെ ദൈവത്തോടുള്ള ഒരു പ്രതിവാദം ആണെന്നാണ്. അപ്പോൾ എന്താണ് ഈ ഒരു വലിയ പ്രശ്നത്തിനുള്ള പരിഹാരം? നാം ദൈവത്തിന്റെ നീതിയെ വിശ്വസിക്കുക. അവൻ അനീതിയായി ഒന്നും ചെയ്യുകയില്ല, അത് നമുക്ക് മനസ്സിലായാലും ഇല്ലെങ്കിലും.

ഈ വാക്യങ്ങൾ എല്ലാം നാം വായിക്കുമ്പോഴും എന്ത് സമർത്ഥിക്കാൻ ആണ് പൗലോസ് ഇത് പറഞ്ഞത് എന്ന് വ്യക്തമാണ്. അത് ഇസ്രായേൽ രക്ഷ കണ്ടെത്താതെ പോയതിനെക്കുറിച്ചാണ്. ഇസ്രായേൽ ജനതയുടെ എണ്ണം എത്ര പെരുകിയാലും അതിൽ ഒരു ശേഷിപ്പ് മാത്രമേ രക്ഷിക്കപ്പെടുകയുള്ളു എന്നും പൗലോസ് പറയുന്നു. ജഡപ്രകാരം ഉള്ള എല്ലാ മക്കളും ആത്മീക വാഗ്ദത്തങ്ങളുടെ അവകാശികൾ ആകണം എന്നില്ല.

അതിൽ ഒരു തെരെഞ്ഞെടുപ്പുണ്ട്. അത് എങ്ങനെയാണു എന്ന് നമ്മോടു വെളിപ്പെടുത്തുന്നില്ല. അത് കൊണ്ട് ഈ വാക്യങ്ങളിലുള്ള പ്രധാന ആശയം, ആര് വേണമെങ്കിലും ജഡപ്രകാരം സന്തതികൾ ആയേക്കാം. എന്നാൽ വാഗ്ദത്ത സന്തതി എന്ന് വരുമ്പോൾ ദൈവത്തിനു ചില തീരുമാനങ്ങൾ ഉണ്ട്, അത് മനുഷ്യനീതിയെ അടിസ്ഥാനപ്പെടുത്തി ഉള്ളതല്ല, ദൈവത്തിന്റെ സ്വന്തം കാഴ്ചപ്പാടും യുക്തിയും പരമാധികാരവും ആണ്.

ഈ തെരെഞ്ഞെടുപ്പു എന്ന വിഷയം നമ്മെ എത്തിക്കുന്നത്, സർവ മഹത്വവും ദൈവത്തിനു കരേറ്റുന്ന ഒരു ആരാധനയിലേക്കാണ്. കർത്താവെ അങ്ങ് എന്നെ സ്നേഹിച്ചതാണ്, ഞാൻ അങ്ങയെ സ്നേഹിച്ചതല്ല, ദൈവമേ ഞാൻ അങ്ങയെ തെരഞ്ഞെടുത്തതല്ല, അങ്ങ് എന്നെ തെരഞ്ഞെടുത്തതാണ് എന്നാണ് ഒരു വിശ്വാസി പറയേണ്ടത്.

ഒരു ഭക്തൻ ഇപ്രകാരം ഈ സ്ഥിതി വിശേഷത്തെ വ്യാഖ്യാനിക്കുന്നത് ഞാൻ കേട്ടിട്ടുണ്ട്. ലോകമെങ്ങും നാം ദൈവത്തിന്റെ സുവിശേഷത്താൽ ഉള്ള വിളി പ്രസംഗിക്കുന്നു. എല്ലാവരോടും മാനസാന്തരപ്പെടാൻ പ്രസംഗിക്കുകയും നിർബന്ധിക്കുകയും ചെയ്യുന്നു,. എന്നാൽ സഭയ്ക്ക് അകത്തു വരുമ്പോൾ അവിടെ എഴുതിയിരിക്കുന്നത്, ലോകാരംഭത്തിനു മുൻപ് തന്നെ തെരെഞ്ഞെടുക്കപ്പെട്ട എന്റെ ജനമേ എന്നാണ്.

അതിന്റെ ചുരുക്കം ഇങ്ങനെ ആണ്. നിങ്ങൾ ഒരു അർമീനിയനിസ്റ്റിനെ പോലെ (അതായതു മനുഷ്യന്റെ വിശ്വാസം ആണ് അവനെ രക്ഷിക്കുന്നത് എന്ന ഉപദേശം) വിശ്വാസം ഉളവാകുവാൻ വേണ്ടി പ്രസംഗിക്കുക, പ്രതീക്ഷിക്കുക. എന്നാൽ മടങ്ങി വന്നു ഒരു കാൽവിനിസ്റ്റിനെ (ദൈവത്തിന്റെ തെരഞ്ഞെടുപ്പാണ് മനുഷ്യ രക്ഷയ്ക്ക് കാരണം എന്ന ഉപദേശം) പോലെ ആരാധിക്കുക.

ദൈവീക മർമ്മങ്ങൾ വ്യഖ്യാനിക്കുമ്പോൾ പല കാര്യങ്ങളും നമ്മുടെ ബുദ്ധിക്കു അപ്രാപ്യമായിരിക്കാം. എന്നാലും വിശുദ്ധീകരണത്തിലേക്കുള്ള യാത്രയിൽ നമുക്ക് പ്രധാനം ദൈവ വചനം അങ്ങനെ തന്നെ മനസ്സിലാക്കുകയും അതിനു വിധേയപ്പെടുകയും ചെയ്യുക എന്നതാണ്. ●



ജെസ്സി സാജു



# നാത്തൂൻപോരു വരുത്തിയ വിന

ആധുനിക കുടുംബ ജീവിതത്തിലെ പ്രശ്നങ്ങളെപ്പറ്റി പറഞ്ഞു തുടങ്ങിയാൽ പറഞ്ഞുകൊണ്ടേയിരിക്കേണ്ടി വരും. പണ്ടൊക്കെ കുടുംബജീവിതത്തിൽ പ്രശ്നങ്ങൾ ഉണ്ടായിരുന്നില്ലന്നല്ല. എന്നാൽ അന്നൊക്കെ ചില്ലറ പ്രശ്നങ്ങൾ ഉണ്ടായാൽ ഭാര്യഭർത്താക്കന്മാർ അതൊക്കെ തമ്മിൽ പറഞ്ഞു തീർക്കുമായിരുന്നു. ചിലപ്പോൾ ഒന്നോ രണ്ടോ ദിവസങ്ങൾ ഒക്കെ പിണങ്ങി ഇരിക്കും. എന്നാൽ താമസിയാതെ അവർ ഒന്നാകും. പിന്നെ പിണങ്ങിയ കാര്യം പോലും അവർ മറന്നു പോകും. പ്രശ്നങ്ങൾ പറഞ്ഞ് തീർക്കുവാൻ അവർക്ക് പ്രൊഫഷണൽ കൗൺസലർമാർ ഒന്നുമില്ലായിരുന്നു. പ്രശ്നങ്ങൾ പറഞ്ഞ് കോടതി കയറുന്നതിനെപ്പറ്റി അവർ ആലോചിച്ചിരുന്നില്ല. എത്ര പിണങ്ങിയാലും അവരുടെ ഉള്ളിൽ അവർ ഒന്നാണെന്ന് ഒരു ചിന്ത രൂഢമൂലമായിരുന്നു. അവർ തമ്മിൽ ചില്ലറ പിണക്കങ്ങൾ ഒക്കെ ഉണ്ടായിരുന്നാലും അവരെ വേർതിരിക്കുവാൻ അവരുടെ ബന്ധുക്കളെയോ മറ്റാരെയെങ്കിലും അവർ അനുവദിക്കുകയില്ലായിരുന്നു. അവർ ഒരു യൂണിറ്റ് ആയിരുന്നു, മറ്റുള്ളവരൊക്കെ, സ്വന്തം വീട്ടുകാർ പോലും അടിസ്ഥാനപരമായി ആ യൂണിറ്റിന് പുറത്തായിരുന്നു

ഇന്ന് കാര്യങ്ങൾ വ്യത്യസ്തമാണ്. വിവാഹം കഴിഞ്ഞ് ഏറെ താമസിയാതെ ഭാര്യാഭർത്താക്കന്മാർ തമ്മിൽ പടലപ്പിണക്കങ്ങൾ സാധാരണമാകുന്നു. വേർപിരിയാൻ പോലും പല ഭാര്യാഭർത്താക്കന്മാർക്കും മടിയില്ല. പലപ്പോഴും വീട്ടുകാർ തന്നെ അവരുടെ വേർപിരിയലിന് ഒത്താശ നൽകുന്നു. ഇൻലോസുകൾ എന്ന് നാം പറയുന്ന അമ്മായിയപ്പന്മാർ, അമ്മായിയമ്മമാർ, നാത്തൂന്മാർ, അളിയന്മാർ, ഇങ്ങനെയുള്ളവരൊക്കെ പലപ്പോഴും ഭാര്യാഭർത്താക്കന്മാരുടെ സ്വകാര്യജീവിതത്തിൽ ഇടപെട്ട് അവരുടെ കുടുംബ ജീവിതത്തെ തകർക്കുന്നത് പലയിടത്തും നാം കാണുന്നുണ്ട്. ഇതിനെക്കുറിച്ചെല്ലാം പറയാനുണ്ടെങ്കിലും തൽക്കാലം നാത്തൂൻപോരിനെപ്പറ്റി മാത്രം നമുക്ക് ഒന്ന് ചിന്തിക്കാം. അധികമൊന്നും വിശദീകരിക്കുവാൻ പരിശ്രമിക്കുന്നില്ല. വേദപുസ്തകത്തിലെ ഒരു നാത്തൂൻപോരിനെപ്പറ്റി നമുക്ക് ചിന്തിക്കാം.

പഴയനിയമത്തിലെ ഏറ്റവും ശക്തനായ കഥാപാത്രമായിട്ടാണ് നാം മോശെയെ കാണുന്നത്. മോശെയ്ക്കു ഒരു സഹോദരി ഉണ്ടായിരുന്നു മിര്യാം, മോശെയുടെ ഭാര്യ സിപ്പോറ. ഇവർ തമ്മിൽ നേരിട്ട് ഒരു ഏറ്റുമുട്ടൽ വേദപുസ്തകത്തിൽ നാം കാണുന്നില്ലെങ്കിലും അവർ തമ്മിൽ കൃത്യമായ ഒരു പോരുണ്ടായിരുന്നു എന്ന് വരികൾക്കിടയിലൂടെ വായിച്ചാൽ നമുക്ക് മനസ്സിലാക്കാവുന്നതേയുള്ളൂ.

മിര്യാമിന്റെ പൊന്നാങ്ങള ആയിരുന്നു മോശെ എന്ന് നമുക്കെല്ലാം അറിയാം.

മിര്യാമും മോശെയും തമ്മിൽ നല്ല പ്രായവ്യത്യാസം ഉണ്ടായിരുന്നു. മൂന്നുമാസം പ്രായമുള്ള മോശക്കുഞ്ഞിനെ ഞാങ്ങണപ്പെട്ടകത്തിൽ കിടത്തി നദിക്കരയിൽ വെച്ചപ്പോൾ കുട്ടിക്ക് എന്ത് സംഭവിക്കും എന്ന് അറിയുവാൻ നിരീക്ഷണത്തിന് പോയത് മിര്യാം ആയിരുന്നു. ഫറവോന്റെ പുത്രിയുടെ അടുത്ത് മോശക്കുഞ്ഞിനെ വളർത്താൻ എബ്രായ സ്ത്രീയെ (സ്വന്തം അമ്മയെ) ശുപാർശ ചെയ്തതും ഇവൾ തന്നെ ( പുറപ്പാട് 2: 1- 10 ). പിന്നീട് സ്വന്തം അമ്മയുടെ മുലകുടിച്ചു മോശെക്കുഞ്ഞു വളരുമ്പോഴും അവന്റെ സംരക്ഷണച്ചുമതല മിര്യാമിനു തന്നെ ആയിരുന്നിരിക്കണം. പിന്നീട് മോശെ 40 വയസ്സുള്ളപ്പോൾ മിദ്യാനിലേക്ക് ഓടിപ്പോയി (പുറപ്പാട് 2 :15). മിദ്യാന്യപുരോഹിതന്റെ മകൾ സിപ്പോറയെ വിവാഹം കഴിച്ചു (പുറപ്പാട് 2: 21 ).

ഇതൊന്നും മിര്യാം അറിയുന്നില്ല. പിന്നീട് 80 വയസ്സുള്ള മോശെയെ ദൈവം ഇസ്രയേൽ മക്കളുടെ വിമോചകനായി മിസ്രയീമിലേക്കു പറഞ്ഞുവിട്ടു. മോശെ ഭാര്യയെയും പുത്രന്മാരെയും കൂട്ടി മിസ്രയീമിലേക്ക് പോകാൻ ഒരുങ്ങിയെങ്കിലും വഴിയിൽ സത്രത്തിൽ വച്ചുണ്ടായ ചില സംഭവവികാസങ്ങളാൽ ( പുറപ്പാട് 4 :24 - 26 ) മോശെ ഭാര്യയെയും മക്കളെയും മടക്കി അയച്ചു എന്നാണ് നമുക്ക് മനസ്സിലാകുന്നത് (പുറപ്പാട് 18 :2 ). മിസ്രയീമിലേയ്ക്കു ഒറ്റയ്ക്ക് മടങ്ങിയെത്തിയ മോശെയുടെ കൂട്ടാളികൾ, അവന്റെ സഹോദരി മിര്യാമും സഹോദരൻ അഹരോനും ആയിരുന്നു. മോശെ മുഖാന്തരം യഹോവ ഇസ്രയേലിന് ചെയ്ത രക്ഷണ്യ പ്രവർത്തികളുടെ പങ്കാളിയായി മിര്യാമും അഹരോനും ഉണ്ടായിരുന്നു. ചെങ്കടൽ കടന്നതും, മരുഭൂമിയിൽ നടന്നതും, അവർ ഒരുമിച്ച് തന്നെ. പ്രായമേറെ ആയെങ്കിലും മിര്യാമിന് മോശെ ഒരു കുഞ്ഞാങ്ങള ആയിരുന്നു.

അങ്ങനെ മരുഭൂമിയിൽ ഉന്നതസ്ഥാനീയനായി കഴിയുമ്പോഴാണ് മോശെയുടെ അമ്മായിയപ്പൻ മോശെയുടെ ഭാര്യ സിപ്പോറായെയും മക്കളെയും കൊണ്ട് മരുഭൂമിയിലെത്തുന്നത് (പുറപ്പാട് 18: 1 - 27 ). മോശെയുടെ വല്യേച്ചിയായി ഇസ്രായേൽ മക്കളുടെ ഇടയിൽ വിളങ്ങി നിന്നിരുന്ന മിര്യാമിന് മറ്റൊരു സ്ത്രീ (മോശെയുടെ ഭാര്യ) മോശയുടെ ജീവിതത്തിലേക്ക് കടന്നു വരുന്നത് സഹിക്കാൻ ആവുമായിരുന്നില്ല. തന്നെയല്ല ഇതുവരെ മോശെ മിര്യാമിന്റെയും അഹരോന്റെയും വാക്കുകൾക്ക് ചെവി കൊടുത്തിരുന്നെങ്കിൽ, അമ്മായിയപ്പൻ വന്നപ്പോൾ അദ്ദേഹത്തിന്റെ ഉപദേശത്തിനു ചെവി ചായ്ക്കുവാൻ തുടങ്ങി ( പുറപ്പാട് 18 :13 24 ). മോശെ തന്റെ അമ്മായിയപ്പന്റെ വാക്കു കേട്ടു, അവൻ പറഞ്ഞതുപോലെ ഒക്കെയും ചെയ്തു ( പുറപ്പാട് 18: 24 ). മിര്യാമിനും അഹരോനും ദേഷ്യം വരുവാൻ ഇതിൽ കൂടുതൽ കാരണം വേണോ? എല്ലാറ്റിനും കാരണക്കാരി ആ കൂശ്യസ്ത്രീയാണ്, മിര്യാം ആക്രോശിച്ചു (സംഖ്യാപുസ്തകം 12: 1). ഇവിടെ കൂശ്യസ്ത്രീ എന്നത് എത്യോപ്യൻ എന്ന അർത്ഥത്തിലല്ല. കൂശ്യസ്ത്രീ എന്നത് ഒരു പരിഹാസപ്രയോഗം ആണ്. മോശെ വിവാഹം ചെയ്തത് എബ്രായ സ്ത്രീയെ ആയിരുന്നില്ലല്ലോ. ഒരു മിദ്യാന്യ സ്ത്രീയെ ആയിരുന്നു. പുറജാതിക്കാരി എന്ന അർത്ഥത്തിലാണ് മോശെയുടെ ഭാര്യ സിപ്പോറായെ കൂശ്യസ്ത്രീ എന്ന് മിര്യാം വിളിച്ചത്. നാത്തൂൻ പോരിന് ഇതിലും വലിയ ഒരു ഉദാഹരണം വേണോ? മോശെയുടെയും സഹോദരങ്ങളുടെയും കുടുംബബന്ധത്തിൽ അവർ ആസ്വദിച്ചിരുന്ന ഊഷ്മളത നഷ്ടമായി എന്ന് മാത്രമല്ല പ്രശ്നം പരിഹരിക്കാൻ ദൈവം നേരിട്ട് ഇടപെടേണ്ടിയും വന്നു. ഈ കലഹത്തിന്റെ ആലോചനയ്ക്കു തുടക്കം കുറിച്ചത് മിര്യാം ആയതിനാലായിരിക്കണം അവൾ മാത്രം അതിന്റെ ശിക്ഷയും അനുഭവിക്കേണ്ടി വന്നത്. കുഷ്ഠം ബാധിച്ചു പാളയത്തിനു പുറത്തു ഏഴു ദിവസം ക്വാറന്റൈനിൽ ഇരിക്കേണ്ടതായും വന്നു. നോക്കണേ, നാത്തൂൻ പോരു വരുത്തിയ വിന.

**മോശെയുടെയും സഹോദരങ്ങളുടെയും കുടുംബബന്ധത്തിൽ അവർ ആസ്വദിച്ചിരുന്ന ഊഷ്മളത നഷ്ടമായി എന്ന് മാത്രമല്ല പ്രശ്നം പരിഹരിക്കാൻ ദൈവം നേരിട്ട് ഇടപെടേണ്ടിയും വന്നു. ഈ കലഹത്തിന്റെ ആലോചനയ്ക്കു തുടക്കം കുറിച്ചത് മിര്യാം ആയതിനാലായിരിക്കണം അവൾ മാത്രം അതിന്റെ ശിക്ഷയും അനുഭവിക്കേണ്ടി വന്നത്.**

കുടുംബജീവിതത്തെ മുപ്പിരി ചരട് എന്നാണ് തിരുവചനം പഠിപ്പിക്കുന്നത്, നല്ലത് തന്നെ ( സഭാപ്രസംഗി 4 :12 ). എന്നാൽ ദൈവവും ഭർത്താവും ഭാര്യയും എന്ന യൂണിറ്റിലേക്ക്, ആ ഇന്നർ സർക്കിളിലേക്ക് ഒരു ഛിദ്രശക്തികളെയും കയറ്റി വിടരുത്! ദൈവം പണിത കുടുംബങ്ങളെ മനുഷ്യർ തകർത്തു കളയരുത്. •

ബെഞ്ചമിൻ വർഗീസ്

# കേരളത്തിലെത്തിക്കുന്ന വഴിത്തിരിവ്

ഗ്രോവ്സ് സായ്പിനോടൊപ്പം മദ്രാസിൽ (ഇപ്പോഴത്തെ ചെന്നൈ) ചെലവിട്ട ആദ്യനാളുകൾ ഗുണ്ടർട്ടിന് കടുത്ത ആത്മസംഘർഷത്തിന്റേതായിരുന്നു. കൽക്കത്തയിൽ മിഷണറിവേല ചെയ്യുക എന്ന ലക്ഷ്യം മുൻനിർത്തി ഇന്ത്യയിലെത്തും മുമ്പുതന്നെ, അദ്ദേഹം ബംഗാളിയും, തെലുങ്കും, ഹിന്ദുസ്ഥാനിയും സ്വായത്തമാക്കിയിരുന്നു. എന്നാൽ മദ്രാസിലെത്തിയതോടെ ഗ്രോവ്സ് സായ്പ് തന്റെ തീരുമാനം മാറ്റുകയും മദ്രാസിൽ തുടരാനായി ഗുണ്ടർട്ട് ഉൾപ്പെടെ തന്നോടൊപ്പം എത്തിയ പുതിയ മിഷണറി സംഘത്തെ അതിനായി നിർബന്ധിക്കുകയും ചെയ്തു. മനസില്ലാമനസോടെയാണെങ്കിലും ഗുണ്ടർട്ടിന് ഈ തീരുമാനത്തിനു വഴങ്ങേണ്ടതായി വന്നു. അപ്പോൾ മുതൽ ഗുണ്ടർട്ട് തമിഴും അഭ്യസിക്കുവാൻ തുടങ്ങി.

ഗുണ്ടർട്ടിനെ വ്യാകുലപ്പെടുത്തിയ മറ്റൊരുകാര്യം ഗ്രോവ്സിന്റെ പുത്രന്മാർ ദൈവവചന പഠനത്തിനു കാട്ടിയ വിമുഖതയായിരുന്നു. തന്റെ വരവിന്റെ മറ്റൊരുദ്ദേശ്യമായിരുന്നല്ലോ അവരെ ദൈവശാസ്ത്രവും തത്വശാസ്ത്രവും പഠിപ്പിക്കുക എന്നത്. ഇപ്രകാരം നിരാശയിലായിരിക്കുമ്പോൾ ഒരു ദിവസം ഗ്രോവ്സ് സായ്പ് ഗുണ്ടർട്ടിനെ വിളിച്ച് ഒരു ദൗത്യം ഏല്പിച്ചു. അക്കാലത്ത് തിരുനെൽവേലിയിൽ മിഷൻപ്രവർത്തനം നടത്തിക്കൊണ്ടിരുന്ന റെനിയസ് (Charles Theophilus Ewald Rhenius, “Apostle of Tirunelveli) എന്ന ജർമൻ മിഷണറിയെക്കുറിച്ച് ചില അപവാദപ്രചാരണങ്ങൾ ഗ്രോവ്സ് സായ്പിന്റെ ചെവിയിലെത്തുകയുണ്ടായി. ആ ദേശത്തെ വേലയ്ക്കായി ഏകദേശം 13,000 രൂപ ഗ്രോവ്സ് റെനിയസിനു സംഭാവന ചെയ്തിരുന്നു. താൻ കേട്ട വിവരങ്ങളുടെ നിജസ്ഥിതി കണ്ടെത്തുകയെന്ന ഒരു രഹസ്യദൗത്യവുമായി അവിടേയ്ക്ക് അയക്കുവനാണ് ഗ്രോവ്സ് സായ്പ് ഗുണ്ടർട്ടിനെ വിളിപ്പിച്ചത്.

തിരുനെൽവേലിയിലെത്തി റെനിയസിനെ കണ്ട ഗുണ്ടർട്ടിന് തങ്ങൾകേട്ട അപവാദങ്ങളിൽ യാതൊരു വാസ്തവവുമില്ല എന്ന് മനസിലായി. തന്നെയുമല്ല, തിരുനെൽവേലിയിലെ മിഷൻപ്രവർത്തനം അതിശക്തമായി നടക്കുന്നതിനു സാക്ഷിയാകാനും അദ്ദേഹത്തിനായി. ആത്മസമർപ്പണത്തോടെയും അത്യുത്സാഹത്തോടെയും ദിനംപ്രതി കർത്താവിന്റെ വേല ചെയ്യുന്ന റെനിയസിന്റെ പ്രവർത്തനങ്ങൾ കണ്ട്, ഗുണ്ടർട്ടിന്റെ മനംനിറഞ്ഞു. 1837 മാർച്ച് മാസം വരെ റെനിയസിനോടൊപ്പം താമസിച്ചതിനുശേഷമാണ് തിരികെ ഗ്രോവ്സ് സായ്പിന്റെ അടുക്കലേയ്ക്ക് അദ്ദേഹം മടങ്ങിയത്. ക്രിസ്തുവിന്റെ ഒരു നല്ല ഭടനായി ആത്മിക പോർക്കളത്തിൽ പോരാടാനാണ് തന്റെ നിയോഗമെന്ന് ഗുണ്ടർട്ട് അവിടെവെച്ച് തിരിച്ചറിഞ്ഞു, അതിനായി തന്നെത്തന്നെ പൂർണ്ണമായി സമർപ്പിക്കുകയും ചെയ്തു. തിരികെ യാത്രയാക്കുമ്പോൾ റെനിയസ് അദ്ദേഹത്തോട്: എന്നെങ്കിലുമൊരിക്കൽ നിങ്ങൾക്ക് സ്വതന്ത്രമായി പ്രവർത്തിക്കാൻ അനുവാദം ലഭിക്കുന്നുവെങ്കിൽ തിരുനെൽവേലിയിലെ പ്രവർത്തനത്തിനു പ്രാഥമിക പരിഗണന കൊടുക്കണം എന്ന് അഭ്യർത്ഥിച്ചു. ഇങ്ങനെ നിറഞ്ഞ ആവേശത്തോടെ തിരികെ മദ്രാസിൽ എത്തിയപ്പോഴാകട്ടെ, ഗ്രോവ്സ് സായ്പിന്റെ കുടുംബത്തിൽ തകർച്ചയുടെ ദു:ഖവാർത്തയാണ് ഗുണ്ടർട്ട് കേട്ടത്. അതോടെ ആ സംഘത്തിലുണ്ടായിരുന്നവരെല്ലാം ഇനിയെന്തു ചെയ്യേണ്ടൂ എന്ന ധർമ്മസങ്കടത്തിലുമായി. ഗ്രോവ്സ് സായ്പുമായുണ്ടായിരുന്ന സ്നേഹവും കുറേശ്ശെയായി തണുത്തു തുടങ്ങി.

ഒടുവിൽ ചിറ്റൂർ എന്ന സ്ഥലത്ത് പോയി, കർത്താവിന്റെ വേലചെയ്യുവാൻ ഗുണ്ടർട്ടിനു ഒരു അവസരം കൈവരികയും അവിടേയ്ക്ക് പോയി പ്രവർത്തിക്കുകയും ചെയ്തു. ആ ദേശത്ത് അദ്ദേഹം വളരെ അദ്ധ്വാനിച്ചു, ഒടുവിൽ തന്റെ

കുതിരക്കാരനായ ഒരുവ്യക്തി കർത്താവിനെ പിന്തുടരുവാൻ തീരുമാനിക്കുകയും സ്നാനമേൽക്കുകയും ചെയ്തു.

ഇന്ത്യയിലെത്തിയതിനു ശേഷം ഏകദേശം 2 വർഷത്തോളമായിട്ടും തന്റെ സ്വദേശത്തുനിന്നും ഒരു കത്ത് പോലും ഗുണ്ടർട്ടിന് ലഭിച്ചില്ല (അവയൊക്കെ വഴിയിൽ നഷ്ടപ്പെട്ട് പോയെന്നാണ് കരുതപ്പെടുന്നത്). താൻ വളരെ ഏകാന്തത അനുഭവിച്ചെങ്കിലും ഭാരതത്തെ തന്റെ രണ്ടാം സ്വദേശമായി അദ്ദേഹം കരുതാൻ തുടങ്ങി. ഗുണ്ടർട്ടിന്റെ ഏകാന്തതകണ്ട ചില ഇംഗ്ലീഷ് സഹപ്രവർത്തകർ അദ്ദേഹത്തോട് ഗ്രോവ്സിന്റെ സംഘാംഗമായിരുന്ന ജൂലിയ ഡിബോവ എന്ന യുവതിയെ വിവാഹം കഴിക്കുന്ന കാര്യം പരിഗണിക്കാൻ ആവശ്യപ്പെട്ടു. എന്നാൽ ശുശ്രൂഷയുടെ കാര്യത്തിൽ ഒരു സ്ഥിരത ലഭിക്കാത്തതിനാൽ ഗുണ്ടർട്ടിന് അക്കാര്യത്തിൽ ധൈര്യം വന്നില്ല. ഗ്രോവ്സ് സായ്പുമായുണ്ടായിരുന്ന കരാർ കേവലം നാലഞ്ച് വർഷത്തേയ്ക്ക് മാത്രമായിരുന്നതിനാൽ അതിനുശേഷം എന്ത് എന്നത് ഗുണ്ടർട്ടിനു മുമ്പിൽ ഒരു വലിയ ചോദ്യചിഹ്നമായിരുന്നു.

അങ്ങനെയിരിക്കെ 1838 ജൂൺ 5 ന് റെനിയസ് അന്തരിച്ചു എന്ന വാർത്ത ചിറ്റൂരിലുമെത്തി. ഇതറിഞ്ഞ ഗ്രോവ്സ് സായ്പ് ഗുണ്ടർട്ടിനോട് ഇതൊരു ദൈവവിളിയെന്ന് തോന്നുന്നുവെങ്കിൽ തിരുനെൽവേലിയെന്ന വേലസ്ഥലത്തേയ്ക്ക് ചെന്ന് അവിടുള്ള സഹോദരന്മാരെ സഹായിച്ചാൽ നന്നായിരിക്കും എന്ന് പറഞ്ഞു. മുമ്പൊരിക്കൽ റെനിയസ്, തന്നെ തിരുനെൽവേലിയിലേയ്ക്ക് ക്ഷണിച്ചത് ഹൃദയത്തിൽ കരുതിയിരുന്നതിനാൽ അവിടേയ്ക്ക് പോകുവാൻ ഗുണ്ടർട്ട് തയ്യാറായി. അവിടെത്തുമ്പോൾ റെനിയസിനെ കാണാനാവില്ലല്ലോ എന്ന് മാത്രമായിരുന്നു തന്റെ ദു:ഖം. അതുകൊണ്ട് തിരുനെൽവേലിയിലെ സഹോദരന്മാരോട് ഞാൻ സഹായത്തിനായി മാത്രമല്ല, സ്ഥിരമായി പ്രവർത്തിക്കാൻ അങ്ങുവരും എന്ന് അറിയിച്ചു. വിവാഹിതനായി അവിടേയ്ക്ക് വരുന്നതായിരിക്കും നല്ലതെന്ന് അവിടെയുള്ളവർ ഗുണ്ടർട്ടിനെ അറിയിച്ചതനുസരിച്ച് ഗ്രോവ്സ് സായ്പ് വഴി അക്കാര്യം ജൂലിയയോട് അന്വേഷിച്ചു. കർത്താവിന്റെ വേലയിൽ അതീവതത്പരയായിരുന്ന അവരാകട്ടെ ജീവപര്യന്തം മിഷൻവേല ചെയ്യാൻ സമർപ്പിച്ചിരിക്കുന്നുവെങ്കിൽ ഞാൻ വിശ്വാസത്തോടും നന്ദിഭാവത്തോടും കൂടെ സമ്മതിക്കും എന്ന് മറുപടിയും നൽകി. 1838 ജൂലൈ മാസം 23 ന് അവരുടെ വിവാഹം നടന്നു. 2 ദിവസങ്ങൾക്ക് ശേഷം ആ യുവമിഷണറിമാർ തിരുനെൽവേലിയെ ലക്ഷ്യമാക്കി യാത്ര തിരിച്ചു. ഇന്നത്തെ ഭാഷയിൽ ഒരു ഹണിമൂൺ ട്രിപ്പ്. വർഷങ്ങൾ നീണ്ട അനിശ്ചിതത്വത്തിന് ഒടുവിൽ ഒരു മാറ്റം വന്നതിനാൽ ഇരുവരും വളരെ സന്തോഷിച്ചു. മദ്രാസിലെ തങ്ങളുടെ സുഹൃത്ബന്ധങ്ങൾ ഉപേക്ഷിക്കുന്നത് മാത്രമായിരുന്നു കഠിനമായി തോന്നിയത്. പ്രത്യേകിച്ച് ജൂലിയയുടെ സ്കൂളിലെ കുട്ടികൾ വളരെ കരഞ്ഞുംകൊണ്ട് അവരെ വിട്ട് പോകരുതേയെന്ന് അപേക്ഷിച്ചു. ഗ്രോവ്സ് ആകട്ടെ 'എന്റെ വലങ്കൈയ്യും ഇടങ്കൈയ്യും പോയിക്കഴിഞ്ഞാൽ എന്റെ അവസ്ഥ എന്താകും' എന്ന് ദു:ഖിതനായി പ്രലപിച്ചു. ഗുണ്ടർട്ടിനും ജൂലിയയ്ക്കും പ്രിയപ്പെട്ടവരെ പിരിയുന്നതിൽ ദു:ഖമുണ്ടായിരുന്നു. എങ്കിലും തങ്ങളുടെ ശിഷ്ഠജീവിതം ക്രിസ്തുവിന്റെ വേലചെയ്യുവാനുള്ള വയലായ തിരുനെൽവേലിയിലേയ്ക്ക് അത്യധികം ആകാംക്ഷയോടെയും അതിലേറെ ആവേശത്തോടെയും ആണ് പുറപ്പെട്ടത്. അന്ന് മുതൽ ഗുണ്ടർട്ട് സാക്ഷാൽ ഒരു മിഷണറി ആയിത്തീർന്നു. ആ യാത്രയിലുടനീളം അവർ അങ്ങാടികളിൽ പ്രസംഗിക്കയും അനേകരോട് സുവിശേഷം പങ്കുവെയ്ക്കുകയും ചെയ്തു. അവർതമ്മിലുള്ള സ്നേഹത്തേക്കാളധികമായി കർത്താവിനെ സ്നേഹിച്ചിരുന്നു എന്നതിന്റെ തെളിവായിരുന്നു അവരുടെ പ്രവർത്തനം. ആ സന്തോഷം പക്ഷെ അധികം നീണ്ടുനിന്നില്ല. യാത്ര തൃശ്ശിനാപ്പള്ളിയിൽ എത്തിയപ്പോൾ തിരുനെൽവേലിയിൽ നിന്നും വന്ന ഒരു കത്തിലെ വിവരങ്ങൾ അവരെ വ്യസനിപ്പിച്ചു.

**എന്റെ വലങ്കൈയ്യും ഇടങ്കൈയ്യും പോയിക്കഴിഞ്ഞാൽ എന്റെ അവസ്ഥ എന്താകും എന്ന് ദു:ഖിതനായി പ്രലപിച്ചു. ഗുണ്ടർട്ടിനും ജൂലിയയ്ക്കും പ്രിയപ്പെട്ടവരെ പിരിയുന്നതിൽ ദു:ഖമുണ്ടായിരുന്നു.**

കർത്താവിന്റെ തിരുനെൽവേലിയിലെ വേലയ്ക്കായി ജീവിതം ചെലവിടാൻ ഇറങ്ങിത്തിരിച്ച ആ യുവകുടുംബത്തെ മലബാറിലെത്തിച്ച കത്തിന്റെ കഥ അടുത്തലക്കത്തിൽ. ●



## മത്തായിയുടെ സുവിശേഷത്തിലെ ആത്മിക മർമങ്ങൾ

ജോയ് എം. തോമസ്

# കർത്താവിന്റെ മനസ്സലിവിന്റെ ആഴം

**അ**ത് കേട്ടിട്ട് യേശു അവിടംവിട്ടു പടകിൽ കയറി നിർജ്ജനമായ ഒരു സ്ഥലത്തേക്ക് വേറിട്ട് വാങ്ങിപ്പോയി; പുരുഷാരം അത് കേട്ട് പട്ടണങ്ങളിൽ നിന്ന് കാൽനടയായി അവന്റെ പിന്നാലെ ചെന്നു. അവൻ വന്നു വലിയ പുരുഷാരത്തെ കണ്ടു അവരിൽ മനസ്സലിഞ്ഞു അവരുടെ രോഗികളെ സൗഖ്യമാക്കി. വൈകുന്നേരം ആയപ്പോൾ ശിഷ്യന്മാർ അവന്റെ അടുക്കൽ ചെന്നു: ഈ സ്ഥലം മരുഭൂമിയല്ലോ, നേരവും വൈകി; പുരുഷാരം ഗ്രാമങ്ങളിൽപ്പോയി ഭക്ഷണസാധനങ്ങൾ കൊള്ളേണ്ടതിനു അവരെ പറഞ്ഞയയ്ക്കേണം എന്ന് പറഞ്ഞു. യേശു അവരോടു അവർ പോകുവാൻ ആവശ്യമില്ല, നിങ്ങൾ അവർക്കു ഭക്ഷിപ്പാൻ കൊടുപ്പിൻ എന്ന് പറഞ്ഞു. അവർ അവനോടു അഞ്ചു അപ്പവും രണ്ടു മീനും അല്ലാതെ ഞങ്ങൾക്ക് ഇവിടെ ഒന്നുമില്ല എന്ന് പറഞ്ഞു. അതിങ്ങു കൊണ്ടുവരുവിൻ എന്ന് അവൻ പറഞ്ഞു. പിന്നെ പുരുഷാരം പുല്ലിന്മേൽ ഇരിക്കാൻ കല്പിച്ചു; ആ അഞ്ചപ്പവും രണ്ടു മീനും എടുത്തു, സ്വർഗ്ഗത്തേക്കുനോക്കി വാഴ്ത്തി, അപ്പം നുറുക്കി, ശിഷ്യന്മാരുടെ പക്കലും, ശിഷ്യന്മാർ പുരുഷാരത്തിനും കൊടുത്തു. എല്ലാവരും തിന്നു തൃപ്തരായി; ശേഷിച്ച കഷണം പന്ത്രണ്ടു കൊട്ട നിറച്ചെടുത്തു. തിന്നവരോ സ്ത്രീകളെയും പൈതങ്ങളെയും കൂടാതെ ഏകദേശം അയ്യായിരം പുരുഷന്മാർ ആയിരുന്നു. (മത്തായി 14:13 - 21).

**ആളുകളുടെ എണ്ണം നോക്കിയല്ല പ്രത്യുത അവരുടെ അവസ്ഥ കണ്ടാണ് യേശു അവരിൽ മനസ്സലിഞ്ഞത്. പുരുഷാരത്തെ കാണുമ്പോൾ ഇടയനില്ലാത്ത ആടുകളെ പ്പോലെയാണ് കർത്താവ് അവരെ കണ്ടത്**

പുരുഷാരത്തെ കണ്ടു മനസ്സലിഞ്ഞ യേശുവിനെയാണ് നാം സുവിശേഷങ്ങളിൽ കാണുന്നത്. വലിയ പുരുഷാരത്തെ കണ്ടു അവരിൽ മനസ്സലിഞ്ഞു (മത്തായി 14: 14) എന്നു നമ്മുടെ വേദഭാഗത്ത് കാണുന്നു. ആളുകളുടെ എണ്ണം നോക്കിയല്ല പ്രത്യുത അവരുടെ അവസ്ഥ കണ്ടാണ് യേശു അവരിൽ മനസ്സലിഞ്ഞത്. പുരുഷാരത്തെ കാണുമ്പോൾ ഇടയനില്ലാത്ത ആടുകളെപ്പോലെയാണ് കർത്താവ് അവരെ കണ്ടത് ( മത്തായി 9: 36 മർക്കോസ് 6: 34). പുരുഷാരത്തിൽ ഓരോരുത്തരും കർത്താവിനു പ്രധാനപ്പെട്ടവരായിരുന്നു.

ജനങ്ങളിൽ മനസ്സലിഞ്ഞ കർത്താവ് ചെയ്ത അത്ഭുതങ്ങളാണ് സുവിശേഷങ്ങളിൽ രേഖപ്പെടുത്തിയിരിക്കുന്നവ എല്ലാം. നമ്മുടെ വേദഭാഗത്ത് പ്രധാനമായും രണ്ടുവിധ പ്രവർത്തികൾ ആണ് പറഞ്ഞിട്ടുള്ളത്. രോഗികളെ സൗഖ്യമാക്കിയതും, അപ്പം നൽകി പോഷിപ്പിച്ചതും. ധാരാളം രോഗികളെ, അതായത് പലവിധത്തിലുള്ള രോഗങ്ങളാൽ കഷ്ടപ്പെട്ടവരെ കർത്താവു സൗഖ്യമാക്കി. കർത്താവ് എന്നും മനസ്സലിവുള്ളവൻ ആകയാൽ ഇന്നും അവിടുന്ന് പ്രാർത്ഥന കേൾക്കുകയും രോഗികളെ സൗഖ്യമാക്കുകയും ചെയ്യുന്നു. മനസ്സലിവ്

ഉള്ളവരായിരിക്കണം എന്നാണ് നമ്മെക്കുറിച്ചും കർത്താവ് ആഗ്രഹിക്കുന്നത്. മറ്റുള്ളവരുടെ വേദനകളിലും കഷ്ടങ്ങളിലും മനസലിവുള്ളവരായി തകർന്ന ഹൃദയത്തോടെ അവർക്കായി പ്രാർത്ഥിക്കുമ്പോൾ ദൈവം ഇന്നും അത്ഭുതങ്ങൾ പ്രവർത്തിക്കുന്നു. നാം ധ്യാനിക്കുന്ന വേദഭാഗത്ത് അപ്പം നൽകി പോഷിപ്പിച്ച സംഭവമാണ് മത്തായി വിവരിച്ചെഴുതിയിരിക്കുന്നത്.

അതിന്റെ പശ്ചാത്തലം പതിനാലാം അധ്യായത്തിന്റെ ആരംഭം മുതലുള്ള വാക്യങ്ങളിൽ പറയുന്നുണ്ട്. യോഹന്നാൻ സ്നാപകനെ ശിരച്ഛേദം ചെയ്ത സംഭവമാണ് അത്. യേശുവിന്റെ പ്രവൃത്തികളെക്കുറിച്ചു ശ്രുതികേട്ട ഹെരോദാവ് ആശങ്ക ഉള്ളവനായിത്തീർന്നു. യോഹന്നാൻ സ്നാപകൻ മരിച്ചവരുടെ ഇടയിൽ നിന്ന് ഉയിർത്തതാണ് യേശു എന്നും, അതുകൊണ്ടാണ് യേശു ഇത്രയധികം അത്ഭുത പ്രവർത്തികൾ ചെയ്യുന്നത് എന്നുമായിരുന്നു ഹെരോദാവിന്റെ ചിന്ത.

ഹെരോദാവിനെ യേശു ഭയപ്പെട്ടില്ല. അതിന്റെ ആവശ്യം കർത്താവിന് ഇല്ലല്ലോ. ഹെരോദാവിനോട് എതിർക്കുവാനോ, ഹെരോദാവിനെ ശിക്ഷിക്കുവാനോ ഒന്നും കർത്താവ് താൽപര്യം കാണിക്കുന്നില്ല. പ്രത്യുത ഒരു സംഘർഷം ഒഴിവാക്കുവാൻ അവിടംവിട്ട് ഒരു വിജനസ്ഥലത്തേക്ക് മാറിപോകുകയാണ് ചെയ്തത്. യേശുവിന്റെ വിനയത്തിന്റെ ശ്രേഷ്ഠത അല്ലേ നമുക്ക് ഇവിടെ കാണുവാൻ കഴിയുന്നത്. ഇപ്രകാരമുള്ള സാഹചര്യങ്ങളിൽ മത്സരബുദ്ധിയോടും പ്രതികാരബുദ്ധിയോടും കൂടെ പ്രവർത്തിക്കുന്നതല്ലേ മനുഷ്യസ്വഭാവം. കർത്താവിന്റെ മാതൃക പിന്തുടരുവാൻ നമുക്ക് കഴിയട്ടെ.

വിജനസ്ഥലത്തു എത്തിയ കർത്താവ് ഏകാന്തതയിൽ അൽപസമയം ചിലവഴിക്കുവാൻ ആണ് ആഗ്രഹിച്ചത് എന്ന് നമുക്കനുമാനിക്കാം. എന്നാൽ യേശു പോയതറിഞ്ഞ ജനങ്ങൾ യേശുവിനെ പിന്തുടർന്ന് അവിടെയെത്തി. തന്നെ പിന്തുടർന്ന ജനം തന്റെ സ്വസ്ഥത കെടുത്തുന്നു എന്നോ, ഒരു ശല്യം എന്നോ അല്ല കർത്താവ് കരുതിയത്. കർത്താവ് അവരെ വാത്സല്യത്തോടെ സ്വീകരിച്ചു. അവരുടെ പ്രശ്നങ്ങളുടെ അവസ്ഥയിൽ അവിടുന്ന് അവരെ കണ്ടു. അവരിൽ മനസ്സലിഞ്ഞു, അവരുടെ രോഗികളെ സൗഖ്യമാക്കുകയും നിത്യജീവ മൊഴികൾ ഉദ്ബോധിപ്പിക്കുകയും ചെയ്തു. കർത്താവ് നമുക്ക് മാതൃക കാട്ടുകയായിരുന്നു. യേശുവിന്റെ അടുക്കൽ വന്ന ജനങ്ങൾക്ക് നേരം വൈകുന്നതിൽ

**കർത്താവ് അവരെ വാത്സല്യത്തോടെ സ്വീകരിച്ചു. അവരുടെ പ്രശ്നങ്ങളുടെ അവസ്ഥയിൽ അവിടുന്ന് അവരെ കണ്ടു. അവരിൽ മനസ്സലിഞ്ഞു, അവരുടെ രോഗികളെ സൗഖ്യമാക്കുകയും നിത്യജീവ മൊഴികൾ ഉദ്ബോധിപ്പിക്കുകയും ചെയ്തു.**

ആശങ്ക ഉണ്ടായിരുന്നില്ല. നേരത്തെ പിരിഞ്ഞു പോകണം എന്നോ രാത്രിയിലെ ഭക്ഷണത്തെക്കുറിച്ചോ ഒന്നും ഉള്ള ചിന്ത അവരെ അലട്ടിയില്ല. അവരുടെ മനസ്സിൽ പൂർണ്ണസമാധാനം അനുഭവിച്ചു. ഇന്ന് കർത്താവിനോട് ദൃഢമായ ആത്മബന്ധം സൂക്ഷിക്കുന്നവർ അനുഭവിക്കുന്ന ഹൃദയസമാധാനത്തിന് നിഴൽ ആയിട്ടുള്ള ഒന്നാണത്.

നേരം വൈകുന്നു എന്നും, തങ്ങൾ ആയിരിക്കുന്നത് ഒരു വിജനസ്ഥലത്ത് ആണെന്നും തങ്ങളുടെ ഗ്രാമങ്ങളിൽ പോയി ഭക്ഷണ സാധനങ്ങൾ വാങ്ങുവാൻ പുരുഷാരത്തെ പറഞ്ഞയക്കണം എന്നും ശിഷ്യന്മാർ കർത്താവിനോട് പറയുന്നതായിട്ടാണ് രേഖപ്പെടുത്തുന്നത്. മർക്കോസും ലൂക്കോസും അത് ശരിവയ്ക്കുന്നു (മർക്കോസ് 6: 35,36 , ലൂക്കോസ് 9 : 12). ഗുരുവും ശിഷ്യന്മാരും തമ്മിലുണ്ടായിരുന്ന ബന്ധത്തിന്റെ സുതാര്യതയും ഊഷ്മളതയും ആണ് ഇത് വെളിപ്പെടുത്തുന്നത്. കർത്താവും ശിഷ്യന്മാരും പരസ്പരം തുറന്ന് ഇടപെട്ടിരുന്നു. ശിഷ്യന്മാർ മുന്നോട്ടുവെച്ച നിർദേശം കർത്താവ് സ്വീകരിച്ചു. അപ്പോൾ തന്നെ അവരുടെ വിശ്വാസത്തെ ഉറപ്പിക്കാനും വളർത്തുവാനും കർത്താവ് ആ സാഹചര്യത്തെ ഉപയോഗിക്കുകയും ചെയ്തു. നോക്കുക, കർത്താവു നൽകുന്ന മറ്റൊരു മാതൃക!

ജനങ്ങളെക്കുറിച്ചുള്ള ശിഷ്യന്മാരുടെ കരുതലും ഉത്തരവാദിത്വബോധവും അഭിനന്ദനാർഹമാണ്. കർത്താവ് അതിൽ തീർച്ചയായും സന്തോഷിച്ചിട്ടുണ്ട്. ആ വിജനസ്ഥലത്ത് അവർക്ക് അനുഭവപ്പെട്ട നിസ്സഹായവസ്ഥ അവരുടെ വിശ്വാസം വളരേണ്ടതിന്റെ ആവശ്യം ബോധ്യപ്പെടുത്തുന്നു. അതുകൊണ്ട് അപ്പം നൽകി ജനങ്ങളെ പോഷിപ്പിക്കാൻ കർത്താവ് തന്റെ വാത്സല്യ ശിഷ്യന്മാരെ തന്നെ ഉപയോഗിച്ചു. അങ്ങനെ പരിമിതികളില്ലാതെ പ്രവർത്തിക്കുന്ന കർത്താവിന്റെ പ്രവൃത്തിയെക്കുറിച്ച് അവർക്ക് ഒരു അനുഭവപാഠം കൂടെ ലഭിച്ചു.

ഭക്ഷണസാധനങ്ങൾ വാങ്ങേണ്ടതിന് അവർ പോകുവാൻ ആവശ്യമില്ല. നിങ്ങൾ അവർക്ക് ഭക്ഷിക്കുവാൻ കൊടുപ്പിൻ എന്ന് കർത്താവ് തന്റെ ശിഷ്യന്മാർക്ക് നിർദ്ദേശം കൊടുത്തു. തങ്ങളെ ഏൽപ്പിച്ച ആ ഭാരിച്ച ഉത്തരവാദിത്വം നിർവഹിക്കുവാൻ ഞങ്ങൾ പ്രാപ്തരല്ല എന്നാണ് ശിഷ്യന്മാർക്ക് തോന്നിയത്. അഞ്ച് അപ്പവും രണ്ടു മീനും അല്ലാതെ തങ്ങളുടെ പക്കൽ ഒന്നുമില്ല എന്ന് അവർ പറയുമ്പോൾ തങ്ങളെ ഏൽപ്പിച്ച ഉത്തരവാദിത്വം നിർവഹിക്കാനുള്ള അവരുടെ പ്രാപ്തിയില്ലായ്മയാണ് യേശുവിന്റെ മുൻപിൽ അവർ തുറന്നു കാട്ടിയത്.

കർത്താവ് തന്റെ ശിഷ്യന്മാർക്ക് ഉത്തരവാദിത്തങ്ങൾ നൽകി, മാറി നിൽക്കുന്നവൻ അല്ല, മറിച്ച് അത് നിർവഹിക്കുവാൻ അവരെ ശക്തികരിച്ച് പ്രാപ്തി നല്കുന്നവനാണ് എന്ന് താൻ ചെയ്ത പ്രവൃത്തിയിലൂടെ നമ്മെയും പഠിപ്പിക്കുകയാണ്. പുരുഷാരത്തെ പുല്ലിന്മേൽ ഇരുത്തുവാൻ ശിഷ്യന്മാർക്ക് കൽപ്പന കൊടുത്തിട്ട്, ആ അഞ്ചു അപ്പവും രണ്ടു മീനും എടുത്തു അനുഗ്രഹിച്ച്, നുറുക്കി ശിഷ്യന്മാർക്ക് കൊടുത്തു. പുരുഷാരത്തിനു അത് വിളമ്പി നൽകുവാൻ ശിഷ്യന്മാരോട് ആവശ്യപ്പെട്ടു. അവർ അത് അനുസരിച്ചപ്പോൾ കർത്താവ് ചെയ്ത അത്ഭുതം അവർ അനുഭവിച്ചറിയുകയായിരുന്നു. എല്ലാവരും ഭക്ഷിച്ച് തൃപ്തരായി അപ്പനുറുക്കുകൾ ശേഷിപ്പിച്ചിരിക്കുന്നു, നിങ്ങൾ തന്നെ അവർക്ക് ഭക്ഷിപ്പാൻ കൊടുക്കുവിൻ എന്നു പറഞ്ഞ കർത്താവ് അവരെക്കൊണ്ട് തന്നെ ആ മുഴുവൻ ജനങ്ങളെയും പോഷിപ്പിച്ചു.

നാം ചെയ്യേണ്ടതിന് കർത്താവ് നമ്മോട് പറയുന്ന കാര്യങ്ങൾ അസാധ്യമാണ് എന്ന് ചിലപ്പോൾ നമ്മുടെ ബുദ്ധി പറയും. നമുക്ക് പരിമിതികൾ ഉള്ളതിനാൽ നിസ്സഹായരാണ് നാം എന്ന് ചിന്തിക്കാം. എന്നാൽ കർത്താവ് പറയുന്നത് അനുസരിക്കുവാൻ തീരുമാനിച്ചാൽ കർത്താവ് നമുക്ക് പ്രാപ്തിയും ശക്തിയും തരും. അവിടുന്ന് ഏൽപ്പിച്ച കാര്യങ്ങൾ നമ്മെക്കൊണ്ട് നിർവഹിപ്പിക്കും എന്നതിന് സംശയം വേണ്ട.

അഞ്ചപ്പവും രണ്ടു മീനും കണ്ടിട്ട് ഇതെന്തുള്ളു എന്ന മനോഭാവം ആയിരുന്നില്ല കർത്താവിന്. ഇവിടെ ശിഷ്യന്മാരുടെ മനോഭാവവും കർത്താവിന്റെ മനോഭാവവും വിരുദ്ധ ധ്രുവങ്ങളിൽ ആണ് നിൽക്കുന്നത്. ശൂന്യതയും ഇല്ലായ്മയും ആണ് ശിഷ്യന്മാർ കാണുന്നതെങ്കിൽ, നിറവും സമൃദ്ധിയും ആണ് കർത്താവ് കാണുന്നത്. കർത്താവു നമ്മെ

**ഇവിടെ ശിഷ്യന്മാരുടെ മനോഭാവവും കർത്താവിന്റെ മനോഭാവവും വിരുദ്ധ ധ്രുവങ്ങളിൽ ആണ് നിൽക്കുന്നത്. ശൂന്യതയും ഇല്ലായ്മയും ആണ് ശിഷ്യന്മാർ കാണുന്നതെങ്കിൽ, നിറവും സമൃദ്ധിയും ആണ് കർത്താവ് കാണുന്നത്.**

ഏൽപ്പിക്കുന്ന പ്രവർത്തികൾ ചെയ്യുവാൻ ഇല്ലായ്മ ഒരു പ്രശ്നം ആവുകയില്ല എന്നത് നാം ഓർക്കേണ്ടതുണ്ട്. ഇല്ലായ്മയെ പഴിചാരി കർത്തൃവേലയിൽ നാമാരും അലസരാകരുത്. സാമ്പത്തികസമൃദ്ധി ആഗ്രഹിച്ചു കർത്താവിനെ സേവിക്കുകയോ കർത്തൃവേല ചെയ്യുകയോ അരുതുതാനും. കർത്താവു അഞ്ചപ്പവും രണ്ടു മീനും എടുത്തു കൊണ്ട് സ്വർഗ്ഗത്തിലേക്ക് പിതാവിന്റെ മുഖത്തേക്കാണ് നോക്കിയത്.

നന്ദി പറഞ്ഞിട്ട് ആ അപ്പത്തെ അനുഗ്രഹിച്ച് നുറുക്കി. ഉള്ളതിൽ തൃപ്തി ഉള്ളവരായി ലഭിച്ച എല്ലാത്തിനും നന്ദി പറഞ്ഞുകൊണ്ട്, ഇപ്പോഴത്തെ ആവശ്യങ്ങൾ ദൈവത്തോട് പ്രാർത്ഥനയിൽ അറിയിക്കുക എന്നതാണ് നാം ചെയ്യേണ്ടത്.

പൗലോസ് അപ്പോസ്തലൻ നമ്മെ ഉപദേശിക്കുന്നതും അങ്ങനെയല്ലേ? ഒന്നിനെക്കുറിച്ചും വിചാരപ്പെടരുത്, എല്ലാറ്റിലും പ്രാർത്ഥനയാലും അപേക്ഷയാലും നിങ്ങളുടെ ആവശ്യങ്ങൾ സ്തോത്രത്തോടുകൂടെ ദൈവത്തോട് അറിയിക്കുയത്രേ വേണ്ടത്. എന്നാൽ സകലബുദ്ധിയെയും കവിയുന്ന ദൈവസമാധാനം നിങ്ങളുടെ ഹൃദയങ്ങളെയും നിനവുകളെയും ക്രിസ്തുയേശുവിങ്കൽ കാക്കും (ഫിലിപ്പിയർ 4: 6, 7).

കർത്താവ് നമുക്ക് കാട്ടിത്തന്ന മാതൃക ഇതു തന്നെയാണ്. അന്ന് അപ്പവും മീനും വർധിപ്പിച്ചതു പോലെ ഇന്നും സംഭവിക്കുമോ? ചില പ്രത്യേക വിഷമഘട്ടങ്ങളിൽ അവരുടെ നിസ്സഹായാവസ്ഥയിൽ, ഞെരുക്കത്തിൽ ദൈവം പ്രവർത്തിച്ച അനുഭവങ്ങൾ ഭക്തന്മാരുടെ ജീവിതത്തിൽ ഉണ്ട്. അത് വ്യക്തിപരമായ ജീവിതാനുഭവങ്ങളാണ്. പരിമിതികൾ നമുക്ക് മാത്രമേ ഉള്ളൂ, ദൈവത്തിന് ഒരു പരിമിതിയും ഇല്ലല്ലോ. ദൈവം തന്റെ ഇഷ്ടപ്രകാരം ഇന്നും പ്രവർത്തിക്കുന്നു എന്നത് ഒരു യാഥാർഥ്യമാണ്. കർത്താവിന്റെ മനസ്സലിവിന്റെ ആഴം വളരെ വലുതാണ്! ●

## 9 യേശുവിന്റെ മരണത്തിലും ജീവനിലും പങ്കാളികൾ

ഞാനും യേശുവിനോടുകൂടെ മരിച്ചു; യേശുവിനോടുകൂടെ അടക്കപ്പെട്ടു; യേശുവിനോടുകൂടെ ജീവിച്ചെഴുന്നേറ്റു. ഈ ആത്മീയ യാഥാർഥ്യത്തിന്റെ ചിഹ്നമാണു സ്നാനം...! യേശുവിനോടു കൂടെ ജീവിച്ചെഴുന്നേറ്റ എനിക്കു ഇനി യേശുവിനെ വിട്ട് സ്വന്തം ജീവിതം ജീവിക്കാൻ കഴിയില്ല. കാരണം, ഞാൻ യേശുവിനോടു ബന്ധപ്പെട്ടിരിക്കയാണല്ലോ. ഇനി യേശുവിന്റെ ജീവിതമാണു എന്റെ ജീവിതം. യേശു എന്നിലും ഞാൻ യേശുവിലും! യേശുവിനോടു കൂടെ ഞാൻ ജീവിച്ചെഴുന്നേറ്റത് യേശുവിനോടു കൂടെ ജീവന്റെ പുതുക്കത്തിൽ നടക്കേണ്ടതിനാണ്! (റോമർ 6: 4).

ഇപ്പോൾ ഞാൻ യേശുവിന്റെ മരണത്തിൽ മാത്രമല്ല, ജീവനിലും പങ്കാളിയാണ്. യേശുവുമായി ബന്ധപ്പെട്ടിരിക്കുന്നതിനാൽ ഈ എല്ലാറ്റിലും ഞാൻ യേശുവിന്റെ പങ്കാളിയാണ്.

പിതാവിന്റെ മഹിമയിൽ ദൈവസിംഹാസനം പങ്കുവച്ചിരുന്ന പുരാതനനായ ക്രിസ്തു (pre-existent Christ) വിന്റെ പങ്കാളിയാവാൻ എനിക്ക് ഇനി കഴികയില്ലല്ലോ, പ്രത്യുത, കാൽവറി ക്രൂശിലെ യേശു മുതൽ ഇനിയുള്ള ക്രിസ്തുവിന്റെ എല്ലാ അവസ്ഥകളിലും തേജസ്സിനും മഹിമയ്ക്കുമെല്ലാം ഞാനും അവകാശിയാണ്! കർത്താവിന്റെ മരണത്തിനും ജീവനും മഹിമയ്ക്കും നമ്മെ പങ്കാളികളാക്കിയതിനായി സ്തോത്രം ചെയ്യാം. ●

## 11 ഭക്തിയും ആദരവും... ആരാധനയിൽ

**2. യേശുക്രിസ്തുവിൽ നാം അവകാശം പ്രാപിച്ചു, എന്തിനായി?**

തന്റെ ഹൃദയത്തിന്റെ ആലോചന പോലെ സകലവും പ്രവർത്തിക്കുന്നവന്റെ നിർണ്ണയപ്രകാരം മുന്നിയമിക്കപ്പെട്ടിരിക്കുന്നു. എന്തിനായി? നാം അവിടുത്തെ മഹത്വത്തിന്റെ പുകഴ്ചയ്ക്ക് ആകേണ്ടതിന്നു തന്നെ (എഫേസ്യർ 1 :11, 12 ).

**3. നാം നമ്മുടെ അവകാശത്തിന്റെ അച്ചാരമായ പരിശുദ്ധാത്മാവിനാൽ മുദ്രയിടപ്പെട്ടവരാണ്.** എന്ത് ഉദ്ദേശ്യത്തോടു കൂടെ? തന്റെ മഹത്വത്തിന്റെ പുകഴ്ച്ചക്കായിട്ട് (എഫെസ്യർ 1:14).

ഈ മൂന്ന് സന്ദർഭങ്ങളിലും ആവർത്തിക്കപ്പെടുന്നത് നാം കർത്താവിന്റെ മഹത്വത്തിന്റെ പുകഴ്ചയ്ക്ക് ആകണം എന്നാണ്. ചില ക്രിയകളിൽ കൂടെ ദൈവത്തിന് പുകഴ്ച്ച നൽകണം എന്നതിനമുപരിയായി, നമ്മുടെ അസ്തിത്വവും വ്യക്തിത്വവും ദൈവത്തിന് മഹത്വം നൽകുന്നതായിത്തീരണം. ഈ ജീവിതാവസ്ഥയാണ് ദൈവത്തിനു പ്രസാദകരമായ ആരാധന. പിന്നെ, കൂടിവരുമ്പോൾ ചെയ്യുന്നതൊക്കെയും (പാടുന്നതും ആടുന്നതും ആർത്തുഘോഷിക്കുന്നതുമെല്ലാം) മഹത്വത്തിന്റെ പുകഴ്ച്ചക്കായിട്ടുള്ള ജീവിതത്തിന്റെ ദൃശ്യമായ പ്രകടനമാണ്. അത് പലരും പല വിധത്തിൽ പ്രകടമാക്കുന്നു എന്ന് മാത്രം. കർത്താവ് പറഞ്ഞിരിക്കുന്നത് നമ്മുടെ ആരാധന ആത്മാവിലും സത്യത്തിലും ആയിരിക്കണമെന്നാണ്. ദൈവത്തിന്റെ ആത്മാവുമായി സമ്പർക്കം പുലർത്തുന്ന മനുഷ്യഘടകം മനുഷ്യന്റെ ആത്മാവാണ്. ഒരു വ്യക്തി ദൈവപൈതലായിത്തീരുമ്പോൾ മാത്രം അയാളുടെ ആത്മാവ് ജീവനുള്ളതാകുന്നു. ആ ആത്മാവിലാണ് ആത്മാവായ ദൈവത്തെ ആരാധിക്കേണ്ടത്. അപ്പോൾ ദൈവത്തോട് നമുക്കുള്ള ആദരവും ബഹുമാനവും സ്നേഹവും പ്രകടമാക്കുവാൻ ശരീരാവയവങ്ങളെ ആത്മാവിന് വിധേയപ്പെടുത്തിക്കൊടുക്കണം. അല്ലാതെ വീണ്ടുംജനന അനുഭവം ഇല്ലാത്തവർ പരപ്രേരണ പ്രകാരം കാണിക്കുന്ന ബാഹ്യപ്രകടനങ്ങൾ ആരാധന നയിക്കുന്നവരെ സന്തോഷിപ്പിച്ചു എന്നു വരാം. ദൈവം അവ സ്വീകരിക്കുന്നില്ല. കാരണം അവ ആത്മാവിൽ അല്ല, ആത്മാർത്ഥതയോടെ കൂടെയും അല്ല. അവയെ സത്യത്തിൽ ഉള്ള ആരാധന എന്ന് വിശേഷിപ്പിക്കാൻ കഴിയുകയുമില്ല .പൈശാചിക പാരതന്ത്ര്യത്തിൽ നിന്നും കർത്താവായ യേശു മുഖാന്തരം വിടുതൽ പ്രാപിച്ച ജനം സ്വമേധയ ആരാധിക്കുന്നത് ദൈവത്തിന് പ്രസാദകരമായ അനുഭവമാണ്.

ഈ ആരാധന വിടുതൽ ലഭിക്കുവാൻ വേണ്ടിയല്ല, വിടുതൽ ലഭിച്ചതിനാലാണ്. നമ്മുടെ വ്യക്തിജീവിതങ്ങളും കൂടിവരവുകളും സത്യ ആരാധനയുടെ വേദികൾ ആകട്ടെ! ●

# ഓൺലൈൻ വിവാഹം

കഴിഞ്ഞ 2021 ഡിസംബറിൽ വീട്ടുകാർ നിശ്ചയിച്ചുറപ്പിച്ച വിവാഹം, കോവിഡ് മൂലം സമയത്ത് നടക്കാതെ വന്നതിനാൽ ഓൺലൈനിൽ കൂടി വിവാഹം നടന്നതു ഏപ്രിലിൽ മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്തിരുന്നു. ന്യൂസിലാൻഡിൽ ജോലി ചെയ്യുന്ന വരന് കോവിഡ് നിയന്ത്രണങ്ങൾ നിമിത്തമുള്ള യാത്രാവിലക്കുകൾ കാരണം നാട്ടിൽ എത്താൻ കഴിയാതെ പോയതാണ് വിവാഹം നീണ്ടുപോകാൻ കാരണം. തുടർന്ന് ഹൈക്കോടതിയുടെ അനുമതിയോടെയാണ് ഓൺലൈനിൽക്കൂടി വിവാഹം നടത്തിയത്. സബ് രജിസ്ട്രാർ, കമ്പ്യൂട്ടർ സ്ക്രീനിലെ ഗൂഗിൾമീറ്റിലൂടെ വധൂവരന്മാരോട് സമ്മതം ചോദിച്ചു കൊണ്ടാണ് വിവാഹരജിസ്ട്രേഷൻ നടത്തിയത്. ഇതിന്റെ പരിമിതി എന്നത് പ്രിയപ്പെട്ടവരുടെ സാന്നിധ്യം നഷ്ടമാകുന്നു, ഗൃഹപ്രവേശം, സദ്യ എന്നു തുടങ്ങി അനവധി കാര്യങ്ങൾ ഓൺലൈനിൽ ലഭ്യമല്ല എന്നിങ്ങനെയാണ്. കഴിഞ്ഞ മൂന്ന് ദശകങ്ങളിലായി വിവര സാങ്കേതിക വിദ്യ അഭൂതപൂർവമായ കുതിച്ചുചാട്ടമാണ് നടത്തിയിട്ടുള്ളത്. ആശയവിനിമയത്തിന് പരിമിതമായ സാഹചര്യങ്ങൾ മാത്രമായിരുന്നു മുൻകാലങ്ങളിൽ ഉണ്ടായിരുന്നത്. നവമാധ്യമങ്ങളുടെ മുന്നേറ്റം മനുഷ്യസമൂഹത്തിന് ഫലപ്രദവും ഗുണപ്രദവും ആക്കുവാൻ കഴിഞ്ഞിട്ടുണ്ടോ എന്ന് നാം വിലയിരുത്തേണ്ടതാണ്.

നവമാധ്യമങ്ങളുടെ കടന്നുവരവ് ഉന്നതവിദ്യാഭ്യാസത്തിന് വളരെ പ്രയോജനം ചെയ്തിട്ടുണ്ട്. സ്വന്തം അഭിപ്രായങ്ങൾ വ്യക്തമായി പ്രകടിപ്പിക്കുവാനും, ആഗ്രഹിക്കുന്ന ആർക്കും അവരവരുടെ ആശയങ്ങൾ പ്രചരിപ്പിക്കുവാനും നവമാധ്യമങ്ങൾ വലിയ പങ്കാണ് വഹിക്കുന്നത്. വിവിധതരം അറിവുകൾ ആർജ്ജിക്കുവാനും വിദേശരാജ്യങ്ങളിൽ ജോലി സമ്പാദിക്കുവാനും ലോകത്ത് നടക്കുന്ന ഏതു വാർത്തകളും നിമിഷനേരംകൊണ്ട് കാണുവാനും അറിയുവാനും സാധിച്ചു കൊണ്ടിരിക്കുന്നത് നവമാധ്യമങ്ങൾ നിമിത്തം ആകുന്നുവെന്നു നിസ്സംശയം പറയാം. ഇതുപോലെ ഒരുപാട് ഗുണങ്ങളും പ്രയോജനങ്ങളും ഉണ്ടെങ്കിൽത്തന്നെയും അതിനേക്കാളേറെ ദോഷവശങ്ങളാണുള്ളത്.

സൈബർ കുറ്റകൃത്യങ്ങളും, നവമാധ്യമങ്ങളിൽക്കൂടി നടത്തുന്ന ഭീഷണികളും, വിദ്വേഷം നിറഞ്ഞതോ തെറ്റായതോ ആയ വിവരങ്ങൾ പ്രചരിപ്പിക്കുന്നതും ക്രമാതീതമായി വർദ്ധിച്ചു. നല്ല നിലയിൽ പഠിച്ചിരുന്ന പല കുട്ടികളും പഠനത്തിൽ പിന്നോക്കം പോയി. തെറ്റായ പ്രേമബന്ധങ്ങളിൽ അകപ്പെട്ടു വിദ്യാഭ്യാസത്തിൽ ശ്രദ്ധകേന്ദ്രീകരിക്കാൻ കഴിയാതെ പല കുട്ടികളുടെയും ഭാവി തകർന്നടിഞ്ഞു. മാതാപിതാക്കൾ അറിയാതെ അവരുടെ അക്കൗണ്ടിലുള്ള പണം ഉപായത്തിൽ അപഹരിച്ച് എടുക്കുന്ന സംഭവങ്ങൾ പലയിടങ്ങളിലും ഉണ്ടായി. ബന്ധുവീടുകളിൽ ഉള്ള സന്ദർശനങ്ങൾ കുറഞ്ഞു. മനുഷ്യർ തമ്മിൽ അകൽച്ച വർധിച്ചു. കുടുംബപ്രാർത്ഥനയിലെ ആത്മാർത്ഥമായ പങ്കാളിത്തം പലർക്കും നഷ്ടപ്പെട്ടു. കുടുംബാംഗങ്ങളോടൊത്ത് ഭക്ഷണം കഴിക്കുന്ന പതിവ് ഇല്ലാതെയായി. നവമാധ്യമങ്ങൾ യുവജനങ്ങളെ കുടുംബബന്ധങ്ങളിൽ നിന്ന് അകറ്റി. ക്ലാസ്സ് കഴിഞ്ഞു വരുന്ന കുട്ടികളും ജോലി കഴിഞ്ഞ് വരുന്നചെറുപ്പക്കാരും വീട്ടിൽ വന്നാൽ അവരവരുടെ മുറിയിൽ കയറി തനിച്ചിരുന്ന് മൊബൈലിൽ സമയം ചെലവഴിക്കുന്നത് വീടുകളിലെ പതിവ് കാഴ്ചയായി. ഇക്കാര്യത്തിൽ പല മാതാപിതാക്കൾക്കും മക്കളെ നിയന്ത്രിക്കുവാൻ കഴിയുന്നില്ല. അവരെ കുറ്റപ്പെടുത്തുന്നതും വിമർശിക്കുന്നതും അടിച്ചേൽപ്പിക്കുന്നതുമായ ഇടപെടലുകൾ നിമിത്തം പലപ്പോഴും പല കുടുംബങ്ങളും നരകതുല്യമായി. അടുത്തടുത്താണിരിക്കുന്നതെങ്കിൽ പോലും മൊബൈലിൽ നിന്ന് കണ്ണെടുക്കുകയോ, അടുത്തിരിക്കുന്നതു ആരെന്നു ശ്രദ്ധിക്കുകയോ പോലും ചെയ്യാതെ, വ്യക്തിബന്ധങ്ങൾ അകലുന്നത് സമൂഹത്തിന്റെ കെട്ടുറപ്പിനെ പ്രതികൂലമായി ബാധിക്കുന്ന ഗുരുതരമായ പ്രത്യാഘാതങ്ങൾക്കു കാരണമാകും.

എല്ലാക്കാര്യങ്ങൾക്കും ഗുണവും ദോഷവും ഉണ്ട്. മൂർച്ചയുള്ള കത്തി ഉപയോഗിച്ച് പച്ചക്കറി അരിയുന്നതും പഴം മുറിക്കുന്നതും അതിന്റെ നല്ല വശം. അതേ കത്തികൊണ്ട് അപരനെ കുത്തിക്കൊല്ലുന്നത് അതിന്റെ ദോഷവശം. അതിനാൽത്തന്നെ നവമാധ്യമങ്ങൾ ഉപയോഗിക്കുന്നവർ വളരെ ശ്രദ്ധിക്കുകയും ജാഗ്രത കാണിക്കുകയും ചെയ്യേണ്ടതാണ്. ഇല്ലായെങ്കിൽ ജീവിതത്തിന്റെ സമസ്തമേഖലകളെയും അത് ദോഷമായി ബാധിക്കും. അതുകൊണ്ട് ഓരോ വ്യക്തികളും, നവമാധ്യമങ്ങൾ ഉപയോഗിക്കുമ്പോൾ എത്രസമയം, ഏതുവിധം, കാണുന്നതെന്ത്, എത്രതുകയ്ക്ക് എന്നീകാര്യങ്ങളിൽ ഒരു ധാരണ ഉണ്ടാക്കുകയും അത് നടപ്പിലാക്കുകയും വേണം. മുതിർന്നവരും മാതാപിതാക്കളും നവമാധ്യമങ്ങൾ ഉപയോഗിക്കുന്ന കാര്യത്തിൽ മിതത്വം പാലിച്ചു കൊണ്ട് കുട്ടികൾക്കും യൗവനക്കാർക്കും മാതൃക ആകേണ്ടതാണ്. അങ്ങനെ നല്ല ഒരു മാധ്യമ സംസ്കാരം നമുക്ക് രൂപപ്പെടുത്തിയെടുക്കാൻ ഉത്സാഹിക്കാം.

# ക്രിസ്തുവിന്റെ ഉയർത്തെഴുന്നേൽപ്പിന്റെ മാഹാത്മ്യം

കാലിത്തൊഴുത്തിൽ പിറന്ന ഉണ്ണിയേശുവിന്റെയും മുൾക്കിരീടം ചൂടി ക്രൂശിക്കപ്പെട്ട ക്രിസ്തുവിന്റെയും പ്രതിബിംബങ്ങൾ മനുഷ്യഹൃദയങ്ങളിൽ ചിരപ്രതിഷ്ഠ നേടിയതുപോലെ ഉത്ഥാനം ചെയ്ത ക്രിസ്തുവിന്റെ 'ഇമേജറി' മനുഷ്യമനസ്സുകളിൽ ഇടം പിടിച്ചിട്ടില്ല എന്നകാര്യം യാഥാർത്ഥ്യമാണ്. ഈസ്റ്റർ, അനുഷ്ഠാനങ്ങളിലും ആചരണങ്ങളിലും ഒതുക്കി നിർത്തുന്നത് വഴി ഉയിർത്തെഴുന്നേൽപ്പിന്റെ യഥാർഥ സന്ദേശം അവഗണിക്കപ്പെടുന്നു! യേശുക്രിസ്തുവിന്റെ ഉയിർത്തെഴുനേൽപ്പിന് ചരിത്രം സാക്ഷിയാണെങ്കിലും അവിടുത്തെ പുനരുത്ഥാനത്തിനു ഹൃദയംകൊണ്ട് സാക്ഷിയാവാൻ ക്രൈസ്തവരായ പലർക്കും കഴിയാതെ പോകുന്നു എന്നത് ദു:ഖസത്യമാണ്.

'ക്രിസ്തു ഉയിർത്തേഴുന്നേറ്റിട്ടില്ല എങ്കിൽ ഞങ്ങളുടെ പ്രസംഗം വ്യർത്ഥം. നിങ്ങളുടെ വിശ്വാസവും വ്യർത്ഥം' എന്ന അപ്പോസ്തോലനായ പൗലോസിന്റെ കൊരിന്തിലെ വിശ്വാസികളോടുള്ള വാക്കുകളിൽ ഉയിർത്തെഴുന്നേൽപ്പിന്റെ നിത്യമാഹാത്മ്യം ദർശിക്കാം. അതെ, യേശുക്രിസ്തുവിന്റെ ഉയിർത്തെഴുന്നേൽപ്പും വിശ്വാസിയുടെ പുനരുത്ഥാനവും തമ്മിൽ അഭേദ്യമായി ബന്ധപ്പെട്ടിരിക്കുന്നു എന്നും പൗലോസ് സുവ്യക്തമാക്കി. ക്രൂശിക്കപ്പെട്ട ക്രിസ്തുവും ഉയിർത്തെഴുന്നേറ്റ കർത്താവും ക്രിസ്തീയ ദൈവശാസ്ത്ര ചിന്തയുടെ അടിസ്ഥാനമാണ്. പാലസ്തീനിലെ തുറന്ന കല്ലറ നൽകുന്ന പ്രധാന സന്ദേശം എന്താണ്?

യേശുക്രിസ്തുവിന്റെ പുനരുത്ഥാനം വഴി ക്രിസ്തുവിൽ മരിച്ച ഭക്തരുടെ ശരീരം മരണാനന്തരം ജീവൻ പ്രാപിച്ച് പുനരുത്ഥാനം ചെയ്യുന്ന മഹത്തായ സന്ദേശമാണ് ഏറ്റവും പ്രധാനപ്പെട്ടത്. കർത്താവായ യേശുവിനെ ഉയിർപ്പിച്ച ദൈവം യേശുവിനോടു കൂടി ഞങ്ങളെയും ഉയിർപ്പിക്കുമെന്നുള്ള പൗലോസിന്റെ ഉറപ്പ് (2 കൊരിന്ത്യർ 4:14) ക്രിസ്തുവിശ്വാസികളുടെ എല്ലാക്കാലത്തെയും പ്രതീക്ഷയും പ്രത്യാശയും ആണ്. പ്രസംഗം മാത്രമല്ല ജീവിതവും ക്രിസ്തുവിന്റെ പുനരുത്ഥാനവുമായി പൗലോസ് ബന്ധിപ്പിക്കുന്നതും ഉയിർപ്പിന്റെ മാഹാത്മ്യമാണ്. ഒപ്പം പ്രേക്ഷിതദൗത്യവും ഉത്ഥാനം ചെയ്ത ക്രിസ്തുവിന്റെ അധികാരത്തിൽ നിർവഹിക്കപ്പെടുന്നു.

യേശുവിന്റെ ഉയിർപ്പ് വഴിയാണ് അവിടുന്ന് സഭയുടെ നാഥനും മുഴുലോകത്തിന്റെയും അധീശനും, വരുവാനുള്ള ലോകത്തിന്റെയും കൂടി അധിപനും ആകുന്നത്. അങ്ങനെ എല്ലാ നാമത്തിലും മേലായ യേശുവിന്റെ നാമത്തിൽ ആണ് രക്ഷയും സൗഖ്യവും പൈശാചിക ശക്തികളുടെ മേലുള്ള ജയോത്സവവും നിറവേറുക. യേശുവിന്റെ ഉയിർത്തെഴുന്നേൽപ്പിന്റെ ഏറ്റവും സവിശേഷത പരിശുദ്ധാത്മാവ് വീണ്ടും ജനിച്ച ഓരോ വ്യക്തികളിലും അധിവസിച്ച് അവനെ ക്രിസ്താനുരൂപതയിലേക്കു ഒരുക്കുകയെന്നതാണ്.

ആയതുപോലെ, ക്രിസ്തുവിന്റെ ഉത്ഥാനശേഷമാണ് പുനരുത്ഥാനശക്തിയാൽ അപ്പൊസ്തലന്മാരും ശിഷ്യഗണവും അവിടുത്തെ മഹിമ കണ്ട സാക്ഷികളായി, ലോകത്തെ കീഴ്മേൽ മറിക്കുന്നവരായി, രൂപാന്തരപ്പെട്ടത്. എന്നാൽ ഇന്നത്തെ ക്രൈസ്തവസഭ നേരിടുന്ന ഏറ്റവും വലിയ പ്രതിസന്ധി പുനരുത്ഥാന ശക്തി അനുഭവിക്കുന്ന മഹിമ കണ്ട സാക്ഷികൾ വിരളമാണ് എന്നുള്ളതാണ്. അതെ, ഓരോരുത്തരുടെയും ജീവിതം ഉയിർത്തെഴുന്നേറ്റ കർത്താവുമായി സജീവമായി ബന്ധപ്പെടേണ്ടതാണ്.

–എംസി


*Bank Account Details:*

Righteous Path Publication Trust
A/c No. 0315053000011215
IFS Code: SIBL 0000315

SOUTH INDIAN Bank
KANJIKUZHY - KOTTAYAM

QR കോഡ് സ്കാൻ ചെയ്തു
Google Pay / PhonePe ചെയ്യാവുന്നതാണ്.

വാർഷിക വരിസംഖ്യ 200 രൂപ

നേർവീഥി
നിത്യതയ്ക്കൊരു വഴികാട്ടി

നിത്യതയുടെ വഴികാട്ടിയും മോക്ഷയാത്രയിലെ ഉത്തമ സുഹൃത്തുമായ നേർവീഥി നിങ്ങളുടെ സ്നേഹിതർക്കും നേർവഴി കാട്ടട്ടെ...

*അക്കൗണ്ടിൽ പണമടയ്ക്കുന്നവർ പേരുവിവരം ഓഫീസിൽ അറിയിക്കുമല്ലോ. മാസിക യഥോചിതം അയക്കുവാനും കണക്കുകൾ കൃത്യമായി സൂക്ഷിക്കുവാനും അത് സഹായകമാകും.*

RNI No. KERMAL/2012/46138
Date of Publishing 10.05.2022

NERVEEDHI - MAY 2022
Annual Subscription ₹ 200.00
(Per copy ₹ 20.00)


# ആർ.പി പബ്ലിക്കേഷൻസിൽനിന്നും ചില ഉത്തമ ഗ്രന്ഥങ്ങൾ




കൂടുതൽ വിവരങ്ങൾക്ക് :
Mob: 9495435336, 8547916678


Address for Communication :

NERVEEDHI,
Righteous Path Publication Trust
Mackal Building,
Oravakal, Amayannoor (P.O),
Kottayam, Kerala - 686019
Mob: 9495435336, 8547916678
www.nerveedhi.com

Edited by P.V Varghese, Printed and Published by M.T James on behalf of the Righteous Path Publication Trust and printed at Penta Offset Press, Kottayam, Kerala - 686002 and published at Mackal Building, Amayannoor P.O, Kottayam,Kerala -686019.